# കവിതയുടെ
# നവീന ചാലുകൾ

(Malayalam)
**KAVITHAYUDE NAVEENA CHALUKAL**

**Dr. Bennichen Scaria**
**Dr. Sonia Jose**

**First Published**
December 2021

**Cover Design & Type setting**
Divya Mathew
Price : Rs.150/-
No part of this publication may be reproduced or transmitted in any form or by any means without prior written permission of the publisher

ISBN: 978-81-956498-91 (Print)
ISBN: 978-81-956498-39 (E Book)

**Publishers**
For Pavanatma College

ABPL Publications
www.abplpublications.co.in.

# കവിതയുടെ നവീന ചാലുകൾ

**ഡോ. ബെന്നിച്ചൻ സ്കറിയ**

**ഡോ. സോണിയ ജോസ്**

പാവനാത്മാ കോളേജിനു വേണ്ടി

എ.ബി.പി.എൽ. പബ്ലിക്കേഷൻസ്

വില: 150/-

# മുഖവുര

സാങ്കേതികവിദ്യയുടെ വളർച്ച സാമ്പത്തിക സ്ഥിതിയിലുണ്ടായ പരിവർത്തനങ്ങൾ തുടങ്ങിയവ സമകാലീന യുഗത്തിൽ ജനജീവിതത്തെ വളരെ അധികം സാധീനിച്ചു. പട്ടിണിയും ദാരിദ്ര്യവും തൊഴിലില്ലായ്മയും ജാതീയമായ ഉച്ചനീചത്വങ്ങളും അനുഭവിച്ച തലമുറയിൽ നിന്നും തികച്ചും ഭിന്നമാണ് സുഖഭോഗങ്ങളുടെയും സാങ്കേതിക വിദ്യയുടെയും നടുവിൽ കഴിയുന്ന പുതുതലമുറ. ഇത്തരം മാറ്റങ്ങൾ ഉത്താരാധുനിക സാഹിത്യം വ്യക്തമായി പ്രതിഫലിപ്പിക്കുന്നുണ്ട്. പ്രത്യേകിച്ച് കവിത. സാങ്കേതികമായ അതിവേഗം മാത്രമല്ല പ്രത്യയശാസ്ത്രപരമായ അനിശ്ചിതത്വവും അവ വ്യക്തമാക്കുന്നു. രൂപപരമായും ഭാവപരമായും ആവിഷ്ക്കരണപരമായും സ്ഫോടനാത്മക്മായാണ് അവ പ്രത്യക്ഷപ്പെടുന്നത്.

അർഥത്തിന്റെ ആഴത്തേക്കാൾ ഉപരിതലബിംബങ്ങൾക്കുള്ള പ്രാധാന്യം, ക്ഷണഭംഗുരത്വത്തിന്റെ ആഘോഷം, ആധികാരികമായ ഏക ശൈലിക്കു പകരം വ്യത്യസ്തമായ ശൈലികളും പരസ്പരബന്ധമില്ലാത്ത വസ്തുതകളും മൊണ്ടാഷും ഉപയോഗിക്കൽ, ഒരു ആശയത്തിന്റെ ആവിഷ്കാരത്തിൽ തന്നെ മുറുകെപ്പിടിക്കാതിരിക്കൽ, സ്വരബഹുലതയും തുടർച്ചാരാഹിത്യവും എന്നിങ്ങനെ പി.കെ.രാജശേഖരൻ ഉത്തരാധുനികതയുടെ സ്വഭാവങ്ങളുമായി പറഞ്ഞുവച്ചിരിക്കുന്നവ അക്ഷരാർത്ഥത്തിൽ കവിതകൾ ശരിവയ്ക്കുന്നു. ഓരോ കവിതകളും വ്യത്യസ്തമാകാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ കവിതകൾ ഇന്ന് സൈബർ ലോകത്തിലൂടെയാണ് വളർന്നുകൊണ്ടിരിക്കുന്നതും.

സമകാലീന മലയാള കവിതയ്ക്ക് കറുപ്പിന്റെയും പെണ്ണിന്റെയും ആഖ്യാനരൂപത്തെ പിൻപറ്റാതെ മുന്നോട്ട് പോകാൻ സാധിക്കില്ല. കൂടാതെ മിശ്രരചന, ഹാസ്യാനുകരണം, വിരുദ്ധോക്തി, ശിഥിലനം എന്നിങ്ങനെ പലതരം പ്രവണതകളിലൂടെ കവിത മുന്നോട്ട് പൊയ്ക്കോണ്ടിരിക്കുന്നു.

എന്നാൽ കറുപ്പിന്റെയും പെണ്ണിന്റെയും സ്വരം മുൻപ് കേട്ടിട്ടില്ലാത്തവിധം വേറിട്ടാണ് കവിതകളിൽ പ്രത്യക്ഷപ്പെടുന്നത്. ആഹ്വാനങ്ങളിൽ നിന്നും പ്രത്യക്ഷങ്ങളിൽനിന്നും നിലവിളികളിൽനിന്നും വിട്ടുമാറിയ പുതു ദളിത് കവിതയും പെൺകവിതയും തനതായ ആശയലോകവും ആഖ്യാനസന്ദർഭങ്ങളും കണ്ടെത്തിയിരുന്നു. പടിക്കു പുറത്തുനിറുത്തിയവരുടെ ഭാഷയും അനുഭവങ്ങളും കൂട്ടത്തോടെ പടികടന്നെത്തി പരമ്പരാഗതമായ ചിലതിനെയൊക്കെ അട്ടിമറിച്ചു കഴിഞ്ഞിരിക്കുന്നു. നൂറ്റാണ്ടുകളായി അടക്കിവെച്ചത് പുറത്തുവന്നതിന്റെ ഉഗ്രസ്ഫോടനശക്തിയവർ പേറുന്നുണ്ട്. രൂപത്തിൽ ബൃഹത് ആഖ്യാനങ്ങളിൽ നിന്നും കവിതകൾ ലഘുത്വത്തിലേക്ക് കടന്നുവന്നു. അലങ്കാര ചമത്ക്കാരങ്ങളില്ലാതെ വളച്ചുകെട്ടലുകളില്ലാതെ കാര്യങ്ങൾ നേരിട്ട് അവതരിപ്പിക്കുന്നു. കാവ്യപരമായും ഭാഷയിലും പുതുമകൾ കടന്നുവരുന്നു. എല്ലാത്തരം കാവ്യനിയമങ്ങളേയും സിദ്ധാന്തങ്ങളെയും കാറ്റിൽപറത്തിയും നിരാകരിച്ചുമാണവയുടെ പ്രയാണം.

ബഹുസ്വരമായ സമകാല കാവ്യഭൂമികയിലെ സാന്നിധ്യവുമായ എം.ആർ. രേണുകുമാറിന്റെ ലേഖനവും എസ്.ജോസഫ്, സോമൻ കടലൂർ ആശോകൻ മറയൂർ, പി.പി.രാമചന്ദ്രൻ, കവിതാ ബാലകൃഷ്ണൻ, എം.ബി മനോജ് തുടങ്ങിയവരുടെ കവിതകളെക്കുറിച്ചുള്ള പഠനങ്ങളും ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സമകാല കവിതയെക്കുറിച്ച് കൂടുതൽ ആഴത്തിലറിയാൻ ശ്രമിക്കുന്നവർക്ക് ഈ പുസ്തകം സഹായകമാകുമെന്നതിൽ സംശയമില്ല.

**ഡോ. ബെന്നിച്ചൻ സ്കറിയ**
**ഡോ. സോണിയ ജോസ്**
എഡിറ്റർമാർ

# ഉള്ളടക്കം


1 ചിട്ടവട്ടങ്ങളും ചട്ടക്കൂടുകളും മറികടക്കുന്ന കവിത
*എം.ആർ.രേണുകുമാർ* **9**

2. സമകാലിക കവിതകളുടെ സൂക്ഷ്മദർശിനികൾ
*ഡോ.എം.എസ്.നസീറ* **15**

3. ജോസഫ് കവിത അടയാളപ്പെടുത്തുന്ന കാലവും കാലികരും
*മിഥുൻ കെ.മണി* *23*

4. തൊണ്ടയിൽ കുരുങ്ങുന്ന കവിതകൾ
*ജോബി ജേക്കബ്* **35**

5. ഗോത്രകവിത : ഭാഷ, സംസ്ക്കാരം, പ്രതിരോധം

(അശോകൻ മറയൂരിന്റെ കവിതകളിൽ)
*രമ്യാമോൾ ജി.* *46*

6. ഉത്തരാധുനിക കവിതയിലെ പരിസ്ഥിതി സമവാക്യങ്ങൾ
പി.പി.രാമചന്ദ്രന്റെ തിരഞ്ഞെടുത്ത കവിതകളിൽ
*സിബിൾ സണ്ണി* *52*

7. ഭാഷയും പ്രതിരോധവും ആദിവാസി കവിതകളിൽ
*രേഷ്മ രാജൻ* *59*

8. പാരിസ്ഥിതികദർശനം ഗോത്രകവിതകളിൽ
(പി.ശിവലിംഗൻ, സുകുമാരൻ ചാലിഗദ്ധ എന്നിവരുടെ
കവിതകളെ ആസ്പദമാക്കിയുള്ള പഠനം)
*ഷൈനി എം.* *66*

9. കീഴാളപ്പെണ്ണിടങ്ങളുടെ സ്വത്വനിർണ്ണയം
തിരഞ്ഞെടുത്ത സമകാലിക പെൺകവിതകളിൽ
*വിഷ്ണു പി.എ.* *79*

10. വാണിജ്യവൽക്കരണം ഇ.പി.ശ്രീകുമാറിന്റെ
കഥകളിൽ - ഒരു സാംസ്കാരിക വിശകലനം
*സിദ്ധി അജയ്* *89*

*11.* പുതുപെൺകവിത; സ്വത്വനിർമ്മിതിയുടെ രാഷ്ട്രീയം

*ശ്രീജയ. സി.എം.* *99*

12. അനിൽ പനച്ചൂരാൻ കവിതകളിലെ ജീവനാംശങ്ങൾ
തേടിയുള്ള യാത്ര
*അഞ്ജന ജോസഫ്* *108*

13. കറുപ്പിന്റെ സൗന്ദര്യദർശനം എം.ബി. മനോജിന്റെ കവിതകളിൽ
*ഡോ.സോണിയ ജോസ്* *114*

# ചിട്ടവട്ടങ്ങളും ചട്ടക്കൂടുകളും മറികടക്കുന്ന കവിത

എം.ആർ.രേണുകുമാർ

ചിട്ടവട്ടങ്ങളും ചട്ടക്കൂടുകളും മറികടക്കുന്ന കവിത എന്ന വിഷയത്തിൽ അഭിപ്രായം രേഖപ്പെടുത്തുമ്പോൾ, ഒരു കവി എന്ന നിലയ്ക്ക് എന്റെ അനുഭവങ്ങളുടെയും സാമൂഹിക രാഷ്ട്രീയ പരിസരങ്ങളുടെയും അടിസ്ഥാനത്തിൽ എന്റെ മനസ്സിലേക്ക് കടന്നുവരുന്ന വിഷയങ്ങളാണിവിടെ അവതരിപ്പിക്കുന്നത്. സാമൂഹികമായും അല്ലാതെയുമുള്ള പല കാരണങ്ങളാൽ ഒരു കലാകാരൻ അല്ലെങ്കിൽ ഒരു കവി എന്ന നിലയ്ക്ക് നമ്മുടെ ഉള്ളിലെ ചിന്തകൾ അതുപോലെ പ്രകടിപ്പിക്കാൻ സാധിക്കാത്ത ആളായാണ് എല്ലാവരേയുംപോലെ ഞാനും സഞ്ചരിക്കുന്നത്. ചിട്ടവട്ടങ്ങളും ചട്ടക്കൂടുകളും മറികടക്കുന്ന കവിത എന്ന വിഷയം വളരെ ശ്രദ്ധേയമാണ്. വളരെ ഗ്രാമ്യമായ ഭാഷയിൽ സാധാരണ ജീവിതത്തിൽ ഉപയോഗിക്കുന്ന വാക്കുകളാണ് ചിട്ടവട്ടങ്ങൾ ചട്ടക്കൂടുകൾ തുടങ്ങിയവ. കവിതയുടെ വൃത്തം,സാമ്പ്രദായിക അലങ്കാരം, ഉപമ തുടങ്ങിയവ ഉപേക്ഷിച്ച് സാഹിത്യേതരമായി പോകുന്ന സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ അംശങ്ങളും ഈ നാടൻ മൊഴിവഴക്കത്തിലുണ്ട്. ചിട്ടവട്ടങ്ങൾ എന്ന വാക്ക് പെട്ടെന്ന് നിർവ്വചിക്കാനാവില്ല. ഓരോ വ്യക്തിയിലും കുടുംബത്തിലും മതത്തിലുമൊക്കെ അതിന്റെ ചിട്ടവട്ടങ്ങൾ മാറിപ്പോകുന്നുണ്ട്. ഇതിലേതെങ്കിലുമൊരു സംവിധാനത്തിലായിരിക്കുമ്പോൾ വൈവിധ്യമുള്ള ചട്ടക്കൂടിനുള്ളിലാണ് ചിട്ടവട്ടങ്ങൾ നടത്തപ്പെടുന്നത്. ഈ ചിട്ടവട്ടങ്ങൾക്കും ചട്ടക്കൂടിനും പുറത്തേക്ക് പോകുമ്പോൾ വലിയ പ്രശ്നമുണ്ടാകുന്നു. പലപ്പോഴും രാജ്യദ്രോഹികളും കുറ്റവാളികളുമായി അവർ മാറുന്നു.

വ്യക്തിബന്ധങ്ങളിൽ നിന്നും സൗഹൃദത്തിൽ നിന്നും കുടുംബത്തിൽ നിന്നും മതത്തിൽ നിന്നുപോലും ചിട്ടവട്ടങ്ങൾ ലംഘിച്ചാൽ പുറത്തുപോയേക്കാം. ഇത്തരം പ്രവണതയെ അനുകൂലിക്കുന്ന സാമുദായിക, രാഷ്ട്രീയ, സാമൂഹിക പരിസരത്തിലാണ് നമ്മൾ ഇപ്പോൾ ജീവിക്കുന്നത്. സമകാലീന കേരളത്തിലെ ഇത്തരം യാഥാർത്ഥ്യങ്ങളെ അറിഞ്ഞുകൊണ്ടു മാത്രമേ കലയിലും കവിതയിലുമൊക്കെ ഇടപെടാൻ കഴിയൂ.

കലാകാരന്റെ അല്ലെങ്കിൽ കലാകാരിയുടെ ആവിഷ്ക്കാരം ചിട്ടവട്ടങ്ങൾ, ചട്ടക്കൂടുകൾ എന്നീ വാക്കുകളിൽ നിന്നുകൊണ്ട് നിർവചിക്കാനാവും. സാമ്പ്രദായികമായ ചിട്ടവട്ടങ്ങളെ നിരസിക്കുമ്പോഴോ ചട്ടക്കൂടുകളെ ചോദ്യം ചെയ്യുകയോ ചെയ്യുമ്പോഴാണ് പലതരത്തിലുമുള്ള നഷ്ടങ്ങൾക്കും പുറത്താക്കലുകൾക്കും ആളുകൾ വിധേയരാകുന്നത്. കേവലം സൗഹൃദത്വത്തിൽനിന്നു മുതൽ രാജ്യത്തിൽ നിന്നും പൗരത്വത്തിൽ നിന്നുംവരെ പുറത്താക്കപ്പെടാനുള്ള സാഹചര്യമാണ് നമ്മുടെ നാട്ടിലുള്ളത്. അതിന്റെ ലക്ഷണങ്ങളുള്ള സമകാലിക സാംസ്കാരിക രാഷ്ട്രീയ പരിസരത്തിലാണ് നാമിന്ന് ജീവിക്കുന്നത്. ജാതിയുടെയോ മതത്തിന്റെയോ നിറത്തിന്റെയോ ലിംഗത്തിന്റെയോ ഒക്കെ ചട്ടക്കൂടിനകത്താണ് ചിട്ടവട്ടങ്ങൾ ഉൾക്കൊള്ളുന്നത്. ഇത്തരത്തിലുള്ള യാഥാർത്ഥ്യങ്ങളെ കൃത്യമായി അറിഞ്ഞും പരിചരിച്ചും മാത്രമേ നമുക്ക് കലയിലായാലും കവിതയിലായാലും സിനിമയിലായാലും ഇടപെടാൻ പറ്റുകയുള്ളു. കാരണം കല എന്നു പറയുന്നത് കലാകാരന്റെ അല്ലെങ്കിൽ കലാകാരിയുടെ ആവിഷ്ക്കാരമാണ്. ആവിഷ്ക്കാരമെന്നത് സ്വാഭാവികമായും ചിട്ടവട്ടങ്ങൾ ചട്ടക്കൂടുകൾ എന്നീ വാക്കുകൾ വെച്ച് വിശദീകരിക്കാനാവും. ചിട്ടവട്ടങ്ങളുടെ സാമ്പ്രദായികമായ, നിയതമായ പരിധിക്കപ്പുറത്തേക്ക് എഴുന്നുനിൽക്കുകയോ അതിനെ മറികടക്കുകയോ അല്ലെങ്കിൽ അതിനെതിരെ ചിന്തിക്കുകയോ അതിനുള്ളിലടങ്ങിയിട്ടുള്ള ജാതീയവും വംശീയവുമായ വിധ്വംസകതകളെ ചോദ്യം ചെയ്യുകയോ അതിനോട് പ്രതികരിക്കുകയോ ചെയ്യുമ്പോഴാണ് പലപ്പോഴും ആളുകൾ

പലതരത്തിലുള്ള നഷ്ടങ്ങൾക്കും പുറത്താക്കലുകൾക്കും വിധേയരാകുന്നത്. ഇതിൽ ഏതെങ്കിലും തലം ഓരോരുത്തരും അനുഭവിച്ചിട്ടുമുണ്ടാകാം. ഒരു സുഹൃത്ത് നമുക്ക് നഷ്ടപ്പെടുന്നത് പലപ്പോഴും അയാളെക്കുറിച്ച് മോശമായി പറഞ്ഞിട്ടാവില്ല. പകരം അയാളിൽ നിന്നും സാമൂഹിവും രാഷ്ട്രീയവുമായി വിഭിന്ന കാഴ്ചപ്പാടുകൾ പുലർത്തുന്നതുകൊണ്ടാവാം മുഖ്യവും പ്രബലവുമായ ഒരു രാഷ്ട്രീയത്തിന് പുറത്തേക്ക് നമ്മുടെ ചിന്തകളും അഭിപ്രായങ്ങളും പോകുമ്പോൾ ആ സംവിധാനത്തിനകത്തുതന്നെ നമ്മൾ കുറ്റവാളികളാക്കപ്പെടുകയോ പ്രതികളാക്കപ്പെടുകയോ പുറത്താക്കപ്പെടുകയോ ചെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുന്നു. അതുകൊണ്ടാണ് പലപ്പോഴും കവിതകളുടെ പേരിൽ കവികൾ ചോദ്യം ചെയ്യപ്പെടുന്നത്. അടുത്തകാലത്ത് കെ.റെയിലുമായി ബന്ധപ്പെട്ട് തന്റെ ഒരു നിരീക്ഷണം കാവ്യാത്മകമായി അവതരിപ്പിച്ച പ്രമുഖ കവിയും സിനിമാ ഗാനരചയിതാവുമായ റഫീക്ക് അഹമ്മദിനുനേരെ നടക്കുന്ന പലതരത്തിലുള്ള, സാമാന്യമല്ലാത്ത പ്രതിപക്ഷ ബഹുമാനമില്ലാത്ത കയ്പേറ്റ സ്വഭാവമുള്ള ചില കമന്റുകൾ കാണാനിടയായി. ജനാധിപത്യവും നീതിയും തുല്യതയുമൊക്കെ പ്രതീക്ഷിക്കുന്ന, ഉണ്ട് എന്ന് വിചാരിക്കുന്ന ഒരു ജനാധിപത്യരാജ്യത്തിന്റെ ലക്ഷണങ്ങൾക്ക് യോജിക്കാത്തതാണിത്. ഒരു രാജ്യത്തിലെ ബഹുജനങ്ങൾ മുഴുവൻ ഇതിൽ ഉൾപ്പെടുന്നു എന്നു പറയാനാവില്ല. മറിച്ച് വളരെ പ്രബലമായിട്ടുള്ള, സ്വാധീനമുള്ള, സാമ്പത്തികവും സാമൂഹികവും സാംസ്കാരികമായും പ്രബലമായി ഒരു രാജ്യത്തിന്റേയോ സമൂഹത്തിന്റേയോ അല്ലെങ്കിൽ ഏതെങ്കിലും ഒരു മതത്തിന്റേയോ ഒക്കെ കയ്യാളന്മാരായിരിക്കുന്നവർക്ക് വിരുദ്ധമായി ഒരു ജനാധിപത്യപരമായ അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യമില്ല എന്ന വസ്തുതയാണ് ഇവിടെ തെളിയിക്കപ്പെടുന്നത്. ശബരിമലയിൽ സ്ത്രീകളുടെ പ്രവേശനവുമായി ബന്ധപ്പെട്ട് ബിന്ദു അമ്മിണി എന്ന സ്ത്രീയുടെമേൽ അവരുടെ സ്വകാര്യവും ജനാധിപത്യപരവുമായ ജീവിതത്തിനുമേൽ, അവരുടെ അഭിപ്രായത്തോട് അസഹിഷ്ണുത പുലർത്തിക്കൊണ്ട് ക്രൂരമായി പ്രതികരിച്ചു എന്നത്

ഉദാഹരണമാണ്. ഇതെല്ലാം സംഭവിക്കുന്നത് പലപ്പോഴും വളരെ സ്വീകാര്യമായ ചിട്ടവട്ടങ്ങൾക്കപ്പുറത്ത് പുതിയൊരവബോധത്തിന്റെയോ ജനാധിപത്യത്തിന്റേയോ സാമൂഹിക രാഷ്ട്രീയ കാഴ്ചപ്പാടുകൾക്കപ്പുറത്തെയോ ഒരു കാര്യം നമ്മുടെ രാഷ്ട്രീയ അഭിപ്രായത്തിന്റെയോ കവിതയുടെയോ കഥയുടെയോ നാടകത്തിന്റെയോ നോവലിന്റെയോ ഭാഗമായിട്ട് അവതരിപ്പിക്കുമ്പോഴാണ്. എസ്. ഹരീഷിന്റെ 'മീശ' എന്ന നോവൽ ഇറങ്ങിയതിനുശേഷം നേരിടേണ്ടിവന്ന പലതരം പ്രശ്നങ്ങൾ, ഒരു കാർട്ടൂൺ വരച്ചതിന്റെ പേരിൽ കൊല്ലപ്പെട്ടിട്ടുള്ള കലാകാരന്മാർ തുടങ്ങിയവയെല്ലാം നമുക്ക് മുന്നിലെ ഉദാഹരണങ്ങളാണ്. കലയുമായി ബന്ധപ്പെട്ടു മാത്രമല്ല ഇത്തരം പ്രവണത കാണാനാവുന്നത്. ഇന്ത്യപോലുള്ള രാജ്യത്തിന്റെ ബഹുസ്വരതയെ ഉൾക്കൊള്ളാനാവാതെ, ഏതെങ്കിലും തരത്തിലുള്ള മൃഗീയഭൂരിപക്ഷവുമായി നിൽക്കുന്ന പാർട്ടി അവരുടെ അജണ്ടയ്ക്ക് പുറത്തുപോകുന്നവരെ ഉപദ്രവിക്കാനുള്ള പ്രവണത കാണിക്കുന്നത് ഇന്ന് വളരെ കൂടുതലാണ്. ഏതൊരുതരം കലാകാരനും കലാകാരിക്കും ഏതു നിമിഷവും താനറിഞ്ഞോ അറിയാതെയോ തന്റെ ആവിഷ്ക്കാര സ്വാതന്ത്ര്യം സ്വതന്ത്രമായി നിർവ്വഹിക്കാൻ പറ്റാത്ത തരത്തിലുള്ള ഒരു സാമൂഹിക രാഷ്ട്രീയ സാഹചര്യമാണ് ഇത്തരത്തിൽ ഇവിടെ നിലനിൽക്കുന്നത്. ഇതെല്ലാക്കാലത്തും ഉണ്ടായിരുന്നു. പക്ഷെ നമ്മളൊക്കെ വിചാരിച്ചിരുന്നത് ലോകം, സമൂഹം മുന്നോട്ടു പോകുമ്പോൾ ഇത്തരത്തിലുള്ള പ്രവണതകളെ നമ്മൾ മറികടക്കും എന്നാണ്. എന്നാൽ ആധുനികതയുടെ കാലത്തുണ്ടായിരുന്ന ആവിഷ്ക്കാര സ്വാതന്ത്ര്യംപോലും ഇന്നുണ്ടോ എന്ന് സംശയമാണ്. പോസ്റ്റ് മോഡേണിറ്റിയുടെ കാലമായപ്പോൾ, ബഹുസ്വരമായ പല വിഷയങ്ങളും അതായത് ലിംഗ ലൈംഗിക ന്യൂനപക്ഷങ്ങൾ, മതന്യൂനപക്ഷങ്ങൾ ഇവർക്കൊക്കെ കുറച്ചുകൂടി ജനാധിപത്യപരമായ അവകാശങ്ങൾ ലഭിക്കുമെന്നും അവരുടെ അവകാശങ്ങളെ അടയാളപ്പെടുത്താൻ കഴിയുംവിധം നമ്മുടെ സമൂഹം വികാസം പ്രാപിക്കുമെന്നും വിചാരിച്ചു. പക്ഷേ പലപ്പോഴും അങ്ങനെയുണ്ടായില്ല. അവർക്കവരുടെ ശബ്ദം കേൾക്കാനായിട്ട് ഒരുപാട്

ജീവിതം കൊടുക്കേണ്ടി വന്നു. ഒരുപാട് പ്രവർത്തിക്കേണ്ടിവന്നു. ഇത്തരത്തിലുള്ള സംവാദാത്മകമായ മണ്ഡലം സമൂഹത്തിൽ ഉരുത്തിരിയുന്നുണ്ടെങ്കിലും പലപ്പോഴും പല തരത്തിലുള്ള പ്രശ്നങ്ങളെ അവർ നേരിടേണ്ടി വന്നു. ഇത് കലയിലും സാഹിത്യത്തിലും കവിതയിലുമൊക്കെ വളരെ സജീവമാണ്. നമ്മുടെ സാംസ്കാരിക സാമൂഹിക ജീവിതത്തിലും കലയുടെ അല്ലെങ്കിൽ കവിതയുടെ മാത്രം കാര്യം പറഞ്ഞ് ഇതിനെ വിലയിരുത്താനാവില്ല. പരസ്പരബന്ധിതമായ ഒരു കാര്യമാണിത്.

നമ്മുടെ സാഹിത്യ ആവിഷ്ക്കാരങ്ങൾക്കെതിരായിട്ടുള്ള അക്രമണങ്ങളും വിധ്വംസകമായിട്ടുള്ള പ്രവർത്തികളുമൊക്കെ പലപ്പോഴും ഭാഷയുമായി ബന്ധപ്പെട്ടിട്ടാണ് ഉയർന്നുവന്നത്. പലതരത്തിലാണ് മനുഷ്യർ ഭാഷ ഉപയോഗിക്കുന്നത്. പലപ്പോഴും ആക്ഷേപഹാസ്യത്തിന്റെ ഭാഷയുപയോഗിച്ചുകൊണ്ട് ഒരു രാജ്യം നേരിടുന്ന, ഒരു മതം നേരിടുന്ന, ഒരു സമുദായം നേരിടുന്ന പലതരത്തിലുള്ള ജനാധിപത്യവിരുദ്ധമായ മൗലിക അവകാശത്തിനും നീതിബോധത്തിനും സ്വതന്ത്രചിന്തയ്ക്കും വിരുദ്ധമായിട്ടുള്ള പലതും ഭാഷയുപയോഗിച്ചാണ് കൈകാര്യം ചെയ്യുന്നത്. ഭാഷ തന്നെയാണ് വിമോചനത്തിനും അമർച്ചയ്ക്കും വേണ്ടിയുള്ള ഉപകരണമായി പലപ്പോഴും ഉപയോഗിക്കുന്നത്. അമർച്ചചെയ്യാൻ ഭാഷകൂടാതെ മറ്റുവഴികളുമുണ്ട്. പക്ഷേ ഭാഷയ്ക്കകത്തും കലയ്ക്കകത്തും ആവിഷ്ക്കാരത്തിനകത്തും മാത്രമാണ് വിമോചനപരമായ ചിന്തകൾ സമകാലീന ലോകം അടയാളപ്പെടുത്തിയത്. എഴുപതുകളിൽ ഒക്കെയുള്ള വളരെ തീവ്രമായ ഒരു രീതി നമ്മളിന്ന് നഷ്ടപ്പെടുത്തിയിരിക്കുകയാണ്. . യഥാർത്ഥത്തിലുള്ള നീതിചിന്തയും സാമൂഹികബോധവും ജനാധിപത്യ മതബോധന ചിന്തയുമൊക്കെ സിദ്ധിച്ചിട്ടുള്ള, ഏറ്റവും പുതിയ രാഷ്ട്രീയ അവബോധത്തിലേക്ക് മാറിയിട്ടുള്ള വ്യക്തികളും സമൂഹങ്ങളും ജനവിഭാഗങ്ങളുമൊന്നും പലപ്പോഴും പ്രതികരണത്തിന്റെ രീതിയിലേക്ക് പോകാത്ത സമീപനമാണ് ഇന്നുനാം കണ്ടുകൊണ്ടിരിക്കുന്നത്. എന്നാൽ ഭരണകൂടവും അതിന്റെ ഏജൻസികളും പലപ്പോഴും മറിച്ചാണ് കൈകാര്യം

ചെയ്യുന്നത്. മനുഷ്യരുടെ ആവിഷ്ക്കാര സ്വാതന്ത്ര്യത്തെയും നീതിബോധത്തെയുമൊക്കെ ചോദ്യം ചെയ്തുകൊണ്ട് അമർച്ച ചെയ്യുന്ന കൈയ്യേറ്റ പ്രവണതകൾ, ഫാസിസ്റ്റ് പ്രവണതകൾ അവർ പ്രകടിപ്പിക്കുന്നു. സംസ്ഥാനത്തിന്റെ, മതത്തിന്റെ പാർട്ടിയുടെ, രാജ്യത്തിന്റെ ഒക്കെ കാര്യമെടുത്താലും ഇത്തരം പ്രവണതകൾ കാണാനാവും. വളരെ സംഘടിതവും മൃഗീയവുമായി ഉയരുന്ന ശബ്ദങ്ങൾ ഭൂരിപക്ഷത്തിന്റെ പിന്തുണയോടെ നടപ്പിൽവരുന്നു. പുതിയൊരു ലോകത്തെ സൃഷ്ടിക്കാൻ തുനിയുന്നവന് ഇത്തരം പ്രവൃത്തി വലിയ വിഘാതമാണ് സൃഷ്ടിക്കുന്നത്. പലപ്പോഴും കലാകാരന്മാരും സാമൂഹ്യശാസ്ത്രജ്ഞന്മാരും സിനിമാമേഖലയിലുള്ളവരും സാഹിത്യകാരന്മാരുമൊക്കെയാണ് മനുഷ്യരുടെ ഭാവുകത്വത്തെ മാറ്റിയെടുക്കുന്നത്. കൂടുതലും നീതിയിലും ജനാധിപത്യബോധത്തിലും യുക്തിചിന്തയിലും അധിഷ്ഠിതവും മതേതരവും ലിംഗേതരവുമായിട്ടുള്ള ഒരു ലോകത്തെ അഭിമുഖീകരിക്കാനും അതിന്റെ പ്രാധാന്യത്തെ അടയാളപ്പെടുത്താനും കലയും സാഹിത്യവുമാണ് സഹായിക്കുന്നത്. ഇത്തരത്തിലുള്ള ചിന്ത മുൻപോട്ടു വെക്കുന്നതെന്തും കലയുടേയും എഴുത്തിന്റേയും കൃത്യമായി പറഞ്ഞാൽ അത് കവിതയുടെതന്നെയും ഭാഗമാണ്. എന്തായാലും പ്രതീക്ഷ അസ്തമിക്കാറായിട്ടില്ല. ഏതിരുട്ടിലും നമ്മുടെ പ്രശ്നങ്ങളെ മറികടക്കാനുള്ള വെളിച്ചങ്ങൾ, എത്രമേൽ സംഘടിതമായും മൃഗീയമായും ഭൂരിപക്ഷത്തിന്റെ സഹായത്താൽ ഊതിക്കെടുത്തിയാലും അത്തരം വെളിച്ചങ്ങൾ നമ്മുടെ ലോകത്തിലുണ്ടാവും എന്നാണ് ഞാൻ കരുതുന്നത്. ആരെങ്കിലും എവിടെയെങ്കിലും ആ ചെറു തിരിനാളം വീണ്ടും വീണ്ടും കത്തിക്കും. ആ പ്രതീക്ഷ, അതിന്റെ വെളിച്ചം ഏവരുടെയും ഹൃദയത്തിലേക്കും ഞാൻ പകർത്തുന്നു.

# സമകാലിക കവിതകളുടെ സൂക്ഷ്മദർശിനികൾ

ഡോ.എം.എസ്. നസീറ

സമകാലിക കവിതയുടെ ഭാഷയും രാഷ്ട്രീയവും വളരെ സവിശേഷമായി ചർച്ച ചെയ്യപ്പെടേണ്ട ഒന്നാണ്. മലയാള കവിത അതിന്റെ ആവിർഭാവകാലം മുതൽതന്നെ വളരെ ബൃഹത്തായ വലിയ ആഖ്യാനങ്ങളിലൂടെയാണ് കടന്നുപോയത്. കവിതയുടെ സൂക്ഷ്മതയെപ്പറ്റി ചിന്തിക്കുമ്പോൾ ആരംഭം മുതൽ മലയാള കവിതയ്ക്ക് വളരെ വിശാലമായൊരു ലോകത്തെ ആവിഷ്ക്കരിക്കുന്ന സ്വഭാവമുണ്ടായിരുന്നു എന്നത് കണ്ടെത്താനാവും. പുരാണേതിഹാസങ്ങളും പരിഭാഷകളുമൊക്കെയായി കവിത ഉത്ഭവിച്ച കാലത്തുതന്നെ ബൃഹത്തായൊരു ക്യാൻവാസിലാണ് മലയാള കവിത അതിന്റെ ആവിഷ്ക്കാരം സാധ്യമാക്കിയിരുന്നത്. കവിതയുടെ നാൾവഴികൾ പരിശോധിച്ചാൽ പുരാണേതിഹാസങ്ങളെ ഉപജീവിച്ചെഴുതിയതിനു ശേഷം പിന്നീട് സാമൂഹിക വിഷയങ്ങളിലേക്ക് തിരിയാൻ തുടങ്ങിയപ്പോഴും കാല്പനികതയുടേയും ആധുനികതയുടെയും കാലഘട്ടത്തിലുമൊക്കെ വളരെ വിശാലമായ ലോകത്തെയാണ് മലയാള കവിത ആവിഷ്ക്കരിച്ചുകൊണ്ടിരുന്നത്. പുതുകവിതയിലെ വലിയൊരു മാറ്റം എന്നത് ബൃഹദാഖ്യാനങ്ങളിൽ നിന്ന് വളരെ സൂക്ഷ്മവും ചെറുതുമായ ആവിഷ്ക്കാരങ്ങളിലേക്ക് കവിത പ്രവേശിച്ചു എന്നതാണ്. ഏതാണ് പുതുകവിത എന്നൊരു ചോദ്യമിവിടെ പ്രസക്തമാണ്. പുതിയതായിട്ടുള്ള ഒരുപാട് അടരുകളിലൂടെയുമാണ് ആധുനികതയ്ക്ക് ശേഷം മലയാള കവിത

സഞ്ചരിച്ചത്. ആഖ്യാനത്തിന്റെയും ഭാഷയുടെയും ഉള്ളടക്കത്തിന്റെയും നിലപാടുകളുടെയും അവതരിപ്പിക്കുന്ന രാഷ്ട്രീയത്തിന്റെയും കവിതയ്ക്കുള്ളിലെ തന്നെ അതിന്റെ സൗന്ദര്യാത്മകതയുടെയും തലത്തിൽ വലിയ വിഛേദം ആധുനികതയ്ക്ക് ശേഷം സംഭവിച്ചു.

ആധുനികത തന്നെ വലിയൊരു വിഛേദമായിട്ടാണ് മലയാള കവിതയിൽ കടന്നുവന്നത്. സാമൂഹിക വിഷയങ്ങൾ കൈകാര്യം ചെയ്യാൻ തുടങ്ങുന്നു, അല്ലെങ്കിൽ സാമൂഹിക പരിവർത്തനത്തിന്റെ നവോത്ഥാനത്തിന്റെ വലിയ ഉപാധിയായി കവിത വർത്തിക്കുന്നു എന്നൊക്കെയുള്ളത് തൊട്ടുമുൻപുണ്ടായിരുന്ന കാലത്തു നിന്നുമുള്ള വിഛേദമാണ്. എന്നാൽ അതിന് ശേഷമുണ്ടായ വിഛേദം വിവിധ തരത്തിൽ ശകലീകൃതമായിട്ടുള്ള അവസ്ഥകളിലേക്ക് കവിത പരിണമിച്ചു എന്നുള്ളതാണ്. ആഖ്യാനത്തിൽ അന്നുവരെയുണ്ടായിരുന്ന സ്വഭാവത്തിൽ നിന്നും ഭിന്നമായി പൊതു സാമൂഹിക ജീവിയായിരുന്ന കവി വ്യക്തിപരതയിലേക്ക് മാറിയതാണ് ആധുനികതയ്ക്ക് ശേഷമുണ്ടായിട്ടുള്ള പ്രധാനപ്പെട്ട വിഛേദങ്ങളിലൊന്ന്. ആഖ്യാനങ്ങളൊക്കെ വ്യക്തിപരമായിട്ട് പരിണമിച്ച തൊണ്ണൂറുകളിൽ മലയാള കവിതയിലുണ്ടായ മാറ്റങ്ങളുടെ എടുത്തു പറയാവുന്ന പ്രതിനിധി പി. രാമനാണ്. ഒരു വികേന്ദ്രീകൃത സ്വഭാവത്തിലേക്ക് കവിത പരിണമിക്കുന്നതിന്റെ ചിത്രം അദ്ദേഹത്തിന്റെ കവിതകളിൽ കണ്ടെത്താനാവും. കൂടാതെ കെ.ആർ.ടോണി, അൻവർ അലി, പി.പി. രവീന്ദ്രൻ തുടങ്ങിയവരൊക്കെ ആ കാലഘട്ടത്തിന്റെ പ്രത്യേക ഭാവുകത്വത്തെ അടയാളപ്പെടുത്തുന്നു.

പുതുകവിതയുടെ സൗന്ദര്യാത്മക തലങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ ആദ്യം പ്രത്യക്ഷപ്പെടുന്ന സവിശേഷത അതിന്റെ ഭാഷയാണ്. ലതീഷ് മോഹൻ, വിഷ്ണുപ്രസാദ് തുടങ്ങിയവരെല്ലാം കവിതയ്ക്ക് പുതിയ ഭാഷ നൽകുന്നതായി കാണാം. ഒരു സാമൂഹിക വിഷയത്തെ രാഷ്ട്രീയമായി അവതരിപ്പിച്ചുകൊണ്ടിരുന്ന ആധുനികതയിൽ നിന്നും ഭിന്നമായി ആധുനികാനന്തര കവിതപോലും സാമൂഹിക പരിവർത്തനത്തിനുതകുന്ന വിഷയത്തെ വളരെ പ്രത്യക്ഷമായി കൈകാര്യം ചെയ്തിരുന്നു.

ഇതിൽനിന്നെല്ലാം ഭിന്നമായി കവിത മറ്റൊരുതരം സഞ്ചാരം ആരംഭിച്ചു എന്നതാണ് തൊണ്ണൂറുകളിൽ സംഭവിച്ച വലിയ വിച്ഛേദം. ഇതിൽ കവിത മറ്റൊരു ഭാഷയായി മാറുന്നു എന്നതാണ് ഏറ്റവും ശ്രദ്ധേയം. സംവേദനത്തിന് ഉതകുന്ന മറ്റൊരു ഭാഷയായിത്തീർന്ന കവിത ആശയ വിനിമയത്തിനുള്ള ഉപാധി എന്നതുകൂടാതെ ഭാഷയ്ക്ക് കുറേക്കൂടി സൗന്ദര്യാത്മകമായ മറ്റൊരു തലം സൃഷ്ടിക്കപ്പെട്ടു. അത് നേരിട്ട് ആസ്വാദകന് അനുഭവിക്കാൻ കഴിയുന്നതല്ല എന്നുള്ളതും അതിനകത്ത് ആസ്വാദകന്റെ ആന്തരികലോകം പ്രവർത്തിക്കാൻ തുടങ്ങുന്നു എന്നുള്ളതുമാണ് അതിന്റെ സവിശേഷത. ആധുനിക കവിതകൾക്ക് സാമാന്യമായി ഒരു അർത്ഥകല്പന നൽകാനാവുമായിരുന്നു. ആശാൻ, കടമ്മനിട്ട, വൈലോപ്പിള്ളി തുടങ്ങിയവരുടെ കവിതകളൊക്കെ ഇതിനുദാഹരണമാണ്. അതിലോരോന്നിലും പ്രത്യക്ഷാർത്ഥമാണ് കൂടുതലുള്ളത്. എന്നാൽ അക്കാലഘട്ടത്തിനു ശേഷമുള്ള കവിതകളിൽ വായനക്കാരന് അവനവന്റെ ആത്മത്തെ കവിതയിൽ കണ്ടെത്താനാവുമെന്ന അവസ്ഥയാണുള്ളത്. അതായത് വൈയക്തികമായ ഒരു ആഖ്യാനം സാധ്യമാകുന്ന തലത്തിൽ ആരാണോ വ്യാഖ്യാനം ചെയ്യുന്നത് അയാളെഴുതിയതാണെന്നു തോന്നുംവിധത്തിലാണിന്ന് കവിതകൾ. വായിക്കുന്നയാളുടെ ആന്തരികലോകംകൂടി കാണാനാവും എന്നു സാരം. രൂപത്തിൽ ചെറുതാണെങ്കിലും കവിതയുടെ സൗന്ദര്യലോകം വികസിച്ചു വന്നു. ഒരേ കാലഘട്ടത്തിൽ ജീവിക്കുന്നവർക്ക് ഒരേ രാഷ്ട്രീയാനുഭൂതി ഉണ്ടാവാമെങ്കിലും സൗന്ദര്യാനുഭൂതിയുടെ കാര്യത്തിൽ ഇത് സാധ്യമല്ല. വിഭിന്നമായ സൗന്ദര്യാനുഭവമാണ് ഓരോരുത്തർക്കുമുള്ളത്. ജീവിതാനുഭവങ്ങൾ അവരെ വ്യത്യസ്തരാക്കുന്നു. തലമുറകളുടെ വ്യത്യാസത്തിൽ മാത്രമല്ല, ഒരേകാലത്ത് ഒരേ രാഷ്ട്രീയ പരിസരത്ത് ജീവിക്കുന്നവർക്ക് വ്യത്യസ്ത സൗന്ദര്യലോകമാണുള്ളത്. എന്നാൽ സമകാലീന കവിതയ്ക്ക് ഓരോരുത്തരുടേയും സൗന്ദര്യലോകങ്ങളെ തൊട്ടുണർത്താൻ സാധിക്കുന്നു. വായനക്കാരന് അവന്റെ സ്വന്തം കവിതയായി അത് വായിക്കാനാകുന്നു. എന്നാൽ കവികളോരോരുത്തരും അവരവരുടേതായ വേറിട്ട വഴികളിലൂടെയാണ് പോകുന്നത്.

അതുതന്നെയാണ് ഓരോരുത്തരുടെയും കൃതികളുടെ മൗലികതയും.

സമകാലീന കവിതകളുടെ മറ്റൊരു വിച്ഛേദം സത്യത്തെ കണ്ടെത്തലല്ല കവിയുടെ അല്ലെങ്കിൽ കവിതയുടെ ലക്ഷ്യമെന്ന് പുതുകവിത ആരംഭത്തിൽ തന്നെ തിരിച്ചറിഞ്ഞു എന്നതാണ് കവിതയിലും ജീവിതത്തിലും തത്ത്വചിന്തയിലുമെല്ലാം പഴയ കവിതകളുടെ വഴിയെന്നത് സത്യം കണ്ടെത്തലായിരുന്നു. ആത്മീയവും ഭൗതികവുമായ വഴികളിലൂടെ അവർ സത്യത്തെ കണ്ടെത്താനായി സഞ്ചരിച്ചു. സത്യം കണ്ടെത്താനായി വീട്ടിൽനിന്നും ഇറങ്ങിപ്പോയയാളാണ് ബഷീറെന്നത് ഓർമ്മിക്കാനാവും. എന്നാൽ പുതുകവിത ഒന്നിലധികം സത്യങ്ങളെ വെളിപ്പെടുത്തി. ഒരെണ്ണം മാത്രമാണ് സത്യമെന്ന ക്ലാസ്സിക്ബോധത്തെ അവ അട്ടിമറിച്ചു. അതുകൊണ്ടാണ് ഒരാളുടെ കവിത മറ്റൊരാളുടേതായി മാറുന്നില്ല. എവിടെയോ മറഞ്ഞിരിക്കുന്ന, തങ്ങൾ അന്വേഷിച്ചു കണ്ടെത്തേണ്ട ഒന്നല്ല സത്യം പകരം തങ്ങളുടെ ജീവിതത്തിനു ചുറ്റുമുള്ള പലതാണ് സത്യമെന്നവർ പറയുന്നു. തങ്ങൾ കാണുന്ന അനുഭവിക്കുന്ന ജീവിതത്തെ അവർ അവതരിപ്പിക്കുന്നു. സത്യമെന്നത് ആധികാരികവും കാലദേശാതീതവും സിംഹാസനാരൂഢവുമായ ഒന്നല്ല. പകരം തനിക്കു ചുറ്റും കാണുന്നതാണെന്ന് അവർ വ്യക്തമാക്കി. ഉദാരത, ശ്രേഷ്ഠത തുടങ്ങിയ സങ്കല്പങ്ങളെ അത് മറികടക്കുന്നു. പഴയ കവികൾ ഉദാത്തമെന്നും ശ്രേഷ്ഠമെന്നും കരുതുന്നവയെ അന്വേഷിച്ചു മറ്റെല്ലാം അവർക്ക് അന്യമായിത്തീർന്നു. എന്നാൽ പുതുകവികൾ ഓരോരുത്തരുടെയും ജീവിതം ഓരോ തലത്തിൽ ശ്രേഷ്ഠമാണെന്നും അവതരിപ്പിക്കുന്ന ഭാഷ ശ്രേഷ്ഠമാണെന്നും വിശ്വസിച്ചു. നിസ്സാരമെന്ന് കരുതിയിരുന്നവയെ അവർ ആവിഷ്ക്കരിക്കാൻ മുതിർന്നു.

അസാമാന്യ ജീവിതങ്ങളെ ആവിഷ്ക്കരിക്കുന്നതാണ് ശ്രേഷ്ഠമെന്നു കരുതിയിരുന്നതിൽ നിന്നും ഭിന്നമായി പുതുകവിത സാമാന്യങ്ങളെ ആവിഷ്ക്കരിച്ചു തുടങ്ങി. അലങ്കാരങ്ങളില്ലാത്ത മനുഷ്യജീവിതങ്ങളിലേക്കുകൂടി കവിത അതിന്റെ ശ്രദ്ധ തിരിച്ചു. മറ്റാരും ശ്രദ്ധിക്കാത്ത ജീവിതങ്ങളിലേക്ക് അതായത് അവനവന്റെ ഇടങ്ങളിലേക്ക്

കവിത അതിന്റെ ശ്രദ്ധ കേന്ദ്രീകരിച്ചു. ദലിതരുടെയും സ്ത്രീകളുടെയും കവിതകൾ ഇതിനുദാഹരണമാണ്. അവരവരുടെ ഭാഷയിൽ സമകാലീനകവിത അവരവരെ ആവിഷ്ക്കരിച്ചു. കടപ്പുറം ഭാഷയിൽ രചിക്കപ്പെട്ട കവിതകൾ ഇതിനുദാഹരണമാണ്.

യഥാർത്ഥ ജീവിതാവിഷ്ക്കരണമെന്നത് പുതുകവിതയുടെ സവിശേഷതയാണ്. ദലിത് കവിത തന്നെ അതിന്റെ മുഖം മാറ്റി. ദലിതർ അവരുടെ പരിവേദനകൾ അവതരിപ്പിച്ചുകൊണ്ടിരുന്ന കവിത ഇന്ന് യഥാർത്ഥ ജീവിതം ഒരു ക്യാൻവാസിലെന്നപോലെ കാണിച്ചുകൊടുക്കുന്നു. ആസ്വാദകർ സ്വാഭാവികമായും അതിലേക്ക് ആഴ്ന്നിറങ്ങുന്നു. ദൃശ്യങ്ങളെയും ശബ്ദങ്ങളെയും അവർ അകമ്പടിയായി സ്വീകരിച്ചു. ഭാഷയിലും ഭാവുകത്വത്തിലും ഇത്തരം ഭാവുകത്വങ്ങൾ ദലിത്, സ്ത്രീ കവിതകൾ ആവിഷ്ക്കരിച്ചു.

യാതൊരു തരത്തിലും ജനകീയ, സാമൂഹിക പിന്തുണ ഇല്ലാതിരുന്നവരുടെ കടന്നുവരവാണ് മലയാള കവിതയുടെ പുതിയ വഴി. തിരസ്കൃതരായവർ അവനെത്തന്നെ സാമൂഹിക മാധ്യമങ്ങളിൽ പ്രകാശിപ്പിക്കുന്നു. പ്രസാദകരെ ആവശ്യമില്ലാതായിത്തീർന്നു. അവനവന്റെ ജീവിതം തുറന്നുകാട്ടുന്നു പുതുകവിതകൾ. പുറമെനിന്നു നോക്കി പാടുകയല്ല, ഉള്ളിലുള്ള ജീവിതത്തെ ആവിഷ്ക്കരിക്കുകയാണവർ ചെയ്യുന്നത്. സൗന്ദര്യാനുഭൂതികൾ ചിതറിയിട്ട ഉണ്മയുടെ ആവിഷ്ക്കാരമായി കവിതകൾ മാറി. അതായത് അന്നുവരെ ഉണ്ടാക്കിവെച്ച കാല്പനികവും വിശുദ്ധവുമായ സൗന്ദര്യസങ്കല്പങ്ങളിൽ നിന്ന് ഉണ്മയിലേക്കവർ മാറി. വളരെ മനോജ്ഞമായ സൗന്ദര്യസങ്കല്പങ്ങളിൽ നിന്ന് പ്രണയംപോലും ജീവിത പരിസരത്തിലുള്ള അകാല്പനികമായ ബിംബങ്ങളിലേക്ക് മാറി. എസ്.ജോസഫിന്റെ 'കാഞ്ഞിരമരം' എന്ന കവിത ഉദാഹരണമാണ്. പ്രകൃതിയുടെ യുക്തി മനുഷ്യ യുക്തിയ്ക്ക് സമമല്ലെന്ന് കവിത സ്ഥാപിക്കുന്നു. മനുഷ്യന് തിന്നാൻ പറ്റുന്നവയ്ക്ക് മാത്രമല്ല സൗന്ദര്യമുള്ളത്. എലിമാളം, പരുന്ത് തുടങ്ങിയ നിരവധി ബിംബങ്ങൾ പുതുകവിതയിൽ പ്രത്യക്ഷപ്പെടുന്നു. പ്രകൃതിക്കുള്ളിൽ നിന്നുകൊണ്ടാണ് പുതുകവിത

പ്രകൃതിയെ വർണ്ണിക്കുന്നത്. മനുഷ്യന്റെ കാല്പനിക സൗന്ദര്യസങ്കല്പങ്ങളെ ഇത്തരത്തിൽ പുതുകവി മാറ്റി ചിത്രീകരിച്ചു.

കവിതയിൽ നിലവിലുണ്ടായിരുന്ന എല്ലാ സൗന്ദര്യ സങ്കല്പങ്ങളെയും പുതുകവിത പൊളിച്ചെഴുതി. ജീവിതം കാണിച്ചുതരുക എന്നതു മാത്രമാണ് പുതുകവിതയുടെ ചുമതല. അതിനെ രാഷ്ട്രീയമായി പുനർ നിർമ്മിക്കുന്നതും പരിവർത്തിപ്പിക്കുന്നതും കാണുന്നതും വായനക്കാരാണ്. സുകുമാരൻ ചാലിഗദ്ദ, ശാന്തി പനയ്ക്കൽ, എം.ആർ. രേണുകുമാർ തുടങ്ങിയവരുടെ കവിതകൾ ഇതിനുദാഹരണമാണ്. ഇവിടെ കവിത രാഷ്ട്രീയമായി മാറുന്നത് വായനക്കാരന്റെ മനസ്സിലാണ്. സ്മാരകം എന്ന വീരാൻകുട്ടിയുടെ കവിത ഇതിനുദാഹരണമാണ്.

അപ്പൂപ്പൻതാടിയുടെ പറക്കത്തെ
വിനീതമായ ഒരു ശ്രമമായി കാണണം
ചിറകുകളില്ല
ദേശാന്തരം വിധിച്ചിട്ടില്ല
ആകാശവും സ്വന്തമല്ല
എന്നിട്ടും അത് പറക്കുന്നു
കുഞ്ഞിനെ എന്നപോലെ
വിത്തിനെ മടിയിൽവെച്ച്.

പ്രകൃതിയിലെ ഒരു മരത്തിന്റെ വ്യാഖ്യാനമല്ല കവിത നൽകുന്നത്. പകരം പ്രകൃതി എത്ര ലളിതമായി ഔന്നിത്യത്തിലേക്ക് പോകുന്നുവെന്നതാണ്. പ്രകൃത്യാനുഭവങ്ങളെ ഇത്തരം കവിതകൾ പരിണമിപ്പിക്കുന്നു. 'സിൽവർ പാതയോരത്ത്' എന്ന കവിതയും പരിസ്ഥിതി രാഷ്ട്രീയത്തെ പ്രതിഫലിപ്പിക്കുന്ന പുതുകവിതയ്ക്കുദാഹരണമാണ്. പ്രകൃതിയുടെ സൗന്ദര്യത്തെ ഇത്തരം കവിതകൾ അതേപടി കാണിച്ചുതരുന്നു. സൗന്ദര്യമുള്ളതിലേക്ക് മാത്രം അവ ഒതുങ്ങുന്നില്ല. പുതുകവിതകളുടെ പാരിസ്ഥിതിക ബോധത്തിനു വന്നുചേർന്ന മാറ്റമാണിവിടെ ശ്രദ്ധിക്കേണ്ട വസ്തുത. പ്രദീപ് രാമനാട്ടുകരയുടെ 'കെ. രാമാരണം' എന്ന കവിത ശ്രദ്ധേയമാണ്. രാമായണത്തിന്റെ ഘടനയെ ഉൾച്ചേർത്ത പുതിയ

രീതിയിലുള്ള ഒരാഖ്യാനരീതിയാണിതിലേത്. കോളനിയിൽ താമസിക്കുന്ന കഥാപാത്രങ്ങളിലൂടെ അപരിഷ്കൃതരായവരുടെ ജീവിതങ്ങളിലേക്ക് കവിത സഞ്ചരിക്കുന്നു.

പുതു സ്ത്രീകവിതകളും ശ്രദ്ധേയമാണ്. പ്രധാനമായും രണ്ടു തലത്തിലാണവ നിൽക്കുന്നത്. സ്ത്രീകളുടെ ജീവിതത്തെയും അതിന്റെ രണ്ടാംകിട പൗരത്വത്തെയും രണ്ടാംലിംഗത്വത്തെയും രാഷ്ട്രീയമായി ഉന്നയിക്കുന്നതിനുപകരം അനുഭൂതികളുടെയും കാമനകളുടെയും വലിയ ആഘോഷമാണിന്ന് ഒരു വിഭാഗം പെൺകവിതകളിൽ. അടുക്കളയുടെയും ഉടലിന്റെയും തടവുകൾ ഉപേക്ഷിച്ച്, അടുക്കളയിലും പരാധീനതകളിലും തളയ്ക്കപ്പെടാതെ വിമുക്തിനേടി പുതുസ്വപ്നങ്ങളും ലോകങ്ങളും അവർ തുറക്കുന്നു. (രേഷ്മ സി. കാദംബരി, അമ്മു ദീപ തുടങ്ങിയവരുടെ കവിതകൾ ഇതിനുദാഹരണമാണ്). ലോപ, റോഷ്നി, സ്വപ്ന, കണിമോൾ തുടങ്ങിയവർ ഇന്നും പരാധീനതകളുടെ ലോകത്തുനിന്നെഴുതുന്നവരാണ്. ഏറ്റവും മൗലികമായ പുതുകാല പെൺകവിതയാണ് ആദ്യവിഭാഗത്തിന്റേത്. നേരിട്ട് ഉന്നയിക്കുന്ന മുദ്രാവാക്യ രാഷ്ട്രീയമല്ല, മനോജ്ഞമായ സ്വപ്നലോകത്തിലാണവരുടെ കവിത ജീവിക്കുന്നത്. 'ഒരു പ്രേമകവിത (സുബ്ബുവിന്)' എന്ന അമ്മു ദീപയുടെ കവിത ഉദാഹരണമാണ്. കാല്പനിക വിശുദ്ധമായ പ്രേമബിംബങ്ങളെയെല്ലാം കവിത തട്ടിത്തെറിപ്പിക്കുന്നു. അനുഭൂതിയുടെ ലോകത്ത് നിൽക്കുന്ന കവിതയിൽ പുരുഷൻ പുറത്താണ്. പുരുഷാധികാരിക്കു കീഴിൽനിൽക്കുന്ന പ്രേമമല്ല കവിതയിലേത്. സാതീ സ്വന്തം അനുഭൂതിയുടേതായ സ്വന്തം ലോകമിവിടെ സൃഷ്ടിക്കുന്നു. ഉള്ളിൽ സ്വന്തം ലോകത്തെ പേറുന്ന സ്ത്രീയെ ആണധികാരലോകം പേടിക്കണമെന്ന് ഇത്തരം കവിതകൾ തുറന്നുപറയുന്നു. എനിക്ക് നിന്റെ പ്രണയത്തിന്റെ ഉടുപ്പ് പാകമല്ല എന്ന് പുരുഷനോട് പറയാനവർ മടിക്കുന്നില്ല.

മൗലികമായ ഒന്ന് എന്നതിനേക്കാൾ, പല ഗണങ്ങൾ കൂടിച്ചേർന്ന പുതിയൊരു ഗണമായി പുതുകവിത മാറുന്നു. സ്വതന്ത്രജീവിതം കാണിച്ചുതരുന്ന, വളരെ വ്യത്യസ്തമായ രീതിയിലേക്കവ മാറി. അവയിലെ

ഭാഷയും ആഖ്യാനവും അനുവാചകരിലേക്ക് ആഴ്ന്നിറങ്ങുന്നു. പരിസ്ഥിതി, ദലിത്, സ്ത്രീജീവിതം എന്നിങ്ങനെ പലരീതിയിൽ അരികുവൽക്കരിക്കപ്പെട്ടതിന്റെ സാഹിത്യലോകത്തിലേക്കുള്ള പ്രവേശനം പുതുകവിത നൽകുന്നു.

# ജോസഫ് കവിത അടയാളപ്പെടുത്തുന്ന കാലവും കാലികരും

**മിഥുൻ കെ. മണി**
ലക്ചറർ , മലയാള വിഭാഗം
ഏറ്റുമാനൂരപ്പൻ കോളേജ്, കോട്ടയം

കാലത്തെ അടയാളപ്പെടുത്തുന്ന എഴുത്തുകാരൻ ജീവിക്കുന്ന കാലഘട്ടത്തിന്റെ സന്തതിയാകുന്നു അനുഭൂതിയുടെ ആത്മപരത കവിതയ്ക്ക് ഉൾക്കരുത്ത് ഉളവാക്കുന്നതുപോലെ സമകാലിക സമൂഹത്തിന്റെ ഉൾത്തുടിപ്പുകൾ കാവ്യത്തിൽ കോറിയിടുന്ന കവി യഥാർത്ഥ കാലത്തിന്റെ പ്രതിഭയാകുന്നു. സമൂഹത്തിന്റെ അഭിനിവേശങ്ങൾ കർമ്മം കൊണ്ട് നിറവേറ്റാൻ എഴുത്തുകാരന് കഴിഞ്ഞില്ലെങ്കിലും പ്രസ്തുത അഭിനിവേശത്തിന്റെ ഉള്ളടക്കം തിരിച്ചറിഞ്ഞ് വാദിക്കാനും അതൊരു ആഹ്വാനമാക്കി മാറ്റുവാനും കാലത്തിന്റെ കവിക്ക് കഴിയുന്നു. ഇതിനെ ചിലർ കവിതയിലെ വിപ്ലവമെന്നും ചിലർ നവോത്ഥാനമെന്നും മറ്റു ചിലരാകട്ടെ കവിതയിലെ നൂതനപരീക്ഷണങ്ങളെന്നും പറയുന്നു. വ്യാഖ്യാനങ്ങൾ എങ്ങനെ തന്നെയിരുന്നാലും നവീന മലയാള കവിത ഈ രീതിശാസ്ത്രം പിൻതുടരേണ്ട ആവശ്യകത വളരെ കൂടുതലാണ്. കാലത്തിന്റെ നേരേപിടിച്ച കണ്ണാടിയായി കവിത വർത്തിക്കുമ്പോൾ അവ വിപ്ലവ - നവോത്ഥാന മൂല്യങ്ങളുടെയോ, യാഥാർത്ഥ്യത്തിന്റെയോ നൂതനാവിഷ്കാരമായി മാറുന്നു. നീരോട്ടം നിലച്ച നദി മണൽത്തിട്ടകൊണ്ടുള്ള പൊള്ളച്ചിരി ചിരിക്കുന്നതുപോലെ മലയാളകവിത കുറച്ചുകാലം വെറും ശബ്ദഭംഗികൊണ്ട് രസിച്ച് കഴിഞ്ഞു കൂടിയിരുന്നു എന്ന് ആശാന്റെ കാവ്യകലയെ വിമർശിക്കുന്നിടത്ത് അഴീക്കോട് മാഷ് പറയുകുണ്ടായി. ഇത്തരത്തിൽ വെള്ള മണൽത്തിട്ട കാണിച്ചു ചിരിക്കേണ്ട നീരുവറ്റിയ ഒരു

പുഴയായിട്ടില്ല നമ്മുടെ മലയാള കവിത. ശബ്ദഭംഗികൊണ്ട് കാവ്യത്തെ കമനീയമാക്കുന്ന കാലവും കഴിഞ്ഞുപോയി. കാലത്തിന്റെ ചേതനയെ മൂർത്തമായി ആവിഷ്കരിക്കുന്ന കവിക്ക് തന്റെ കവിതയെ അനുസ്യൂതം പ്രവഹിക്കുന്ന വിശാല നദിയാക്കാവുന്നതേയുള്ളൂ. ഇത് തിരിച്ചറിഞ്ഞ കവി പ്രതിഭയാണ് എസ് ജോസഫ്. ചില വാക്കുകൾകൊണ്ടോ, കാച്ചിക്കുറുക്കിയ വരികൾകൊണ്ടോ സമൂഹത്തിന്റെ വിഭിന്ന വശങ്ങളെ കാലോചിതമായി കവിതയിലേക്കാവാഹിക്കുന്ന കഴിവ് ജോസഫ് കവിതയുടെ താളമാകുന്നു.

കവിതയിൽ കാലത്തെ അടയാളപ്പെടുത്തുന്ന കവി അതാതുകാലത്തെ കാലികരെ അടയാളപ്പെടുത്താൻ മറന്നിട്ടില്ല. കാലികരെ അടയാളപ്പെടുത്തുമ്പോൾ കാലത്തിന്റെ രൂപവൈരൂപ്യങ്ങളിൽ നിന്നുയിർകൊള്ളുന്ന പ്രശ്നങ്ങളെ നിർധാരണം ചെയ്യുകയും ചെയ്യുന്നു. സമകാലിക മലയാളത്തിന്റെ കീഴാള മുന്നേറ്റത്തിന് ഊടും പാവുമിടുന്ന ജോസഫ്ക്കവിതകൾ ഒരന്തരാള കാലഘട്ടത്തിന്റെ ഇരുണ്ട മുഖത്തെ തന്റെ കവിതയിലൂടെ പ്രകാശവത്കരിക്കുന്നു. അസമത്വത്തിന്റെ ചാട്ടവാറടിയൊ ഒരു കാലഘട്ടത്തിലെ കേരളീയ ദളിത് ജനത, വർണ്ണത്തിന്റെയും പ്രാകൃതമായ ഇതര വേർതിരിവുകളുടെയും പേരിൽ അനുഭവിച്ച നീറ്റലുകളൊ തിരിച്ചറിഞ്ഞ കവിയുടെ അക്ഷരങ്ങൾക്ക് അതേവേദനയിൽ നിന്ന് ഉയിർകൊണ്ട വിങ്ങലുകൾ കണ്ടെത്താൻ കഴിയും. ഗ്രാമ്യ ഭാഷാ പദങ്ങളുടെ ആഖ്യാനസവിശേഷതയെ മുൻനിർത്തി വ്യവസ്ഥാപിതമായ കാവ്യഭാഷയിലെ കുലീനത്വത്തെ അദ്ദേഹം ചോദ്യം ചെയ്യുന്നു. അതേ ഗ്രാമ്യഭാഷയിൽ കൂലിവേലക്കാരന്റെയും മണ്ണിന്റെ മണമൂറുന്ന കർഷകന്റെയും ആകുലനൊമ്പരങ്ങൾ തന്റെ കവിതയിൽ ആവിഷ്കരിക്കുകയും ചെയ്യുന്നു

കാലത്തിന്റെ അടയാളപ്പെടുത്തലുകൾ വ്യക്തമാകുന്ന രചനകളാണ് ഐഡന്റിറ്റി കാർഡിലെ കവിതകൾ. ജീവിതത്തിന്റെ സാധാരണവും അസാധരണവുമായ വസ്തുതകളെ ഇതിലെ കവിതകൾ അനാവരണം ചെയ്യുന്നു. ഈ 'വരികൾക്കിടയിൽ' എന്ന കവിത മുതൽ 'ഒരു ഗ്രാമീണ

**പെൺകുട്ടി'** എന്നുള്ള അവസാന കവിത വരെ നമുക്ക് കാവ്യകാരന്റെ കാലോചിതമായ രേഖപ്പെടുത്തലുകളെ കണ്ടെത്താൻ കഴിയും. ഈ കവിതയുടെയൊക്കെ ആഖ്യാനസാഫല്യതക്ക് എഴുത്തുകാരൻ സ്വീകരിച്ചിരിക്കുന്ന പദങ്ങളെല്ലാം പ്രാദേശികതയുടെ ചൂടും ചൂരും തികഞ്ഞവയാണ്. ഒരിക്കൽ അൻവർ അലി കൂട്ടിച്ചേർത്തതുപോലെ മലയാള നവീന കവിതയിൽ ഒറ്റയ്ക്കൊരു പാത സ്വയം വെട്ടിത്തുറന്ന കവിയാണ് എസ്. ജോസഫ്. പ്രതിഭാധനനായ ഈ രചയിതാവ് തന്റെ കവിതകളിൽ അനാവരണം ചെയ്യുന്ന കാലത്തിനും കാലിക സംഭവങ്ങൾക്കും ഏറെ യുക്തമാണ് അദ്ദേഹത്തിന്റെ കാവ്യഭാഷയിലെ ഗ്രാമീണ സംസ്കാരം. 'ധ്വനി' എന്ന കവിതയിലൂടെ ജീവിതത്തിന്റെ കയറ്റവും ഇറക്കവുമാകുന്ന പ്രശ്നങ്ങളും പ്രതിബന്ധങ്ങളും ദുഃഖങ്ങളും പാതിമടക്കി പോകാനും പോയാൽ ആ പോകലിന് ഒരു പോക്കടമില്ലാതായി മാറുന്ന രീതിക്കും വലിയ അർത്ഥമാനങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു. ജീവിതത്തിൽ നിന്നും ആർക്കും എപ്പോൾ വേണമെങ്കിലും പോകാം, പോയി മറയാം. പക്ഷെ അതിജീവിക്കാനും മുന്നേറാനും കഴിയാതെയുള്ള പോകലിനേക്കാൾ വലുതാണ് ശാശ്വതമായ പോക്കടമില്ലാത്ത ജീവിതത്തിലെ വലിയ ശൂന്യത.

"അപ്പന്റെ ഭാഗത്തുനിന്നുകൊണ്ട്
അന്ന് അമ്മയെ കളിയാക്കാൻ പറഞ്ഞ
പോക്കടമില്ല അല്ലേ എന്ന വാക്യമാണ്
ഞാൻ പ്രയോഗിച്ചിട്ടുള്ള ഏറ്റവും വലിയ ധ്വനി".

ജീവിതാനുഭവത്തിന്റെ നേർപരിച്ഛേദങ്ങൾ വൃത്തരഹിതമായി കവിയുടേതായ ആലങ്കാരിക ബിംബകൽപ്പനകളിലൂടെ കവിതയിൽ അനുവർത്തിക്കുന്നത് ജോസഫ് കവിതകളുടെ ഒരു പ്രത്യേകതയാണ്. സ്വാനുഭാവാവിഷ്കാരം കാവ്യരചനയിൽ പുതുമയല്ല. ഇതിനായി പ്രത്യേകം സാഹിത്യശാഖകൾ തന്നെ ഭാഷയുലുണ്ടുതാനും. പക്ഷെ സംസ്കൃതീകരിച്ച പ്രയോഗങ്ങളോ കൃത്യമായ വർണ്ണാലങ്കാരാദികളോ അല്ല ജീവിതാനുഭവങ്ങൾ. അത് മധുരിക്കുന്നതൊ കയ്പേറിയതൊ മറക്കാനൊ,

വീണ്ടെടുക്കാനൊ പാകത്തിലുള്ളവയായിരിക്കാം. അവ അലങ്കാര പ്രധാനമല്ല. പക്ഷെ അതേ ജീവിതാനുഭവങ്ങൾ പലരുടെയും കവിതയിൽ ആവിഷ്കരിക്കപ്പെടുന്നത് അലങ്കാരിക ഭാഷയിലാകും. ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ രൂപംകൊണ്ട പ്രതീക്ഷകൾ, നേട്ടങ്ങൾ, അർത്ഥങ്ങൾ, അർത്ഥശൂന്യതകൾ എന്നിവയൊക്കെ ആവിഷ്കരിക്കാൻ കവികൾ മേൽപ്പറഞ്ഞ മേമ്പൊടികളൊക്കെയും ആവാഹിച്ചെടുത്ത് കാവ്യത്തിലേക്ക് പകർത്താറുണ്ട്. എന്നാൽ എസ്. ജോസഫ് യഥാർത്ഥ ജീവിതത്തിന്റെ സുഖദുഃഖങ്ങളെ കൃത്യമായി രേഖപ്പെടുത്തുക എന്നതിനപ്പുറം അദ്ദേഹം അനുഭൂതിയെ അതേ രീതിയിൽ ആവിഷ്കരിക്കുകയാണ് ചെയ്യുന്നത്. ഇതിനായി കവിയുടെ അച്ഛനും അമ്മയും സഹോദരങ്ങളും നാടും വീടും തൊഴിലും ഊണും ഉറക്കവും വിശ്വാസങ്ങളും കവിതയിലേക്ക് കടന്നുവരുന്നു.

“പച്ചപ്പാറി നിൽക്കുന്നു വേനലിപ്പാടത്തും
പച്ചയെ പാറിച്ചതും രണ്ടുപേർ ചെറുപ്പത്തിൽ
പട്ടവും പറപ്പിച്ചീപ്പാടത്തു പറന്നവർ”

എന്നു തുടങ്ങുന്ന “പങ്കുകൃഷി” എന്ന ജോസഫിന്റെ കവിത ബഹുമുഖ സ്പർശിയായി വായിക്കപ്പെടേണ്ടതാണ്. ഹരിതവർണ്ണാഭമായി വിളഞ്ഞു നിൽക്കുന്ന പാടത്തെ അതേ രീതിയിലാക്കി തീർത്തത് ചെറുപ്പത്തിൽ അതേ പാടത്ത് പച്ചപ്പടം പറത്തിയ ആത്മാർത്ഥ സുഹൃത്തുക്കൾ. വിളഞ്ഞ പാടത്തിനും പറത്തിയ പട്ടത്തിനും ഒരേ വർണ്ണം. എന്നാൽ കാലത്തിന്റെ ബഹുസ്വരത കാലികരുടെ ബഹുമുഖത, അതേ സൗഹൃദത്തിന്റെ പച്ചയ്ക്കുമേൽ രക്തച്ചൊരിച്ചിൽ ഉണ്ടാക്കുന്നു. അതിൽ നിന്നിറ്റുവീഴുന്ന ചുവപ്പ് തേക്കുപാളയിൽ കോരിയൊഴിച്ച വെള്ളം പോലെ പല ചാലായി കുഴിയിലേക്കും അവിടെനിന്ന് കുമിളയിട്ട് കുടങ്ങളിലേക്കും കയറി തിരികെ തടങ്ങളിൽ നിറയുമ്പോൾ സ്നേഹപ്പകർച്ചകളുടെ ദൃശ്യം കാണാവുന്നതാണ്. അൽപം കൊടുത്ത് അനവധി വാങ്ങുന്ന അല്ലെങ്കിൽ നിർബന്ധങ്ങളിലൂടെ വാങ്ങിക്കുന്ന സ്വാർത്ഥ നേട്ടങ്ങളെ ജീപ്പും ലോറിയും പ്രതിനിധാനം ചെയ്യുന്നു. വളം കയറ്റി ഓടിയെത്താൻ ജീപ്പാണു വേ

ണ്ടതെങ്കിൽ, സമൃദ്ധമായ വിളകൊയ്ത് പറന്നകലാൻ ലോറിയുടെ വ്യാപ്തി ആവശ്യമാണ്. പങ്ക് കൃഷിക്കാരിലെ പരസ്പര പങ്കാളിത്തം ഇവിടംവരെ ഈടുറ്റുനിൽക്കുന്നുവെങ്കിൽ അതേ ഈടിന്റെ ഉറപ്പ് ഹനിക്കപ്പെടുന്നത് കിഴക്കേക്കരയിലുള്ള രമയെന്ന പെണ്ണും അളവിൽ കുറയുന്ന വിളയുമാണ്. പെണ്ണും പണവും സൃഷ്ടിക്കുന്ന പരസ്പര സ്പർധ-വൈരാഗ്യങ്ങൾ ഒരുവനറിയാതെ മറ്റവനൊറ്റയ്ക്കൊരു ദിവസമിരുന്ന് കള്ളനെ പിടിക്കുകയും പിടിച്ചവർ അവരുടെ പാറിച്ച പച്ചമേൽ ചുവപ്പു പടർത്തുകയും ചെയ്യുമ്പോഴാണ്. കാലത്തിന്റെ മറ്റൊരടയാളപ്പെടുത്തലായി ജോസഫിന്റെ പങ്കുകൃഷി എന്ന കവിതയെ വായിക്കാവുന്നതാണ്.

വായനാനന്തര വ്യാഖ്യാനങ്ങൾക്ക് വളരെ പ്രസക്തിയുള്ള കവിതയാണ് 'വെള്ളം'. ജലത്തിനും ജലവാഹക സ്ഥാനങ്ങൾക്കും ജോസഫ് കവിതകൾ വളരെ പ്രാധാന്യം നൽകുന്നു. 'മുമ്പൊക്കെ ഞങ്ങൾക്കൊന്നും കിണറില്ലായിരുന്നു എന്ന് തുടങ്ങുന്ന വെള്ളം എന്ന കവിത അടയാളപ്പെടുത്തുന്നത് സാമൂഹിക വേർതിരിവുകൾ, നാട്ടിൻപുറ ജീവിത രീതികൾ, അതിൽ നിറയുന്ന സൂചനാപ്രയോഗങ്ങൾ എന്നിവ ഉൾപ്പെട്ടതാണ്.

'മുമ്പൊക്കെ ഞങ്ങൾക്ക് കിണറില്ലായിരുന്നു
വെള്ളമെടുക്കാൻ കുൻശന്മാരുടെ വീടുകളിൽ പോണാരുന്നു'

എന്നു തുടങ്ങുന്ന കവിത മേലാള, കീഴാള പരിപ്രേഷ്യത്തെ അടയാളപ്പെടുത്തി കിണറെടുത്ത് ചെരിച്ചുവെച്ച് നാലുകൊടം വെള്ളമൂറ്റിയെടുത്ത് അവസാനിപ്പിക്കുന്നു. കുടിവെള്ളത്തിൽപോലും ചരിത്രത്തെ, ചരിത്രങ്ങളിലെ ഇരുളടഞ്ഞ ജനതയുടെ വല്ലായ്മകളെ അടയാളപ്പെടുത്തുന്ന സമകാലിക ദുരവസ്ഥക്കവിയായി ജോസഫ് ഇവിടെ മാറുന്നു. കുടിവെള്ളത്തിൽപോലും പ്രതിഫലിക്കുന്ന വേർതിരിവ് 'അവർ മുറ്റത്തുനിന്ന് തൊട്ടിയിൽ വെള്ളം കോരും ഞങ്ങൾക്ക് താഴെനിന്ന് കവുങ്ങുംപാളയിൽ കോരും' എന്ന ഭാഗത്ത് കവി വരച്ചിടുന്നു. കുൻശന്മാർ എന്ന പ്രയോഗത്തിലെ പരിഹാസാത്മകമായ ധ്വനിയും ശ്രദ്ധേയമാണ്.

'നാടകം തീരാത്തതിനാൽ

കർഷകന്റെ കയർ കാലിൽ കെട്ടിയി
രുന്ന രാത്രി ഉറങ്ങിപ്പോയിരിക്കും'

ഇല്ലായ്മകൾ വല്ലായ്മകളാകുന്ന കേരളീയ ദളിതരുടെ ആകുലതകളും വ്യാകുലതകളും അവർക്കുമേൽ തങ്ങളുടെ ആധിപത്യത്തെ അരക്കെട്ടുറപ്പിക്കാൻ ഉതകുന്ന സൂത്രവാക്യങ്ങളാകുമ്പോൾ ദാഹജലത്തിൽ പോലും ഉയർച്ചതാഴ്ചകൾ നിർണ്ണയിക്കുന്ന വരേണ്യവർഗ്ഗം കണ്ണടച്ചഭിനയിച്ചിരുന്ന ഈ നാടകം അവസാനമില്ലാതെ തുടരുന്നു. കിണറായപ്പോൾ വെള്ളമില്ലാതെയും.

'പിറന്ന വീട്' അനാവരണം ചെയ്യുന്ന അന്തരീക്ഷം ഉയർച്ചകളില്ലാത്ത ഇരുണ്ട നാളുകൾക്ക് ഉടയോന്മാരായിരിക്കുന്ന കീഴാള ജീവിതത്തെയാണ്. 'താഴത്തെ പറമ്പിലായിട്ടുയരങ്ങൾ വരഞ്ഞിട്ട വട്ടങ്ങൾക്കൊടുവിൽ' എന്നു പറയുന്ന കവി ഉയരങ്ങൾ മനസ്സിന്റെ മോഹം മാത്രമായി അവശേഷിക്കുന്ന ദൈന്യത വിളിച്ചുപറയുന്നു. കിനാവ് കാണുവാൻ മാത്രം വിധിക്കപ്പെട്ട മണ്ണിന്റെ മണമൂറുന്ന കീഴാളന്റെ ആഗ്രഹങ്ങളും പ്രതീക്ഷകളും പ്രത്യാശ മാത്രമായി അവശേഷിക്കുന്ന ജീവിതത്തെ അനാവരണം ചെയ്യുന്നു. കറുപ്പിന്റെ സൗന്ദര്യത്തെ അടയാളപ്പെടുത്തുന്ന 'കാക്ക' നിറം മങ്ങിയ വ്യർത്ഥമായ പ്രതീക്ഷകളിൽ അതേ കറുപ്പിന്റെ ദൈന്യതയും തുറന്നു പറയുന്നു.

പാർശ്വവത്കരിക്കപ്പെട്ട ജനജീവിതത്തിന്റെ നേർപതിപ്പാണ് പശു എന്ന കവിത. ചതുപ്പിൽ മേയുന്നു പശു, അതിനടുത്തിരിക്കുന്നു മുണ്ടി, വെയിലുള്ള നേരം, എന്ന കവിയുടെ അടയാളപ്പെടുത്തൽ വായിക്കപ്പെടുന്നത് 'തിരിച്ചുപോയത് വെളുപ്പുള്ളിൽ വച്ച് ചെളിനിറം കാണിച്ചിരുന്നൊരാ പക്ഷി' എന്നിടത്താണ്. കാലത്തിന്റെ പശുവും മുണ്ടിയും കുട്ടിയും അതേ കാലത്തിന്റെ കാലികരായി മാറുന്നു. സ്വഭാവം കാലികമായിത്തീരുന്നു. ജോസഫ് കവിതകളിൽ ചിന്നചേച്ചിയുടെ സ്ഥാനം പ്രാധാന്യത്തോടെ അടയാളപ്പെടുത്തേണ്ട മറ്റൊന്നാണ്. പഴക്കമില്ലാത്ത നമ്മുടെ നാട്ടരങ്ങിലും സമകാലിക രംഗത്തും 0കാവ്യാവസാനത്തിൽ വ്യാഖ്യാനങ്ങൾക്ക് വലിയ വില നൽകുന്നു. 'ചൂണ്ടനൂലിൽ ഈയക്കട്ടയായി കിടക്കാൻ ചേട്ടന്

പറ്റുമല്ലോ' എന്നിടത്ത് പറഞ്ഞില്ലെങ്കിലും പറയാതെ പറയുന്നു. ചിന്നചേച്ചി മകനേം കൊണ്ട് കൊളത്തിലേക്ക് പോയി എന്നതിൽ കൊളത്തിലേക്ക് പോകേണ്ടിവരുന്ന ചിന്നചേച്ചിയുടെ കാലം പ്രസക്തമാണ്.

'നേരത്തും കാലത്തും കെട്ടിമേയാത്ത പെരേലവൾ കുടിയാന്മാരായ

കെട്ടിയോനെയും കെട്ടിയോന്റപ്പനേയും പണിയെടുത്തു പോറ്റി'

പന്നി വളർത്തിയുണ്ടാക്കിയ കാശിന് കെട്ടിച്ച ചിന്നചേച്ചി വിവാഹാനന്തരം പണിയെടുത്ത് കെട്ടിയോനെയും കെട്ടിയെന്റപ്പനേം പരിചരിക്കുന്നു. നേരത്തും കാലത്തും കെട്ടിമേയാത്ത എന്ന പ്രയോഗവും ഏറെ ധ്വന്യാത്മ കമാണ്. ഇത്തരം ചിന്നചേച്ചിമാർ മലയാളത്തിന് അന്നും ഇന്നും അന്യമല്ല. അതുകൊണ്ടുതന്നെ ചിന്നേം കൊച്ചും മുങ്ങിചത്തു എന്നതിലും ആർക്കും വലിയ കാര്യമാത്ര പ്രസക്തിയൊന്നുമില്ല. ആരുമില്ലാതെ പോകുന്ന കേരളീയ സമൂഹത്തിലെ ദളിത് പെൺകുട്ടികൾ, ഉറ്റവരും ഉടയവരും ഇല്ലാതെ ഉഴറുന്ന കീഴാള സ്ത്രൈണതയുടെ നരകയാതനകളുടെ അവതരണ മികവായിക്കൂടി വായിക്കപ്പെടുന്നു ഈ കവിത. ജോസഫ് കവിതകളുടെ സമാഹാരങ്ങളിലൊന്നായ ഐഡന്റിറ്റികാർഡിലെ 'സ്റ്റൈപ്പന്റ്'എന്ന പദത്തോടും കവിയോടും ചേർത്തുനിർത്തി വായിക്കപ്പെടേണ്ട കവിതയാണ് 'പൊട്ട്'. ഐഡന്റിറ്റി കാർഡിലെ സ്റ്റൈപ്പന്റ് എന്ന പദവും ചുവന്ന വരകളും അക്ഷരങ്ങളും പൊട്ടിലെ കറുപ്പും ജാതി സർട്ടിഫിക്കറ്റും അടയാളപ്പെടുത്തുന്നത് സാമ്പത്തിക സാമൂഹിക ന്യൂനതകളിൽ ഉഴറുന്ന ദളിത് ജനതയുടെ ദുഃസ്ഥിതിയാണ്. ദളിത് രാഷ്ട്രീയത്തിന്റെ മറ്റൊരാവിഷ്കാരമാണ് 'ഒരു ഗ്രാമീണ പെൺകുട്ടി'. കാലത്തിന്റെ കാപട്യങ്ങളെ നേരിടാനുള്ള ഒരുക്കങ്ങളെ ഒരു ഗ്രാമീണ പെൺകുട്ടിയിലൂടെ കവി പറയുകയാണ്. ജീവിത സാഹചര്യങ്ങൾ പാടെ തകിടം മറിഞ്ഞ ഒരു ദളിത് ഗ്രാമീണ പെൺകുട്ടി, അവളോട് കരയരുതെന്ന ആഹ്വാനവും കവി നൽകുന്നു. ഈ ആഹ്വാനത്തിലേക്ക് അവളെ ചേർത്തു നിർത്താൻ അദ്ദേഹം കൂട്ടിച്ചേർക്കുന്ന ചില പ്രതീക്ഷയുടെ ബിംബങ്ങൾ വ്യക്തമാകുന്ന ചിത്രം ആ കാലത്തിന്റെയും അവളുടെ പ്രതീക്ഷകളുടെയും പ്രത്യക്ഷോദാഹരണങ്ങളാണ്. കോഴി വിൽപ്പനക്കാരനും പഞ്ചായത്തിൽ

നിന്നൊരാട്ടിൻ കുട്ടിയും ലോട്ടറി വാങ്ങാൻ അന്യരോട് ഇരക്കേണ്ടുന്ന ചിത്രങ്ങളും അവളുടെ തുടർ ജീവിതത്തിലെ നിരാശയെ ഇല്ലാതാക്കുമെന്നും കവി പറയുന്നു. സമൂഹത്തിൽ നാം കാണുന്ന സ്ത്രീസ്വത്വങ്ങളുടെ ജീവിത വൈരുദ്ധ്യങ്ങളെ ഈ കവിത അവതരിപ്പിക്കുന്നു.

പാർശ്വവത്കരിക്കപ്പെട്ട ജനതയുടെ ജീവിതം അവരുടെ തന്നെ ഭാഷയിൽ ആവിഷ്കരിക്കുന്നു എന്നതാണ് ജോസഫ് കവിതകളുടെ പ്രത്യേകത. സ്ത്രീ, കർഷകർ, പ്രകൃതി, കൂലിവേല, കുടുംബം, വെള്ളം, നദി ഇവയ്ക്കെല്ലാം ജോസഫ് കവിതകൾ പ്രാധാന്യം നൽകുമ്പോൾ അവയിലൂടെ അനാവൃതമാകുന്ന പശ്ചാത്തലം ദളിത് ജീവിതത്തിന്റെ വേദനയും പ്രതീക്ഷകളുമാണ്. ഇതിനായി കവി ഉപയോഗിക്കുന്ന ഭാഷയിൽ സ്വാഭാവികമായോ അല്ലാതെയോ കടന്നുവരുന്ന ആഢ്യത്വത്തെ ജോസഫ് ശക്തമായി വർജ്ജിക്കുന്നുണ്ട്. കീഴാളജനതയുടെ പ്രതീക്ഷകളും നൊമ്പരങ്ങളും ആവിഷ്കരിക്കാൻ ഈ ആഢ്യത്വം അനിവാര്യപ്പെടുന്നില്ല എന്നത് കവിക്കെന്നപോലെ കാവ്യാസ്വാദകർക്കും വിലയിരുത്താൻ കഴിയുന്നു. കാലത്തെയും കാലികരുടെ സങ്കോചിതമായ മനഃസ്ഥിതിയെയും ആവിഷ്കരിക്കുന്ന കവിദർശനം, കാലം എത്ര മുന്നേറിയെങ്കിലും ജാതിപരമായ വേർതിരിവ് വച്ചുപുലർത്തുന്ന ചില നിലപാടുകളെ ഇന്നും അകറ്റിനിർത്താൻ ചില വിഭാഗം ആളുകൾക്ക് കഴിയുന്നില്ല എന്നുള്ളതാണ്. ഈ ദർശനത്തെ കാലത്തിനിണങ്ങിയ രീതിയിൽ വീക്ഷിക്കുന്നു. പരകീയ പ്രശ്നങ്ങൾ ആവിഷ്കരിക്കാൻ സ്വകീയ പ്രശ്നങ്ങളെ കൂട്ടുപിടിക്കുകയാണ് കവി ഇവിടെ. ജീവിതത്തിലും കവിതയിലും ചെന്നുകേറാനും ശാശ്വതമായി രാപ്പാർക്കാനും സാധിക്കാത്ത പോക്കടമില്ലെന്ന് പറയുന്ന 'ധ്വനി' എന്ന കവിതയിലും കുടിവെള്ളത്തിൽ വരെ തൊട്ടുകൂടലും മറ്റു വേർതിരിവുകളും ആവിഷ്കരിക്കുന്ന വെള്ളം എന്ന കവിതയിലും ജോസഫ് താൻ അനുഭവിച്ച പ്രശ്നങ്ങളിലൂടെ സഞ്ചരിച്ചതായി കാണാൻ കഴിയും. ഐഡന്റിറ്റി കാർഡ്, ഊണ് എന്നീ കവിതകളിലും നേരനുഭവങ്ങളുടെ ചിത്രീകരണം ആലേഖനം ചെയ്യപ്പെടുന്നു.

സമൂഹത്തിൽ സ്ത്രീ അനുഭവിക്കുന്ന പ്രശ്നങ്ങൾ പ്രാധാന്യത്തോടെ അടയാളപ്പെടുത്തുന്ന കവി കൂടിയാണ് ജോസഫ്. ധ്വനി എന്ന കവിതയിലൂടെ കർമ്മനിരതയായ അമ്മയുടെ പ്രവർത്തി ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യത്തിൽ വീടുവിട്ടിറങ്ങാൻ ശ്രമിക്കുമ്പോഴും പോക്കടമില്ലായെന്ന ഓർമ്മപ്പെടുത്തലുകൾ ഇന്നത്തെ സ്ത്രീസമൂഹം നേരിടുന്ന പ്രശ്നത്തിനു നേരേ പിടിച്ച കണ്ണാടിയായി മാറുന്നു. അമ്മച്ചിയെന്ന പ്രയോഗം ജോസഫ് കവിതകളെ വളരെ സ്വാധീനിക്കുന്നു. ഇതേ ഇടപെടൽ തീവ്രമായി അവതരിപ്പിക്കുന്ന കവിതയാണ് 'ഒരുക്കം'. അവസ്ഥയുടെ ദൈന്യതയും അതേ ദൈന്യതയെ പ്രതിരോധിക്കാനുള്ള ആർജ്ജവവും ഒരുക്കത്തിലെ പെണ്ണിൽ കാണാൻ കഴിയും.

'നീല നിറത്തിലുള്ള വെള്ളത്തിൽ
മകനെ ഇറുകിപ്പിടിച്ച് ചാടിത്താഴുമ്പോൾ
എന്റെ മകനെ എന്നുവിളിച്ച്
അവന്റെ നാരങ്ങാ അല്ലി കണക്കുള്ള തലമുടിയിൽ
അവൾ ഉമ്മ വച്ചിരിക്കണം.'

എന്നിങ്ങനെ നീറുന്ന മാനസിക വ്യാപാരത്തെ അവതരിപ്പിക്കുന്ന ചിന്നചേച്ചി എന്ന കവിത കാലത്തെ അടയാളപ്പെടുത്തുന്ന സമകാലികരുടെ കവിയായി ജോസഫിനെ മാറ്റുന്നു. ഇത്തരം നിരവധി ചിന്നചേച്ചിമാർ നമ്മുടെ സമൂഹത്തിൽ മക്കളെ ഇറുക്കിപ്പിടിച്ച് നിൽക്കുന്നുണ്ട്. ജീവിതപ്രതിസന്ധിയിലൊക്കെയും പ്രതിരോധ വലയങ്ങൾ കഴിവതും സൃഷ്ടിക്കാൻ ശ്രമിക്കുന്ന സ്ത്രീ എവിടെയെങ്കിലും കാലിടറി വീഴുന്നു. ആ വീഴ്ചകൾ പലപ്പോഴും നിലയില്ലാക്കയങ്ങളിൽ താഴാനുള്ള സന്ദർഭമായും മാറുന്നു. പൊട്ട്, മണ്ണിൽ കുത്തിനിർത്തിയ പിച്ചാത്തി, അലക്കുകല്ല് (ആദിവാസി നേതാവ് സി.കെ. ജാനുവിനെ അടയാളപ്പെടുത്തുന്നു), കുടചൂടി മറഞ്ഞവൾ എന്നി കവിതകളിലും സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ കവി സ്വതസിദ്ധമായി ആവിഷ്കരിക്കുന്നു. പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗത്തിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ എന്നതിലുപരി സ്ത്രീ സമൂഹം ഇന്ന്

പുരുഷമേധാവിത്വത്താൽ പാർശ്വവത്കരിക്കപ്പെട്ടതാണെന്ന ധാരണയിൽ സ്ത്രീസമൂഹത്തിനു വേണ്ടി തന്റെ തൂലികയെ ജോസഫ് സജ്ജമാക്കുന്നു.

'വൃത്തിയായി നടക്ക് തലമുടി കെട്ടിവയ്ക്ക്
എണ്ണയും സോപ്പും കൺമഷിയും ചീപ്പും മൈലാഞ്ചിയും
കുപ്പി വളയും വരവുകമ്മലും കണ്ണാടിയുമൊക്കെ
പിടിച്ചുനിൽക്കാൻ വേണ്ടിവരുന്നുണ്ട്'

എന്നറിയിച്ചുകൊണ്ട് തളരാതെ കാലത്തിന്റെ മാറ്റത്തിനൊത്ത് സ്വയം പ്രതിരോധിക്കാനും തളർന്ന മനസ്സിന്റെ മന്ത്രണത്തിന് കീഴടങ്ങാതെ, കരയാതെ നിലകൊള്ളാനും 'ഒരു ഗ്രാമീണ പെൺകുട്ടി'യിലൂടെ കവി ആഹ്വാനം ചെയ്യുന്നു.

ഗ്രാമ്യഭാഷാ പ്രയോഗത്തെയും കാലത്തിനിണങ്ങിയ പ്രമേയത്തെയും മുൻ നിർത്തി പാർശ്വവത്കരിക്കപ്പെട്ടവരുടെ പക്ഷത്തുകൂടി നിലയുറപ്പിച്ചുകൊണ്ട് കാവ്യരചന നടത്തുന്ന എസ്. ജോസഫ് എന്ന കവി കാലത്തിന്റെ അല്ലെങ്കിൽ കാലത്തിനിണങ്ങിയ കവി തന്നെയാണ്. സമൂഹത്തിലെ നിരവധി പ്രശ്നങ്ങൾ തന്റേതായ വാക്യഘടനയിൽ, വ്യാകരണാദി നയങ്ങളിൽ ആവിഷ്കരിക്കുന്ന എസ്. ജോസഫ് എന്ന കവിപ്രതിഭയുടെ 'ഐഡന്റിറ്റി കാർഡ്' എന്ന കാവ്യസമാഹാരത്തിലെ കവിതകൾ മാത്രമാണ് ഈ ലേഖനത്തിൽ പഠനത്തിനായി ഉൾപ്പെടുത്തിയിരിക്കുന്നത്. വർണ്ണവിവേചനങ്ങളും അടിച്ചമർത്തലുകളും ആധുനിക സമൂഹം തിരസ്കരിച്ചുകൊണ്ടിരിക്കുന്നുവെങ്കിലും ചില പഴയ മാമൂലുകളെ ഇപ്പോഴും സമൂഹത്തിലെ ചിലയിടങ്ങൾ പിൻതുടരുന്നു. സാമൂഹികവും സാംസ്കാരികവും സാമ്പത്തികപരവുമായി ഇന്നും കീഴാളജനത അനുഭവിക്കുന്ന പ്രശ്നങ്ങളെ കൂടാതെ സ്ത്രീ, പരിസ്ഥിതി, കുടുംബസങ്കൽപം എന്നിവയെല്ലാം കാലോചിതമായി ജോസഫ് തന്റെ രചനകളിൽ അവതരിപ്പിക്കുന്നു. അതുകൊണ്ടുതന്നെ സമയോചിതമായി കാലത്തെയും കാലികരെയും മൂല്യാധിഷ്ഠിതവും കാവ്യാത്മകവുമായി കവിതയിൽ പകർത്തുവാൻ എസ്

ജോസഫ് എന്ന പ്രതിഭാധനനായ സമൂഹമനസ്സാക്ഷിയുടെ കവിക്ക് കഴിയുന്നു.

കാവ്യ ശരീരത്തിലെ ഗ്രാമ്യഭാഷയുടെ പുതയിട്ട ശൈലിയാണ് ജോസഫ് കവിതകളുടെ ലയവും ഇഴയടുപ്പവും. ജാതിപറച്ചിലും ലിംഗവിവേചനവും വർജ്ജിക്കപ്പെടണമെന്ന് ആഹ്വാനം ചെയ്യുന്ന ഇതേ സമൂഹത്തിൽ ഇന്നും ഒളിഞ്ഞും തെളിഞ്ഞും നിഴലിക്കുന്ന ജാതിവേർതിരിവുകൾ തന്റെ കവിതകളിലൂടെ ജോസഫ് അവതരിപ്പിക്കുന്നു. ഇതിന്റെ പ്രതിഫലനം ഐഡന്റിറ്റി കാർഡ്, ജാതി സർട്ടിഫിക്കറ്റ്, കറുത്തപൊട്ട് എന്നീ പ്രയോഗങ്ങളിലൂടെ വരച്ചിടുന്നുമുണ്ട്. ഇവയിലെ വിവക്ഷ തികച്ചും സ്പഷ്ടവുമാണ്. ദളിത് - സ്ത്രീ - പരിസ്ഥിതി പ്രശ്നങ്ങളെ അടയാളപ്പെടുത്താൻ കവിതയിൽ ജോസഫ് സ്വീകരിച്ചിരിക്കുന്ന ഭാഷ അതേ വിഭാഗത്തിന്റെ നോവും നിനവും നിറഞ്ഞു നിൽക്കുന്ന ഗ്രാമവും ഗ്രാമത്തിലെ ഭാഷയുമാണ്. വെള്ളം എന്ന കവിതയിൽ കവി പ്രയോഗിക്കുന്ന കുൻശന്മാരും ഓലിയും മുറ്റം മിറ്റമാകുന്നതും ചിന്നചേച്ചി എന്ന കവിതയിലെ കെട്ടിയോൻ, കെട്ടിയോന്റപ്പൻ, തോട്ടീപ്പോയി, തെകുത്തുകപ്പ, മൊളകുപൊട്ടിച്ചത്, ഊത്തകയറ്റം, കോറാമ്പൽ, ചില്ലോൻ, ആരോൻ, മഞ്ഞക്കൂരി, കൊളം ഇത്തരത്തിലുള്ള പ്രയോഗങ്ങൾ ഗ്രാമ്യഭാഷയുടെ നേരും നെറിയുമാണ്. പൊട്ട് എന്ന കവിതയിൽ പറയുന്ന മെച്ചിങ്ങയും കൈത്തോടും ചിറയും അപ്രം, ഇപ്പവരാവെ, കയ്യാല, പടുവിള തുടങ്ങിയ പദങ്ങളിലൂടെ തെളിയുന്ന ഗ്രാമ്യഭാഷാ സംസ്കാരം ജോസഫ് കവിതകളുടെ മുഖമുദ്രയാണ്. പുര പെരയാകുന്നതു പോലെ ഇടവഴി - എടവഴി, വിറുകുപെര - വെറകുപെര, കിറുകൃത്യം പോലുള്ള പ്രയോഗങ്ങളും അറ്റപ്പറ്റെ, കായെല്ലാം, വിളിക്കാതേം ഇത്യാദിപ്രയോഗങ്ങൾ ജോസഫ് കവിതകളുടെ പ്രയോഗത്തെയും ആവിഷ്കാരത്തെയും കരുപിടിപ്പിക്കുന്നു. പ്രാദേശികതയുടെ തനതുസംസ്കാരവും അവിടുത്തെ ഭാഷാപരമായ പ്രത്യേകതകളും അവതരിപ്പിക്കുന്ന കാലത്തിന്റെയും കാലികരുടെയും കവിയായി എസ്. ജോസഫിനെ വിലയിരുത്താം.

## സഹായക ഗ്രന്ഥങ്ങൾ

1) ഐഡന്റിറ്റി കാർഡ് - എസ്. ജോസഫ്, ഡി.സി. ബുക്സ്, കോട്ടയം

2) ഉപ്പന്റെ കൂവൽ വരയ്ക്കുന്നു - എസ്. ജോസഫ്, ഡി.സി. ബുക്സ്, കോട്ടയം

3) മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ - എരുമേലി പരമേശ്വരൻ പിള്ള,
കറന്റ് ബുക്ക്സ്

4) കവിത കാലത്തിന്റെ സാക്ഷി - പി വേണുഗോപാലൻ, ആർ രാജേഷ്,
കറന്റ് ബുക്ക്സ്

# തൊണ്ടയിൽ കുരുങ്ങുന്ന കവിതകൾ

(സോമൻ കടലൂരിന്റെ കവിതകൾ)

**ജോബി ജേക്കബ്**

വായനക്കാരിൽ നിന്ന് അഞ്ച് മടങ്ങ് അകലെയായിരിക്കുന്ന യാഥാർത്ഥ്യം ആവിഷ്ക്കരിക്കുന്ന കവിതയെക്കുറിച്ച് എഡ്വേർഡ് സെയ്ദ് പറയുന്നത് ജോൺ മിൽട്ടന്റെ പറുദീസാനഷ്ടം എന്ന മഹാകാവ്യത്തെ സ്മരിച്ചു കൊണ്ടാണ്. റാഫേൽ മാലാഖ സ്വർഗത്തിലെ ചില കാര്യങ്ങൾ ആദിമമനുഷ്യനായ ആദാമിനോട് വിവരിച്ചു കേൾപ്പിക്കുന്ന ഒരു സന്ദർഭം പറുദീസാനഷ്ടത്തിലുണ്ട്. സ്വർഗ്ഗത്തിലോ ഭൂമിയിലോ ഉള്ള ആരോടും പറഞ്ഞുകൊടുക്കാത്ത ആ രഹസ്യങ്ങൾ രാത്രിയുടെ ഇരുട്ടിൽ ഒളിപ്പിച്ചുവച്ചിരിക്കുകയായിരുന്നു. മാലാഖമാരുടെ ഭാഷപോലും ഈ രഹസ്യത്തിന്റെ വിനിമയത്തിന് പര്യാപ്തമല്ലെങ്കിലും ദൈവനിർബ്ബന്ധത്തിന്റെ പേരിൽ പറഞ്ഞറിയിക്കുകയാണെന്ന് മാലാഖ പറയുന്നു.

1. ഇരുളിൽ മറച്ചുവയ്ക്കപ്പെട്ടതാണ് ഈ രഹസ്യം.

2. മാലാഖ മനുഷ്യനിൽനിന്ന് ചില ഭാഗങ്ങൾ മറച്ചുവച്ചു.

3. ആദാമിന്റെ പാപം മൂലം അദ്ദേഹത്തിന്റെ സന്തതിപരമ്പരകളായ മനുഷ്യർക്കു സംഭവിച്ച കൃപാവരനഷ്ടത്താൽ ആദാം ഗ്രഹിച്ചതത്രയും മറ്റു മനുഷ്യർക്ക് ഗ്രഹിക്കാനാവുന്നില്ല.

4. മാലാഖയുടെ ഭാഷയിൽ പറയപ്പെട്ടത് മിൽട്ടൺ ഇംഗ്ലീഷ് ഭാഷയിൽ പറയുമ്പോൾ കുറേക്കൂടി അർത്ഥസങ്കോചം വന്നു.

5. നൂറ്റാണ്ടുകൾക്കപ്പുറത്ത് ഈ കവിത വായിക്കുന്നവർക്ക് ഇതിന്റെ സാരം ഗ്രഹിക്കാൻ വീണ്ടും പരിമിതികൾ ഉണ്ട്.

സൂക്ഷ്മമമായി ചിന്തിക്കാൻ, യാഥാർത്ഥ്യം നമുക്ക് സുഗ്രഹമേ അല്ല. അർത്ഥം പറയുമ്പോൾ ചോർന്നുപോകുന്നതാണ് കവിത എന്ന ക്ലീഷേ പ്രയോഗത്തിന് ഇവിടെ അർത്ഥപ്രസക്തി കൈവരുന്നുണ്ട്.

നിയോ ക്ലാസിക്കൽ കവിതകൾ അത് എഴുതിയ കാലത്തെപ്പോലും അത്ര കണ്ട് സ്വാധീനിച്ചിട്ടില്ല എന്നു കാണാവുന്നതാണ്. കാലങ്ങൾക്കപ്പുറത്ത് അവയുടെ പ്രാധാന്യം ഗണനീയമേ അല്ല. നമുക്ക് അപരിചിതമായ ജീവിതപരിസരങ്ങളിൽ സംഭവിച്ചതോ, സംഭവിച്ചതെന്ന് കവി വിശ്വസിക്കുന്നതോ, സംഭവിച്ചിരിക്കാനാണ് സാധ്യത എന്ന് കവി ഭാവന ചെയ്തതോ ആയ കാര്യങ്ങളാണല്ലോ ആ കവിതയുടെ ഇതിവൃത്തങ്ങൾ. ഉത്തരാധുനിക കവിതകളാകട്ടെ, ജീവിതയാഥാർത്ഥ്യങ്ങളുടെയും ചരിത്രബോധത്തിന്റെയും ഭാരവും സമകാലികാവസ്ഥകളുടെ നേരും ആവിഷ്ക്കരിക്കുന്നവയാണ്. ഭൂതകാലത്തിന്റെ വീരാപദാനഗാഥകളകല്ല, ജനാധിപത്യത്തിന്റെയും മാനവികതയുടെയും ധ്വംസനങ്ങളെക്കുറിച്ചുള്ള വിലാപഗാനങ്ങളും പ്രതിഷേധപ്പാട്ടുകളുമാണ് ഇക്കാലയളവിലെ കവിതകൾ മിക്കവയും. രൂക്ഷമായ ഭാഷയിൽ ഭർത്സനങ്ങളും മുന്നറിയിപ്പുകളും നൽകുന്ന കവികളിൽ സങ്കടങ്ങളും നിരാശയും ശക്തമാണ്.

വികാരം കൂടുന്നു, വാക്കുകൾ കുറയുന്നു.

ഇക്കാലത്തെ കവിതകളുടെ ഒരു പൊതുശീലം വാക്കുകളുടെ പിശുക്കാണ്. കുഞ്ഞുണ്ണി മാഷിൽ ആരംഭിച്ച ജനകീയമായ ഈ പദപ്രയോഗമിതത്വം ഇന്ന് ഒരു പൊതുശീലമായിക്കഴിഞ്ഞു. കാച്ചിക്കുറിക്കലെന്നോ ഭാവത്തിന്റെ സാന്ദ്രീകരണമെന്നോ വാഗ്മിത്വത്തിന്റെ (മിതം ച സാരം ച) ദൃഷ്ടാന്തമെന്നോ അത്ഭുതകരമായ കയ്യൊതുക്കമെന്നോ ഒക്കെ നിരൂപിക്കാമെങ്കിലും ഈ അക്ഷരലുബ്ധിനു കാരണം വാചകങ്ങളെ മുറിച്ച് വാക്കുകളും വാക്കുകളെ മുറിച്ച് അക്ഷരങ്ങളായും മാറ്റുന്ന ശ്വാസം മുട്ടലുകളും ഗദ്ഗദങ്ങളുമാണെന്നാണ് സത്യം. നീട്ടിപ്പാടാനും വിവരിച്ചു കേൾപ്പിക്കാനും പറ്റിയ മാനസിക ഭാവത്തിലല്ല പുതിയ കാലത്തെ കവികൾ എഴുത്തുമേശയ്ക്കരുകിൽ ഇരിപ്പുറപ്പിക്കുന്നത്. അവർക്കിത് ഒഴിവുസമയത്തെ വിനോദമോ രചനാമ

ത്സരത്തിലേക്കുള്ള എൻട്രികളോ അല്ല. ദുരന്തങ്ങളുടെ തോരാമഴയത്ത് വിറങ്ങലിച്ചു നിൽക്കുന്നവൻ പാടുന്ന പാട്ടുകൾക്ക് ഈണവും താളവും അളവും നീളവും നിശ്ചയിക്കാൻ നമ്മളാരാ? കബന്ധങ്ങൾ പെരുകുന്ന, ഭീകരാക്രമണങ്ങളും തീവ്രവാദങ്ങളും വർദ്ധിച്ചുവരുന്ന അയൽക്കാരെല്ലാം അരുതാത്തവരായി മാറുന്ന ഭോഗാസക്തി സർവ്വശക്തിയോടെയും ഉറഞ്ഞുതുള്ളുന്ന ഇക്കാലത്ത് കവികൾ മിണ്ടാതെയായിപ്പോയാലും അത്ഭുതമില്ല.

റഫീക്ക് അഹമ്മദിന്റെ ഭാഷാന്തരം എന്നൊരു കവിത വികൃതവും ക്രൂരവുമായി അംഗഭംഗത്തിന് ഇരയായ വാക്കുകളെക്കുറിച്ചാണ്. വാക്കുകളെ നിശബ്ദമാക്കുന്ന കലാപത്തിനൊടുവിൽ മാരകമായ മുറിവേറ്റ വാക്കുകളെ സന്ദർശിക്കാൻ അവയെ പാർപ്പിച്ചിരിക്കുന്ന അഭയാർത്ഥി ക്യാമ്പിൽ എത്തുന്ന ദുരിതാശ്വാസ പ്രവർത്തകനെ ഈ കവിതയിൽ കാണാം. അയാൾ അവയെ ആശ്വസിപ്പിക്കുകയല്ല, വീണ്ടും ഭീഷണിപ്പെടുത്തുകയാണ്. അർത്ഥ പരിവർത്തനത്തിന് തയ്യാറുണ്ടോ എന്നാണയാൾ ചോദിക്കുന്നത്. തയ്യാറല്ലെങ്കിൽ ഒരു തുള്ളി വെള്ളം തരില്ല എന്ന് അയാൾ കട്ടായം പറയുന്നു. എങ്കിൽ വിശ്വസിക്കുന്നു എന്നു ഏറ്റുപറയാനാണ് അടുത്ത ഭീഷണി. വാക്കുകളാകട്ടെ, ദാഹജലത്തിനായി കേണുകൊണ്ടിരിക്കുന്ന വാക്കുകകളുടെ സങ്കടമാണ് പുതിയ കവിതകൾ. മൗനത്തിൽ അവിശ്വാസം സൂക്ഷിക്കുന്നവയാണ് അവ.

പി.പി. രാമചന്ദ്രൻ വരവ് എന്ന കവിതയിൽ ഇങ്ങനെ എഴുതുന്നു.

വാക്കുകളേ,

ഞാനുള്ളൂ ചൂട്ടുവിളിക്കുമ്പോൾ

വരിപാലിച്ച്

ഗുരുലഘുമുദ്രകൾ ചാർത്തി

ഗണം തിരിഞ്ഞ്

കനത്ത പാദങ്ങളാൽ

രം നരം നരനരം എന്ന്

നിരന്നു വരുവതെന്തിനായ്?

ഉപചാരപൂർവ്വം

എന്നെ വണങ്ങുവതെന്തിനായ്?

കവിതയുടെയും ഭാഷയുടെയും സാമ്പ്രദായികമായ ശൈലികളെയും നിയമബദ്ധതകളെയും കളിയാക്കുകയാണ് കവി. ഉള്ളുപൊള്ളി വിളിക്കുന്ന കവിക്ക് വേണ്ടത് ഉപചാരവേഷം കെട്ടുന്ന പദാവലികളെയല്ല എന്ന് വ്യക്തം. കവിയെ വശീകരിക്കാൻ വാക്കുകൾക്കോ വാക്കുകളെ വശീകരിക്കാൻ കവിക്കോ കഴിയാത്ത സങ്കട കാലമാണിത്. കാവ്യഭാഷാനിർമ്മാണത്തിന്റെ നടപ്പുവഴക്കങ്ങളിൽ നിന്ന് സാരമായ അകലം പാലിക്കുന്ന നവമാതൃകകൾകൊണ്ട് സമൃദ്ധമാണ് സമകാലിക കാവ്യലോകം.

നിരാശാകവനങ്ങൾ

കായ്ഫലം തരുമെന്ന് കരുതി

നമ്മൾ നട്ട ചെടികളെല്ലാം

കഴുമരങ്ങളായ് പൂത്തുനിൽക്കുന്നു.

സോമൻ കടലൂരിന്റെ ഞാനഫലം എന്ന കവിതയുടെ അവസാന വരികളാണിത്. വലിയ പ്രതീക്ഷയുടെ അധ്വാനങ്ങളെല്ലാം വൃഥാവിലായിപ്പോകുന്നതിന്റെ സങ്കടമാണിത്. പ്രതീക്ഷകൾ വിഫലമായിപ്പോകുന്നതിന്റെ നൊമ്പരം എന്ന് പറഞ്ഞ് അവസാനിപ്പിക്കാവുന്ന ഒരു വിഷയമല്ല ഇത്. കായ്ക്കാതെപോയ മരത്തെക്കുറിച്ചല്ലല്ലോ ഈ ദു:ഖം; തളിരിട്ട് വളർച്ച പ്രാപിച്ച് കതിരിട്ടു കണ്ടപ്പോൾ നട്ടവൻ വിലപിക്കുന്നു. കാരണം അവ പൂത്തുനിൽക്കുന്നത് കഴുമരങ്ങളായാണ്. അന്തകവൃക്ഷത്തിന്റെ പൂക്കൾകൊണ്ട് മോഹാലസ്യപ്പെട്ട കവിയുടെ ദു:ഖമാണിത്. ഒരു കാലത്തും നന്നാവാത്ത ഒന്നായി മനുഷ്യകുലം മാറിയതിന്റെ ഉൽകണ്ഠയും നിരാശയും കവി പ്രകടിപ്പിക്കുന്ന ഒരു കവിതയാണ് സോമൻ കടലൂരിന്റെ പാഠം.

വോട്ടപ്പക്ഷിയിൽ നിന്ന്
പോർവിമാനമുണ്ടാക്കാൻ
കൊമ്പൻ സ്രാവിൽ നിന്ന്
മുങ്ങിക്കപ്പലുണ്ടാക്കാൻ
നമ്മൾ
എളുപ്പം പഠിച്ചു
അശാന്ത സമുദ്രത്തിലെ
അഭയാർത്ഥി മീനുകൾ
ആശയറ്റ ആകാശത്തിലെ
പരദേശി പ്രാവുകൾ
നമ്മെ
പഠിപ്പിക്കുന്നുണ്ടാവുമോ
എന്തെങ്കിലും (പാഠം)

ശാസ്ത്രത്തിലും കണ്ടുപിടുത്തങ്ങളിലും അത്ഭുതപ്പെടുത്തുന്ന വികസനങ്ങളിലും ഊറ്റം കൊള്ളുന്ന മനുഷ്യൻ അടിസ്ഥാന ജീവിതപാഠങ്ങൾ ഒരിക്കലും പഠിക്കാത്തതിന്റെ നിരാശ കവി പങ്കുവെയ്ക്കുന്നു. യുദ്ധം ചെയ്യാൻ പോർവിമാനവും മുങ്ങിക്കപ്പലുണ്ടാക്കാൻ പഠിച്ചവർ സമാധാനവും സഹിഷ്ണുതയും ലോകത്തിൽ പുലരാൻ ഒരു കണ്ടുപിടുത്തത്തിനും മുതിരുന്നില്ല. അവന്റെ മിടുക്കു മുഴുവൻ ഹിംസയ്ക്കുള്ള സന്നാഹങ്ങൾ നിർമ്മിക്കുന്നതിനായിരിക്കുന്നു.

കെട്ടകാലത്തിന്റെ ശാപങ്ങൾ എണ്ണിപ്പെറുക്കുന്ന കവിയുടെ പിറുപിറുക്കുകൾക്ക് വൃത്തവും താളവും ധ്വനിയും അലങ്കാരവും പ്രതീക്ഷിക്കരുതല്ലോ. നല്ലതൊക്കെ നാശമായി പരിണമിച്ചതിന്റെ വെറുപ്പും സങ്കടവും കവി കാലത്തോടുതന്നെ ഉണർത്തിക്കുകയാണ്.

താരാട്ട് അട്ടഹാസമായി
മുലപ്പാൽ വിഷപ്പാലായി
കളിക്കോപ്പുകൾ വെടിക്കോപ്പുകളായി
ഊഞ്ഞാൽ കൊലുക്കുടുക്കായി

തൊട്ടിൽ ശവപ്പെട്ടിയായി
മാതാവ് പൂതനയായി
പിതാവ് പ്രേതമായി
ഭവനം നാശമായി
ഭൂവനം നരകമായി
കാലമേ
എത്രവേഗം
നീ
ജീവിതം
ഈ വിധം
വിവർത്തനം ചെയ്തു!

സോമൻ കടലൂർ, പരിണാമം

ഭൂമി നരകവും ഭൂവാസികൾ നരകവാസികളുമായി പരിവർത്തിക്കപ്പെടുന്ന ഈ കാലത്ത് വാത്സല്യവും ശൈശവവും കരുതലും സന്തോഷവും എല്ലാം ഭീകരതിന്മകളായി മാറിക്കഴിഞ്ഞു. മനസ്സുമടുത്തും ശുഭകരമായി ഒന്നും തന്നെ ചുറ്റുപാടും കാണാതെയും വിഷമിക്കുന്ന കവിയാണിത്.

മാനവസമുദായത്തിന്റെ നിയമദാതാക്കളും സമൂഹമന:സാക്ഷിയുടെ പ്രബോധകരും മനുഷ്യന്റെ ദു:ഖം കവിയാതെ നോക്കാൻ നിയുക്തരുമാണ് കവികൾ എന്ന ഭാരിച്ച ചുമതലകളിൽനിന്ന് മന:പൂർവ്വം പിൻവാങ്ങിയ കവികളാണ് തങ്ങളെന്ന് ഉത്തരാധുനിക കവികൾ പ്രഖ്യാപിച്ചുകഴിഞ്ഞു. മിതത്വവും ആത്മനിയന്ത്രണവും സഹിഷ്ണുതയും ജീവിതത്തിൽനിന്നു കൈവിട്ടുകളഞ്ഞ മനുഷ്യരെ ഇനി എന്തു പഠിപ്പിക്കാനാണ്? വിവേകികളായ മൂന്നു കുരങ്ങന്മാരുടെ ചിത്രങ്ങൾ ഓർമിച്ചുകൊണ്ടുള്ള കവിതയുടെ സാരം ഇതാണ്.

ജപ്പാനിൽ ഉത്ഭവിച്ചു എന്നു കരുതുന്ന വിവിധ ഭാവത്തിലുള്ള, മിസാരു,കികസാരു, ഇവാസാരു എന്നീ പേരുകളിലറിയപ്പെടുന്ന മൂന്ന് വിവേകികളായ കുരങ്ങന്മാർ (തിന്മകാണരുത്, തിന്മ കേൾക്കരുത്, തിന്മ പറയരുത് എന്ന സനാതന തത്വങ്ങളെ പ്രതിനിധാനം ചെയ്യുന്ന

കുരങ്ങന്മാർ) മനസ്സുമടുത്ത് കാടു കയറിയതായി കവി എഴുതുന്നു

ഒന്നാം കുരങ്ങൻ
ചെവിമുറിച്ചെടുത്ത് മണ്ണിലെറിഞ്ഞു
രണ്ടാം കുരങ്ങൻ
കണ്ണ് ചൂഴ്ന്നെടുത്ത് കടലിലൊഴുക്കി
മൂന്നാം കുരങ്ങൻ
നാവ് അരിഞ്ഞെടുത്ത്
തീയിലെരിച്ചു
കേട്ടില്ല
കണ്ടില്ല
മിണ്ടില്ല എന്ന നിൽപ്
മനുഷ്യർക്ക്
ഇനി
പപഠിപ്പിക്കേണ്ടതില്ലെന്നറിഞ്ഞ്
അവർ കാടുകയറി

(മൂന്നു കുരങ്ങൻമാർ)

കണ്ണും കാതും ചെവിയും അടച്ചുപിടിച്ച് അരുതാത്തവയോട് പ്രതികൂലഭാവം പുലർത്താൻ മനുഷ്യനെ പ്രേരിപ്പിക്കുന്ന വിവേകചിന്തയ്ക്ക് ഇന്ന് വലിയ വിലയൊന്നുമില്ലാതായിരിക്കുന്നു. അവനവന് അപ്പപ്പോൾ തോന്നുന്ന കാര്യങ്ങൾ കാണാനും കേൾക്കാനും പറയാനും ഒരു മടിയുമില്ലാത്ത സമൂഹത്തിൽ മനസുമടുത്ത കവികൾ വാക്കുകൾ കുറച്ച് മൗനികളാകുന്നു.

ആത്മനിന്ദയുടെ വാക്കുകൾ

അഭിമാനത്തോടെയും സംതൃപ്തിയോടെയും ജീവിക്കാനുള്ള ഭൗതിക സാഹചര്യങ്ങൾ നഷ്ടമായിക്കൊണ്ടിരിക്കുന്ന ലോകമാണ് ഇത്. അന്തസോടെ,സ്വാതന്ത്ര്യത്തെ പരമമൂല്യമായി ഗണിക്കുന്ന മനുഷ്യവ്യക്തിക്ക് ദേശീയ സ്വാതന്ത്ര്യമൊക്കെയുണ്ട് എന്ന് നിനയ്ക്കുമ്പോഴും മനസുമടുപ്പിക്കുന്ന ഒരുപാട് വരിഞ്ഞുമുറുക്കലുകൾ അനുഭവിക്കേണ്ടി വരുന്നു. അടുത്ത മുറിയിൽനിന്ന് നിതിനിഷേധത്തിന്റെ നിലവിളികൾ

ഉയരുമ്പോൾ ഞാനെങ്ങനെയാണ് സ്വാതന്ത്ര്യം അനുഭവിക്കുക? അടുത്ത വീട്ടിൽ പട്ടിണിയുടെ സങ്കടങ്ങൾ ഇരമ്പുമ്പോൾ ഞാനെങ്ങനെയാണ് സ്വാതന്ത്ര്യനാകുന്നത്? നാടിന് സ്വാതന്ത്ര്യമുണ്ടെന്ന് ഭരണഘടനയും നിയമവും പറയുമ്പോഴും സകലരും കാരാഗൃഹത്തിലാണെന്ന് കവി അനുഭവം കൊണ്ടു പറയുന്നു. വിശപ്പിന്റെ, വിശ്വാസത്തിന്റെ, വാർദ്ധക്യത്തിന്റെ, വ്യാമോഹത്തിന്റെ, വൈരൂപ്യത്തിന്റെ, വൈകല്യത്തിന്റെ വൈവിധ്യത്തിനന്റെ, അനാഥത്വത്തിന്റെ കാരാഗൃഹങ്ങളിലാണ് സകലരും

ഇതൊക്കെ
എത്ര ചെറുത്
സ്വതന്ത്രരെന്ന്
മേനിപറയുന്നു ഞാനു നീയും
വികലകാലത്തിന്റെ
വികലലോകത്തിന്റെ
തടവിലകപ്പെട്ടതറിയാതെ?

ചൈനയുടെ വൻമതിൽ തീരെ ചെറുതാണ്. ഇന്നാട്ടിലെ അശരണർക്ക് കൊടുക്കാതെ നാം പിടിച്ചുവച്ചിരിക്കുന്ന സ്വാതന്ത്ര്യങ്ങൾ അടുക്കിവെച്ചാൽ, ചൈനേ, അമേരിക്കേ എന്ന കവിത ഇതാണ് പറയുന്നത്. ചൈനയുടെ വന്മതിലിനെക്കുറിച്ച് പ്രസംഗങ്ങളിൽ നമ്മൾ വാചാലരാകുന്നു. അതിലും വലിയ മതിലുകൾ നിർമിക്കുന്ന നിരന്തര ശ്രമത്തിലേർപ്പെട്ടാണ് ഈ ധർമപ്രബോധനങ്ങൾ എന്നത് വിരോധാഭാസം. വർണ വർഗ ലിംഗ ജാതി ഭേദചിന്തകൾക്കതീതമായ മഹത്തായ മാനവ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള പ്രബോധനങ്ങളിൽ അമേരിക്കയുടെ ലിബർട്ടി സ്റ്റാച്ച്യു നമ്മുടെ ഭാവനകളിൽ ഉയർന്നു നിൽക്കും, പക്ഷേ നമ്മുടെ വീടുകളിലും നാട്ടിലും നാം അടിമപ്പെടുത്തുന്ന വ്യക്തികൾക്ക് കണക്കുണ്ടോ? യഥാർത്ഥ്യത്തിൽ ആത്മനിന്ദയോടെ കവി മൗനിയാകുന്നു. നാണംകെട്ട നമ്മുടെ പ്രസംഗങ്ങളും ഉപദേശങ്ങളും ഓർക്കുന്ന കവി പറഞ്ഞുനിർത്തുന്നു.

മാനവിതയുടെ മഹത്ത്വങ്ങളും സംസ്കാര പരിഷ്കാരങ്ങളുടെ നേട്ടങ്ങളും വികസനക്കുതിപ്പുകളും വാതോരാതെ പ്രകീർത്തിക്കുന്ന മനുഷ്യന്റെ

യഥാർത്ഥ ഭാവം ഹിംസജന്തുവിന്റെ ക്രൗര്യമാണെന്ന് കവി പറയുന്നു. പൂമുഖത്ത് പുഞ്ചിരിയും പിന്നാമ്പുറത്ത് വെറുപ്പും കൊണ്ട് പതുങ്ങിക്കഴിയുന്ന ക്രൂരമൃഗമാണ് മനുഷ്യൻ എന്ന് സ്ഥാപിക്കാൻ ഗവേഷണങ്ങളൊന്നും വേണ്ട.

സുന്ദര മന്ദസ്മിതം
പൂത്തുനിൽക്കുമെൻ ചുണ്ടിൽ
പിന്നിലായൊളിക്കുന്ന
രക്തദാഹിയാം തേറ്റ (ജന്തു)

ജന്തുജാലങ്ങളിൽ കപടതയുള്ള ഏക ജന്തു മനുഷ്യനാണല്ലോ. കാരണം വ്യക്തമാണ്; മനുഷ്യനുമാത്രമാണ് വിശേഷബുദ്ധിയുള്ളത്. ചിരിച്ചുകാണിച്ചുകൊണ്ട് കൊലച്ചതി നടത്തുന്ന ജീവിയായതിന്റെ അപമാനമാണ് കവിയുടെ വാക്കുകൾ

കോർപ്പറേറ്റ് ആസുരതയെക്കതിരെ

കോർപ്പറേറ്റു ഭീമന്മാരുടെ നികൃഷ്ട നിലപാടുകളും ക്രൂരമായ ചൂഷണങ്ങളും കണ്ട് മനസുമടുത്ത കവി ശക്തമായി പ്രതിഷേധിക്കുന്നു. അവർക്കെതിരെ ദീർഘപ്രഭാഷണങ്ങളും? കുറുകിയ വാക്കുകളിൽ പരിഹാസവും നിരാശയും നിസ്സഹായതയുമാണ് കവിയിൽ നിന്നും വരുന്നത്. പ്രതിരോധവും പ്രതിഷേധവും കൈവിട്ട മുതലാളിത്വത്തിന്റെ കാലത്ത് നേരിടേണ്ട ദുരന്തമാണ് പുലി വന്നപ്പോൾ എന്ന കവിത. പുലി വരുന്നു, നിലവിളിക്കുന്നില്ലേ എന്നു ചോദിച്ചവനോട് ആട്ടിടയൻ പറയുന്നു: ഈ മലഞ്ചെരിരിവും ഇവിടെ മേയുന്ന ആടുകളും പുലിയുടേതാണ്; താനാകട്ടെ, പുലിയുടെ ശമ്പളക്കാരനും. അതുകൊണ്ട് പുലിയെ ഭയക്കേണ്ടതില്ല. പക്ഷേ,

> ആട്ടിടയൻ പറഞ്ഞുതീരു മുമ്പ്
> പുലി നഖം
> എന്റെ കഴുത്തിൽ അമർന്നിരുന്നു.

നാടും വിഭവങ്ങളും ബഹുരാഷ്ട്രക്കമ്പനികൾക്ക് തീറെഴുതിക്കൊടുത്തതിന്റെ ഭവിഷ്യത്ത് നാം അനുഭവിച്ചുതുടങ്ങി. തൽക്കാല ലാഭത്തിനുവേണ്ടി നമ്മൾ ക്ഷണിച്ചിരുത്തി സൽകരിച്ചു പോറ്റിയ

വൻകിടക്കാർ ഇവിടെ അധീശത്വം ഉറപ്പിച്ചു കഴിഞ്ഞു.

ഒരു മാമ്പഴത്തിനാണ്
അവൻ വരിക
ഒരു പത്തെണ്ണം എടുത്തോളൂ എന്ന്
നമ്മൾ ഉദാരരാവും
അവൻ പോയിക്കഴിയുമ്പോൾ
ഒറ്റ മാവുണ്ടാവില്ല
നമ്മുടെ പറമ്പിൽ
അവനോട് വരരുതെന്ന് പറയാൻ
നമുക്കാവില്ലല്ലോ.

അവന്റെ വരവ് എന്ന കവിതയാണിത്. നമ്മുടെ ഉദാരത അവന്റെ ക്രൂര സ്വാർത്ഥതയോട് ഏറ്റുമുട്ടാനാവാത്തവിധം ദുർബലമാണ്. നമ്മുടെ മാങ്ങയുടെയും മാവിന്റെയും പറമ്പിന്റെയും അവകാശം അവൻ കൈക്കലാക്കിയത് തിരിച്ചറിഞ്ഞപ്പോഴേക്കും നമ്മൾ അവന്റെ അടിമകളായിക്കഴിഞ്ഞിരുന്നു. ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഈ അന്യാധീനപ്പെടൽ നടന്നു കഴിഞ്ഞു.

നമ്മുടെ അധികാരികളാൽ നാമറിയാതെ ഒറ്റുകൊടുക്കപ്പെട്ട നമ്മൾ, നാമറിയാതെ വിൽക്കപ്പെട്ട നമ്മൾ, നാമറിയാതെ നിരാധാരരാക്കപ്പെട്ടുകഴിഞ്ഞു.

ഉപസംഹാരം

വീരാൻ കുട്ടിയുടെ അരുതേ എന്നൊരു കവിത ഇങ്ങനെയാണ്.

കൈകൂപ്പി
അരുതേ...യെന്നു
തൊട്ടാവാടി
നിശബ്ദം യാചിച്ചത്
ഈ ഭൂമിക്കു മുഴുവനും വേണ്ടിയായിരുന്നു എന്ന്
അറിഞ്ഞിരിന്നുവോ
പിഴുതുകളയുമ്പോൾ?

(വീരാൻകുട്ടി, മിണ്ടാപ്രാണി)

നിഷ്ഫലമായ പ്രതിഷേധവും പ്രതിരോധവും കൊണ്ട് കടമ നിർവ്വഹിക്കുന്ന ദുരോഗത്തിൽ ഏർപ്പെടുന്ന കവിയുടെ നിസ്സഹായതയുടെ അടയാളമാണിത്. നീട്ടിപ്പാടിയിട്ടോ പരത്തിപ്പറഞ്ഞിട്ടോ ഫലമില്ലെന്ന് മനസിലായ കിവകളുടെ അടക്കം പറച്ചിലാണ് സമകാലിക കവിതകൾ എന്ന വസ്തുതയാണ് ഈ പഠനത്തിൽ അപഗ്രഥിച്ചത്.

മഹാകാവ്യങ്ങളും ഖണ്ഡകാവ്യങ്ങളും പാടിയിട്ട് കാര്യമില്ലെന്ന തിരിച്ചറിവിൽ മഹാമൗനത്തതലേക്ക് മടങ്ങാൻ പ്രലോഭിതരാകുന്ന കവികൾ വ്യസനത്തോടെയും അന്ത:രോഷത്തോടെയും നടത്തുന്ന അടക്കംപറച്ചിലുകളാണ് ഈ കവിതകൾ.

സഹായഗ്രന്ഥങ്ങൾ

1. ഡോ.എൻ.സാം (എ.ഡി.) സമകാലമലയാളസാഹിത്യം കറന്റ് ബുക്സ്, 2014

2. സച്ചിദാനന്ദൻ, മലയാള കവിതാപഠനങ്ങൾ, മാതൃഭൂമി ബുക്സ്, 2011

3. സോമൻ കടലൂർ, ഓരോവെടിയുണ്ടയും ഒരാൾക്കൂട്ടമാണ് പ്ലാവില ബുക്സ്, 2020

4. വീരാൻകുട്ടി, മിണ്ടാപ്രാണി, ഡി.സി.ബുക്സ്, 2015

5. റഫീക് അഹമ്മദ്, ആൾ മറ, കറന്റ് ബുക്സ്, 2004

# ഗോത്രകവിത: ഭാഷ, സംസ്കാരം, പ്രതിരോധം
## (അശോകൻ മറയൂരിന്റെ കവിതകളിൽ)

**രമ്യാമോൾ ജി**

ഗവേഷക, ഗവ. കോളേജ് കട്ടപ്പന

**പ്രബന്ധസംഗ്രഹം**

ഭാഷയുടെ ജനനം എന്നതുപോലെ തന്നെ മരണവും സംഭവിക്കാറുണ്ട്. ഭാഷ വാക്കുകളുടെ കൈമാറ്റം എന്ന കേവലാർത്ഥത്തിനപ്പുറം സ്വത്വം, സംസ്കാരം എന്നിങ്ങനെയുള്ള തലങ്ങളെക്കൂടി വിനിമയം ചെയ്യുന്നുണ്ട്. ഭാഷയുടെ മരണമെന്നാൽ വ്യക്തിയുടെ അല്ലെങ്കിൽ ഒരു സംസ്കാരത്തിന്റെ നഷ്ടം എന്നു കൂടിയാണ്. വാമൊഴി പാരമ്പര്യത്തിലൂടെ മാത്രം കൈമാറിവന്ന തങ്ങളുടെ മാതൃഭാഷയായ ഗോത്രഭാഷയിലൂടെ കാവ്യലോകത്ത് കാടഴകിന്റെ വസന്തം തീർക്കുകയാണ് സ്വത്വനഷ്ടമെന്തെന്നറിഞ്ഞ പുതുതലമുറയിലെ ഗോത്രകവികൾ.

സമകാലിക മലയാളകവിതാസാഹിത്യത്തിൽ കാവ്യഭാഷയുടെയും സൗന്ദര്യാത്മകതയുടെയും പ്രതിരോധത്തിന്റെയും സവിശേഷമായ ഒരു തലം പരിചയപ്പെടുത്തുകയാണ് ഗോത്രകവിതകൾ. യാഥാസ്ഥിതിക ബാഹ്യാലങ്കാരമോടികളിൽ നിന്നും പാരമ്പര്യചട്ടക്കൂടുകളിൽ നിന്നും കവിത പച്ചയായ മണ്ണിന്റെ ആർദ്രതയിൽ ആഴ്ന്നിറങ്ങി വേരുകളന്വേഷിക്കുന്നു. കാടഴകിന്റെ തനിമയാർന്ന ഭാഷയിൽ, ആദിതാളത്തിൽ അനുഭവങ്ങൾ അക്ഷരങ്ങളായി പിറവികൊള്ളുമ്പോൾ കവിത അതിന്റെ ജൈവികാനുഭവത്താൽ അതിജീവനമാകുന്ന കാഴ്ചയാണ് ഗോത്രകവിതകളിൽ ദൃശ്യമാകുന്നത്.

**ഗോത്രഭാഷയും കവിതയും**

ലിപിരഹിതമായി വാമൊഴി പാരമ്പര്യത്തിൽ മാത്രം നിലനിൽക്കുന്ന തനത് ഭാഷാമണ്ഡലത്തിൽ നിന്നുകൊണ്ട് സ്വത്വവും സംസ്കാരവും പ്രതിരോധവും അതിജീവനുമെല്ലാം ആവിഷ്കരിക്കുകയാണ് ഗോത്രകവിതകൾ. പച്ചയായ ജീവിതാനുഭവങ്ങൾ മാതൃഭാഷയിലൂടെ ആവിഷ്കരിക്കുമ്പോൾ അത് തദ്ദേശീയമായ ഒരു ചെറുത്തുനിൽപ്പാകുന്നു.

അശോകൻ മറയൂർ (മുതുവഭാഷ), ശിവലിംഗൻ (ഇരുളഭാഷ), പ്രകാശ് ചെന്തളം (മലവേട്ടുവ), മണികണ്ഠൻ അട്ടപ്പാടി (ഇരുള), സുകുമാരൻ ചാലിഗദ (റാവുള), ലിജിന കടുമേനി (മലവേടുവ), ബിനു ഇരുളം (കാട്ടുനായക്ക) തുടങ്ങിയവർ ഗോത്രഭാഷയുടെ ശക്തിയും തനിമയും തിരിച്ചറിഞ്ഞവരാണ്. ഈ പുതുതലമുറക്കാരുടെ രചനാശൈലികൊണ്ടും സർഗ്ഗാത്മകതകൊണ്ടും മുഖ്യധാര സാഹിത്യത്തിൽ ഗോത്രകവിത എന്ന സമാന്തരധാര അംഗീകരിക്കപ്പെട്ടിരുന്നു.

**ഭാഷയുടെ അതിജീവനം സംസ്കാരത്തിന്റെയും**

ജീവജാലങ്ങളുടെ ജനന മരണ പ്രക്രിയ എന്നതുപോലെ ഭാഷയും ഈ നൈരന്തര്യ പ്രക്രിയയുടെ ഭാഗമാണ്. ഭാഷയുടെ മരണമെന്നാൽ ഒരു സംസ്കാരത്തിന്റെ നഷ്ടം എന്നുകൂടിയാണ്. കാരണം കേവലം വാക്കുകളുടെ കൈ മാറ്റമല്ല ഭാഷ. സ്വത്വം, പാരമ്പര്യം, അറിവുകൾ തുടങ്ങി എല്ലാം അടങ്ങുന്ന ഒരു സാംസ്കാരിക വിനിമയമാണ് ഭാഷയിലൂടെ സാധ്യമാകുന്നത്. അതായത് ഭാഷ. ഭാഷ ഒരു സംസ്കാരത്തെ ഉൾവഹിക്കുന്നുണ്ട്. ലോകത്ത് പകുതിയോളം ഭാഷകൾ അതിജീവനഭീഷണിയുടെ നിഴലിലാണ്. ചരിത്രം, സംസ്കാരം പ്രകൃതി അറിവ് എല്ലാം ഭാഷയുടെ മരണത്തോടെ അപചയിക്കുന്നു. ഇത് ഏറ്റവും കൂടുതൽ ബാധിച്ചിരിക്കുന്നത് ഗോത്രഭാഷകളെയാണ്. കാരണം അവ ലിപിരഹിതമാണ് എന്നതു തന്നെ. അന്യഭാഷകളുടെ അധിനിവേശം മാതൃഭാഷയിലുള്ള പ്രാഥമിക വിദ്യാഭ്യാസ നിഷേധം, സംസാരിക്കുന്നവരുടെ എണ്ണത്തിലുണ്ടാകുന്ന കുറവ്, ഭാഷ മോശമാണെന്ന ധാരണ സൃഷ്ടിക്കൽ തുടങ്ങി ഒട്ടേറെ കാരണങ്ങൾ ഭാഷാമരണത്തിന് കാരണമാകാറുണ്ട്. ഭാഷയുടെ മരണം സ്വത്വനഷ്ടമാണ്, സംസ്കാര

നഷ്ടമാണ് എന്ന എന്ന് തിരിച്ചറിയുമ്പോഴാണ് ഭാഷ ഒരു രാഷ്ട്രീയമാകുന്നത്; പ്രതിരോധമാകുന്നത്.

ഇത്തരമൊരു തിരിച്ചറിവിൽ നിന്നാണ് ഗോത്രകവിതകളുടെ പിറവി വാമൊഴിയായി മാത്രം നിലനിന്ന തനത് ഭാഷ മണ്ഡലത്തിൽ നിന്നുകൊണ്ട് സ്വത്വത്തെ തിരിച്ചറിഞ്ഞ് അവകാശബോധം വന്ന അവർ സംസ്കാരസംരക്ഷണത്തിന്റെ പ്രതിരോധഭാഷ ചമയ്ക്കുകയാണ് ഗോത്രകവികൾ. ജൈവികാനുഭവത്തിന്റെ സുക്ഷ്മഭാവം വാക്കുകളിൽ, തായ്മൊഴിയിൽ നിറയുമ്പോൾ നഷ്ടപ്പെട്ടതൊക്കെ അവർ തിരിച്ചുപിടിക്കുന്നു. ഇത്തരമൊരു അതിജീവനമാണ് അശോകൻ മറയൂരിന്റെ കവിതകൾ. കാടനുഭവവും ഗോത്രസംസ്കാരവും തീർത്ത ആത്മജ്ഞാനത്തെ മുതുവാൻ ഭാഷയിലൂടെ ആവിഷ്കരിക്കുകയാണ് അദ്ദേഹം.

**ഗോത്രഭാഷകവിതയും അശോകൻ മറയൂരും**

ഗോത്രഭാഷാപാരമ്പര്യത്തെ സൗന്ദര്യാത്മക ഒട്ടും ചോർന്നുപോകാതെ സ്വത്വത്തിന്റെയും സംസ്കാരത്തിന്റെയും പ്രതിരോധത്തിന്റെയും ഭാഷ്യം ചമയ്ക്കുകയാണ് തന്റെ കവിതകളിലൂടെ അശോകൻ മറയൂർ. സവിശേഷമായ ഭാഷയും ആചാരവും സംസ്കാരവും സ്വന്തമായിട്ടുള്ളവരാണ് മുതുവാന്മാർ. വാമൊഴി മാത്രമുള്ള തന്റെ മാതൃഭാഷയായ മുതുവാഭാഷയിലാണ് അശോകൻ തന്റെ ഭാവനയെ സ്വതന്ത്രമാക്കി എഴുത്തിലേക്ക് പരിവർത്തനപ്പെടുത്തിയത്. പ്രകൃതി, വിശപ്പ്, വേഷം, വിശ്വാസാചാരങ്ങൾ, പെൺമ, അധിനിവേഷം, ചൂഷണം, കൃഷി തുടങ്ങി തനിക്കുചുറ്റുമുള്ള കാടകത്തിന്റെ ജൈവികാനുഭവങ്ങൾ സൂക്ഷ്മഭാവത്തിൽ കവിതയിൽ നിറയുന്നു.

തമിഴും മലയാളവും ഇടകലർന്ന തായ്മൊഴി മലയാളലിപി ഉപയോഗിച്ച് രേഖപ്പെടുത്തുകയായിരുന്നു. ലിപിരഹിത ഭാഷയെ ലിപിയിൽ കൊണ്ടുവരിക എന്നത് ഒരു വലിയ പ്രശ്നമായിരുന്നു. അതിനെക്കുറിച്ച് അശോകനിലെ കവിയെ കണ്ടെത്തിയ ഗുരുവും മാർഗ്ഗദർശിയുമായിരുന്ന പി. രാമൻ ഇപ്രകാരം രേഖപ്പെടുത്തുന്നു.

"2016 – ൽ 'തിളനില'യിൽ ആദ്യമായി പ്രസിദ്ധീകരിച്ച അശോകന്റെ കവി

തകൾ എങ്ങനെ ടൈപ്പ്സെറ്റ് ചെയ്യുമെന്നത് പ്രസാധകൻ എന്ന നിലയ്ക്ക് എന്നെ കുഴക്കുകയുണ്ടായി. പലേടത്തും രണ്ടു ചന്ദ്രക്കലകൾ ആവർത്തിച്ച് അച്ചടിച്ചാണ് ചില ധ്വനികൾ എഴുത്തിൽ പുറപ്പെടുവിച്ചത്. 2017 – ൽ ഡി. സി. ബുക്സ് പുറത്തിറക്കിയ അശോകന്റെ ആദ്യ സമാഹാരത്തിന്റെ ശീർഷ ത്തിലുമുണ്ട് രണ്ട് മീത്തൽ ചിഹ്നങ്ങൾ''. പ്രതിസന്ധിയുടെ ഘട്ടങ്ങളെ മറി കടന്നാണ് ഓരോ രചനയും എന്ന് മനസിലാക്കാം. തന്റെ കാവ്യരചന യ്ക്കായി മലയാള ലിപിയെ ആശ്രയിച്ചു എന്ന് ശ്രദ്ധേയമാണ്. തമിഴ് രണ്ടാം ഭാഷയായ അശോകന് തന്റെ ഭാഷയുടെ ശക്തി തെളിയിക്കുന്നതിനാവശ്യ മായ ലിപി സമ്പന്നത മലയാള ഭാഷയിലാണ് കണ്ടെത്താനായതെന്നതും ഒരു രാഷ്ട്രീയം തന്നെയാണ്. അശോകൻ കവിതകളിൽ ഭാഷ വൈകാരി കത നിറഞ്ഞ കാടനുഭവങ്ങളാണ്. കാനനത്തിന്റെ നിറവും മണവുമാണ് കവിതകളുടെ പിൻബലം. 'പൊറമല' എന്ന കവിതയിൽ മുതുവാൻ സമു ദായത്തിന്റെ വംശചരിത്രമാണ്. ആരാണ് പ്രകൃതിയെ തങ്ങളിൽ നിന്ന് തട്ടി യെടുത്തതെന്ന് കവി ചോദിക്കുന്നു. പൊതുസമൂഹത്തിൽ നിന്നകറ്റി നിർത്ത പ്പെട്ട ജനതയുടെ ചോദ്യമാണിത് ഊരുകൂട്ടം, കല്യാണം, മരണാനന്തര ചടങ്ങ് തുടങ്ങിയ സാംസ്കാരിക സവിശേഷതകൾ. ഗോത്രജീവിതവും പ്രകൃ തിയും തമ്മിലുള്ള പാരമ്പര്യത്തിന്റെ രചനയാണ് 'നിലാനെറപെണ്ണും കാട്ടക ത'യും. ഇവിടെ സ്ത്രീ പ്രകൃതി തന്നെയാണ്. സ്വപ്നങ്ങളുടെയും പ്രതീക്ഷകളുടെയും പ്രതീകമാണവൾ. ജീവിതത്തിന്റെ ഇല്ലായ്മകളും വല്ലാ യ്മകളിലും തങ്ങളോടൊപ്പം പ്രകൃതി മാത്രമാണ് എന്ന തിരിച്ചറിവ് സമ കാലിക ജനാധിപത്യസമൂഹത്തിനെതിരെയുള്ള ശക്തമായ പ്രതികരണ മാണ്.

''അപ്പനവേട്ടിലി
ഒറമൂലകീറി
എന്റകെത്യപിച്ച പൂവ്ട്ട
പാവടയക്കി
കെത്രോട്ടി
അറവെലിക്കയിരിക്കിക്കെട്ടെ

പുണ്ണ്പെട്ട എടമെല്ലാം

കറത്തപുക

നാന്ന് ഓടിനടന്ന കാട് ഇവയ്"

വറുതികളുടെ കാലംഗോത്രജീവിതത്തിന്റെ ഒരു ഭാഗമായി കഴിഞ്ഞിരിക്കുന്നു. നേരനുഭവത്തിന്റെ സാക്ഷ്യമാണ് ഈ കവിത. വരേണ്യത അകറ്റി നിർത്തിയ തങ്ങളെ സ്വഭാഷയിലൂടെ അടയാളപ്പെടുത്തുമ്പോൾ ഭാഷ ഒരു സാംസ്കാരിക മാധ്യമമാകുന്നു. ഈ തിരിച്ചറിവിൽ വാക്കുകൾ ആയുധമാകുന്നു, ഉയിർത്തെഴുന്നേല്പാകുന്നു.

"വേങ്ങമര പാലിൽ പൊട്ടുതൊട്ട്

മുക്കുത്തി

സൂര്യവട്ടക്കമ്മലിട്ട്

അടുത്ത തെരുവിലെ

പൊങ്കലിന്

കൂട്ടം കൂട്ടമായി"

പോകുന്ന സ്ത്രീകളുടെ മനോഹരമായ വർണ്ണന ദ്രാവിഡ ലാവണ്യശാസ്ത്രത്തിന്റേതാണ്.

'തുപ്പ്' ഗോത്രസമുദായത്തിൽ നിലനിൽക്കുന്ന വിശ്വാസത്തിന്റെ ആവി ഷ്കാരമാണ്. 'തായി' എന്ന കവിതയിൽ.

"എന്റ് നാന് പെണ്ണാപെറപ്പനോ

നിന്ന പെറ്റെന്റ് വളപ്പനോ"

എന്നാണ് ദാരിദ്ര്യത്തിന്റെ പൊകടുപ്പ് ഊതിയൂതി ഇല്ലായ്മകൾ തന്റെതാക്കി മക്കളെ വളർത്തിയ ആ അമ്മയെ എന്നാണ് പെറ്റ് പോറ്റി വളർത്താൻ പെണ്ണായി പിറക്കാനാവുക എന്നാണ് കവി ചോദിക്കുന്നത്. ആത്മാവിനെ തൊട്ടറിഞ്ഞ വാക്കുകൾ എന്ന് വേണം വിലയിരുത്താൻ.

തങ്ങളുടെ സ്വപ്നങ്ങൾ നിറമുള്ളതാണ്. എന്നാൽ അതിനെ വാർത്തെടുക്കാനാവാതെ മരിച്ചവനു തുല്യമാണ് എന്ന കവിബോധം 'കിനാവ്' - ൽ നിറയുമ്പോൾ ഈ അവസ്ഥയിലേക്കു നയിച്ച അധികാര ബോധത്തോടാണ് കവി കലഹിക്കുന്നത്. ഈ അനുഭവങ്ങളെല്ലാം തങ്ങ

ളുടെ അവകാശത്തെക്കുറിച്ച് തിരിച്ചറിഞ്ഞ യുവതലമുറയുടേതാണ്. തങ്ങളെ അകറ്റിനിർത്തിയ സാഹിത്യമണ്ഡലത്തിൽ പ്രതിരോധത്തിന്റെ ഭാഷ്യം ചമയ്ക്കുകയാണ് ഓരോ കവിതയും.

**സഹായകഗ്രന്ഥങ്ങൾ**

1. അശോകൻ മറയൂർ, പച്ചവ്ട്, ഡി സി ബുക്സ്, കോട്ടയം - 2017

**ആനുകാലികങ്ങൾ**

1. അശോകൻ മറയൂർ, കേരളത്തിലെ ഗോത്രകവിതകൾ, ഭാഷാപോഷിണി, മാർച്ച് 2019

2. രാമൻ പി, കാടൊഴിഞ്ഞു പോകാത്ത കവിത ഭാഷാപോഷിണി, മാർച്ച് 2019

## Websites

https://www. deshabhimani.com

https://www.athmaonline.in

https://www.sanghaditha.com

# ഉത്തരാധുനിക കവിതയിലെ പരിസ്ഥിതി സമവാക്യങ്ങൾ-പി.പി. രാമചന്ദ്രന്റെ തിരഞ്ഞെടുത്ത കവിതകളിൽ

സിബിൾ സണ്ണി
ഗവേഷകൻ, ഗവ.കോളേജ് കട്ടപ്പന

**പ്രബന്ധ സംഗ്രഹം:**

ആധുനികാനന്തര മലയാള കവിതയിലെ ജൈവാനുഭൂതിയുടെ തീവ്രമായ ആവിഷ്കാരമാണ് പി.പി. രാമചന്ദ്രന്റെ കവിതകൾ. ഉത്തരാധുനിക കാലത്തെ പരിസ്ഥിതി വിചാരത്തിന്റെ കേവലമായ അനുകരണങ്ങളാകാതെ പാരമ്പര്യത്തിൽ നിന്നും ഊർജം ഉൾകൊണ്ടുകൊണ്ട് പുതിയ കാലത്തിന്റെ ആഘാതങ്ങളെ നേരിടാനുള്ള വിജയമന്ത്രമാണ് പി.പി. രാമചന്ദ്രന്റെ കവിതകൾ അന്വേഷിക്കുന്നത്. പാരിസ്ഥിക പ്രശ്നങ്ങളെ ഊഷ്മളമായ പ്രകൃതി സ്നേഹത്തിന്റെ വൈകാരീക തലം കൊണ്ട് മാത്രം അതിജീവിക്കുവാൻ ശ്രമിക്കാതെ ശക്തമായ രാഷ്ട്രീയ പ്രശ്നമായി ഉയർത്തിക്കൊണ്ട് ദാർശനികമായും യുക്തിഭദ്രമായും വിലയിരുത്തി പരിഹാരം കാണുവാനാണ് അദ്ദേഹം ശ്രമിക്കുന്നത് കാറ്റേ കടലേ , കാണക്കാണെ , രണ്ടായ് മുറിച്ചത് തുടങ്ങിയ കവിതാ സമാഹാരങ്ങളിലൂടെ മലയാള കവിതയുടെ നവഭാവുകത്വത്തിന്റെ മുഖമായി മാറിയ പി.പി. രാമചന്ദ്രന്റെ തിരഞ്ഞെടുത്ത കവിതകളെ മുൻനിർത്തിയുള്ള വിശകലനമാണ് ഈ പഠനം.

ലോക വ്യാപകമായി മനുഷ്യൻ ഇന്ന് അനുഭവിക്കുന്ന പ്രധാനപ്പെട്ട പ്രതിസന്ധികളിലൊന്നാണ് പരിസ്ഥിതി പ്രശ്നങ്ങൾ. ആധുനികമുന്നേറ്റത്തിന്റെ ഭാഗമായി ആഗോളവൽക്കരണവും നഗരവൽക്കരണവും ഉദാരവൽക്കരണവും രാഷ്ട്രീയ മാതൃകകളായി മാറിയപ്പോൾ സാമൂഹിക

മായി സംഭവിച്ച പ്രതിസന്ധികൾക്കൊപ്പം പരിസ്ഥിതി നാശവും രൂക്ഷമാകുന്നുണ്ടായിരുന്നു. ജൈവ വൈവിധ്യത്തിന്റെ അസന്തുലിതമായ അവസ്ഥ പരിസ്ഥിതി ദുരന്തങ്ങൾക്ക് വഴിതെളിക്കുമ്പോൾ മനുഷ്യന്റെ നിലനിൽപ്പ് അപകടത്തിലാണെന്ന അസ്തിത്വദു:ഖം ആധുനികാനന്തര സമൂഹത്തെ വലിയ തോതിൽ വേട്ടയാടുന്നു.

പ്രയോഗത്തിലൂടെ പ്രകൃതി സംരക്ഷണത്തിന്റെ സന്ദേശം നൽകുന്നതും സൈദ്ധാന്തികമായി പ്രകൃതിയെ വിലയിരുത്തി ദാർശനികമായ ചിന്തകൾ രൂപപ്പെടുത്തുന്നതും സർഗ്ഗാത്മകമായ രചനകളിലൂടെയും കലകളിലൂടെയും പ്രകൃതിബോധം ഉണർത്തുന്നതുമായ സമീപകാലത്തെ പരിസ്ഥിതി പ്രവർത്തനങ്ങൾക്കിടയിൽ ക്രയാത്മകമായ പരിസ്ഥിതി ബോധം രൂപപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിക്കുന്നവയാണ് പി.പി. രാമചന്ദ്രന്റെ കവിതകൾ.

**കവിതയുടെ ശരീരം**

ഉത്തരാധുനിക കാവ്യസരണിയിൽ പാരമ്പര്യത്തോടു കലഹിക്കാതെ പുതിയതിനെ കണ്ടെത്തുവാനുള്ള ശ്രമമാണ് പി.പി. രാമചന്ദ്രന്റെ കവിതകൾ. 'പി.പി. രാമചന്ദ്രന്റെ കവിതകൾ' എന്ന സമാഹാരത്തിന്റെ അവതാരികയിൽ കെ.സി. നാരായണൻ എഴുതുന്നത് ഏറ്റവും കൂടുതൽ പലിശ കിട്ടുന്നിടത്ത് നിക്ഷേപിച്ച മുതലാണ് പി.പി. രാമചന്ദ്രന്റെ കവിതയിലെ ഓരോ വാക്കും എന്നാണ്. ലളിതമായ വാക്കുകളിലൂടെ അർത്ഥബന്ധിതമായ ചിന്തകളെ ഉണർത്തുന്ന സന്ദേശ വചസ്സുകളാണ് ഓരോ വരികളും. ആവിഷ്ക്കാരത്തിൽ എഴുത്തുകാരൻ പുലർത്തുന്ന യുക്തിഭദ്രത പരിസ്ഥിതി കവിതയുടെ സാങ്കേതികവും ശാസ്ത്രീയവുമായ തലത്തെ ഊട്ടി ഉറപ്പിക്കുന്നു. പരത്തി പറയുന്നതിൽ വിമുഖനായ കവി തന്റെ ആശയത്തെ സമഗ്രതയോടെ അവതരിപ്പിക്കുന്നതിനു തിരഞ്ഞെടുക്കുന്നത് വായക്കാർക്ക് സുപരിചിതമായ വാക്കുകൾ തന്നെയാണ്. കവി തിരഞ്ഞെടുത്ത വാക്കുകൾക്ക് മനുഷ്യനുമായൊരു ജൈവ ബന്ധമുണ്ട്. വൈലോപ്പിള്ളിയുടെയും ഇടശ്ശേരിയുടെയും കാവ്യസരണിയുടെ തുടിപ്പുകൾ പി.പി. രാമചന്ദ്രന്റെ കവിതകളിൽ കടന്നു വരുന്നു. എന്നാൽ മുൻതലമുറക്കാരെയോ സമകാലിക

രെയോ അനുകരിക്കാൻ കവി ശ്രമിക്കുന്നില്ല. സ്വതസിദ്ധമായ രചനാതന്ത്രത്തിലൂടെ പദവിന്യാസത്തിന്റെ രസതന്ത്രത്തിലൂടെ വായനക്കാരനെ ഉദ്ബോധിപ്പിക്കുവാനാണ് ഓരോ കവിതകളും ശ്രമിക്കുന്നത്. മലയാള കവിതകൾക്ക് പരിചിതമല്ലാത്ത വ്യതിരിക്തമായ പ്രമേയസാഹചര്യങ്ങളെ അഭിമുഖീകരിക്കുവാനുള്ള സാഹസികമായ ഉൾക്കനം പി.പി. രാമചന്ദ്രന്റെ കവികൾക്കുണ്ട്.

**ജാഗരൂകനായ കവി**

പാരിസ്ഥിതിക ജാഗ്രത പി.പി. രാമചന്ദ്രന്റെ കവിതകളുടെ മുഖമുദ്രയാണ്. ആധുനികതയും വികസനവും പരിവർത്തനപ്പെടുത്തിയ പുതിയ സാമൂഹികവും പാരിസ്ഥിതികവുമായ വ്യവസ്ഥകളുടെ ഉള്ളറകളെ ജാഗരൂകമായ ചിന്തകളോടെ വീക്ഷിക്കുന്ന കവി മനസ്സിന്റെ ആകുലതകൾ ഓരോ കവിതയിലും തെളിയുന്നുണ്ട്. പാഠത്തിനപ്പുറമായി വാക്കുകളുടെ ധ്വന്യാത്മകതയിലൂടെ ഗാഢമായ അർത്ഥതലം സൃഷ്ടിക്കുന്ന രചനാതന്ത്രമാണ് കവിയുടെ ആകുലതയെ വെളിവാക്കുന്നത്.

"ഉമ്മറക്കോലായിൽ നിന്ന്
രാത്രിയിൽ എടുത്തുവയ്ക്കാൻ മറന്ന കിണ്ടി
കളവുപോയതു പോലെ
വയൽക്കരയിലുള്ള ഒരു കുന്ന്
പുലർച്ചയ്ക്കു കാണാതായി" (കാറ്റേ കടലേ)

അനിയന്ത്രിതമായി കുന്നുകൾ ഇടിച്ചു നിരത്തി ഭൂമിയുടെ ഘടനയിൽ മാറ്റം വരുത്തുന്ന മനുഷ്യന്റെ വികസനഭ്രമത്തിന്റെ ലാഭക്കണ്ണുകളിൽ കവിക്ക് ആശങ്കയുണ്ട്. ഉമ്മറക്കോലായിലിരിക്കുന്ന കിണ്ടി രാത്രിയിൽ കള്ളൻ കളവു ചെയ്തുകൊണ്ടുപോയതു പോലെയാണ് കവിയുടെ മുന്നിലുള്ള കുന്ന് ഇരുട്ടി വെളുക്കുമ്പോൾ കാണാതാവുന്നത്. ഭൂമിയുടെ ഘടനയിൽ എത്രയോ ലാഘവത്തോടെയാണ് മനുഷ്യൻ മാറ്റങ്ങൾ വരുത്തുന്നതെന്ന് 'കാറ്റേ കടലേ' എന്ന കവിതയിലൂടെ കവി ആശങ്കപ്പെടുന്നു. വൻകിട നിർമ്മാണ പദ്ധികളുടെ പേരിൽ മലകൾ ഇടിച്ചു നിരത്തുകയും ചതുപ്പുകൾ മണ്ണിട്ടു ഉയർത്തുകയും ചെയ്യുന്ന കേരളത്തിന്റെ സമീപകാല പരിസ്ഥിതി വിരുദ്ധ

ക്രിയാവിന്യാസങ്ങളുടെ അപകടം ചൂണ്ടിക്കാണിക്കുന്നതിനപ്പുറമായി സമൂഹവും അധികാരവർഗവും പുലർത്തുന്ന നിസംഗതയെയാണ് എഴുത്തുകാരൻ ചോദ്യം ചെയ്യുന്നത്.

"താഴെ വീണ മിന്നലെടുത്തു ഞാൻ
തലയണയ്ക്കടിയിൽ തിരുകി." (തിരുത്ത്)

"ഇത്തിരി കഴിഞ്ഞപ്പോൾ
വാതിൽക്കൽ മുട്ട്
ഞാനത് അവഗണിക്കാൻ ശ്രമിച്ചു.
മുട്ട് തള്ളായി; ഉച്ചത്തിലുള്ള ആക്രോശമായി
ഒടുവിൽ സഹികെട്ട് ചെന്നു തുറന്നു.
ഒരു കൊടുങ്കാറ്റിരുന്നു അത്
ഞാനതിനെപ്പിടിച്ച്
ഒരു മരത്തിൽ കെട്ടിയിട്ട്
വീണ്ടും എഴുതാനിരുന്നു." (തിരുത്ത്)

മിന്നലിനെ തലയണയ്ക്കടിയിൽ തിരുകുകയും കൊടുങ്കാറ്റിനെ മരത്തിൽ കെട്ടിയിടുകയും ചെയ്യുന്ന മനുഷ്യനെ സൃഷ്ടിക്കുന്ന കവിഭാവനക്ക് ആയാസരഹിതമായി പ്രകൃതിയെ കീഴടക്കാൻ വെമ്പുന്ന മനുഷ്യനോടാണ് സംവദിക്കേണ്ടത്. ഉപഭോഗ സംസ്കാരത്തിന്റെ പ്രോദ്ഘാടകരാകുന്ന പുതുതലമുറയുടെ കീഴടക്കലിന്റെ രാഷ്ട്രീയത്തിന്റെ വികല സമീപനങ്ങളെ തിരുത്ത് എന്ന കവിതയിലൂടെ കവി പ്രശ്നവൽക്കരിക്കുന്നു.

"ഒരു സിഗരറ്റ് പുകച്ച്
തിരിച്ചു നടക്കുമ്പോൾ
റോഡരികിൽ എന്റെ വീടിനെതിർവശം
തകൃതിയായി പണി നടക്കുന്നു.
ഇമവെട്ടിത്തുറക്കും മുമ്പ്
അവിടെയൊരു ഇരുനിലകെട്ടിടം ഉയർന്നു." (എതിർപ്പ്)

ക്ഷണനേരം കൊണ്ടു പ്രകൃതി രൂപങ്ങളെ തരംമാറ്റുവാൻ പാകത്തിനു വികസിതമായ മനുഷ്യന്റെ സാധ്യകകളെ ആശങ്കയോടെ അവതരി

പ്പിക്കുന്നവയാണ് പി.പി. രാമചന്ദ്രന്റെ ഓരോ കവിതകളും. സമൂഹം ഗൗരവമായി പരിഗണിക്കാത്ത പല മാറ്റങ്ങളും ദൂരവ്യാപക പ്രത്യാഘാതങ്ങൾക്കു വഴി തെളിക്കുമെന്നതിന്റെ സൂചനകളാണ് ഓരോ വരികളിലും തെളിയുന്നത്.

കേരളീയ കാർഷിക സംസ്കാരത്തിന്റെ നഷ്ടസ്വപ്നങ്ങളാണ് 'തൂക്ക്' എന്ന കവിത.

"നെല്ലായിരുന്നു
തൻ നല്ല കാലം
ഇല്ലംനിറ വല്ലം നിറ
പത്തായം നിറ, പെട്ടി നിറ
നിറപുത്തരിക്ക്
ഉമ്മറത്തുകെട്ടിത്തൂക്കി
കതിർക്കുല." (തൂക്ക്)

കൃഷിയും വിളവെടുപ്പും ധന്യമാക്കിയിരുന്ന ഉത്സവകാലത്തിന്റെ മധുരമനോജ്ഞമായ ഓർമ്മകളാണ് കവി അയവിറക്കുന്നത്. നഗര സംസ്ക്കാരത്തിന്റെ അധിനിവേശ കാലത്തു അന്യമാകുന്ന ഉർവ്വരതയുടെ ആഴം അദ്ദേഹത്തെ അസ്വസ്ഥനാക്കുന്നു. മണ്ണിനെ മറക്കുന്ന മനുഷ്യൻ സഹജീവിയേയും മറക്കുമെന്നതിന് കവിക്ക് തർക്കമില്ല. തന്റെ നിർമ്മിതികൾക്കു മുകളിൽ പ്രൗഢഗംഭീരനായി അഹങ്കരിച്ച് നിൽക്കുന്ന, കാൽ ചുവട്ടിലെ മണ്ണിന്റെയും ജലത്തിന്റെയും രോദനം അവഗണിക്കുന്ന ഭോഗസംസ്കാരത്തിലെ മനുഷ്യന്റെ ചെയ്തികൾ കരുതലോടെ വീക്ഷിക്കുകയാണ് കവി.

**പ്രത്യയശാസ്ത്ര വ്യവസ്ഥിതികളോടുള്ള കലഹം**

മനുഷ്യനെയും പ്രകൃതിയെയും പ്രത്യക്ഷമായും പരോക്ഷമായും ചൂഷണം ചെയ്യുന്ന പ്രത്യയശാസ്ത്ര ചിന്തകളെ ചോദ്യം ചെയ്യുവാൻ തക്ക ആർജ്ജവമുള്ളതാണ് പി.പി. രാമചന്ദ്രന്റെ കവിതകൾ. പുതിയ കാലത്തിന്റെ മുതലാളിത്ത സംസ്കാരത്തിന്റെ നിരർത്ഥകമായ വികസന പ്രക്രിയകളെ കവി എതിർക്കുന്നു. ആഗോളവൽക്കരണത്തിന്റെയും നവലിബറൽ സമീപനങ്ങളുടെയും ദോഷവശങ്ങളെ ഗൗരവമായി കാണുവാനും നിശിതമായി

അവയെ വിമർശിക്കുവാനും പി.പി. രാമചന്ദ്രന്റെ കവിതകൾക്കും കഴിയുന്നുണ്ട്. പ്രകൃതി വിഭവങ്ങളുടെ വികലമായ ഉപയോഗത്തെ സാധൂകരിക്കുന്നവയാണ് ആധുനികതയുടെ വികസന പ്രത്യയശാസ്ത്രങ്ങളെന്നു പി.പി. രാമചന്ദ്രന്റെ കവിതകൾ തുറന്നു കാട്ടുന്നു.

"ആഗോള ഫിനാൻസ് മൂലധനത്തിന്റെയും നവലിബറലിസത്തിന്റെയും കടന്നു വരവോടെ കേരളീയ ജീവിതത്തിന്റെ ചട്ടക്കൂടുകൾ തകർന്നു വീഴാൻ തുടങ്ങി. ക്രമരഹിതവും വ്യവസ്ഥാവിരുദ്ധവുമായൊരു പുതിയൊരു ജീവിത ക്രമത്തിന്റെ ആഘോഷങ്ങളാണ് ഉത്തരകാലത്ത് അരങ്ങേറുന്നതെന്ന് 'ലൈബ്രേറിയൻ മരിച്ചതിൽപ്പിന്നെ' എന്ന കവിതയിലൂടെ കവി ചൂണ്ടിക്കാണിക്കുന്നു." (https://mumbaikaka.com/ps).

ആഗോള കുത്തക മുതലാളിത്തത്തിന്റെ കരാളവലയത്തിലകപ്പെടുകയും മാഫിയ അധിനിവേശത്തിനിടിയിൽപ്പെട്ടു വീർപ്പുമുട്ടുകയും ചെയ്യുന്ന മനുഷ്യനും പ്രകൃതിയുമാണ് 'ഇടശ്ശേരിപ്പാലം', 'പട്ടാമ്പിപ്പുഴമണലിൽ' തുടങ്ങിയ കവിതകളിൽ പ്രതിധ്വനിക്കുന്നത്.

കൊളോണിയൽ, മുതലാളിത്ത വ്യവസ്ഥിതികളോട് പൊരുതി നിൽക്കേണ്ട നവോത്ഥാന പ്രസ്ഥാനങ്ങൾക്ക് സംഭവിച്ച അപജയം പരിസ്ഥിതി ചൂഷണങ്ങൾക്ക് ആക്കം കൂട്ടുമെന്ന് 'വീട്' 'ബലി' തുടങ്ങിയ കവിതകൾ വെളിപ്പെടുത്തുന്നു. പ്രതികരിക്കുന്ന വിപ്ലവ സ്വഭാവമുള്ള ജനതയെ ഇല്ലായ്മ ചെയ്തു സമൂഹത്തെ ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ അടിമകളാക്കാനുള്ള ആഗോള നീക്കത്തെ ചെറുത്തു തോൽക്കുന്നതാണ് സമീപകാലത്തെ രാഷ്ട്രീയ ദൗത്യമെന്ന് ഇത്തരം കവിതകൾ ഓർമ്മിപ്പിക്കുന്നു. സ്വതസിദ്ധമായി രചനാശൈലികൊണ്ടും പ്രമേയത്തിന്റെ ഉൾക്കരുത്തുകൊണ്ടും ചൊൽവഴക്കത്തിന്റെ മധുരിമകൊണ്ടും മലയാള കവിതാ ചരിത്രത്തിൽ വേറിട്ടൊരു ഇടമാണ് പി.പി. രാമചന്ദ്രന്റെ കവിതകൾ. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ അകവും, പുറവും ഓരോ കവിതകളിലും സ്പഷ്ടമാണ്. ഉത്തരാധുനിക കാലത്തിന്റെ അനുഭവ യഥാർത്ഥ്യങ്ങളെയാണ് ഈ കവിതകൾ ചിത്രീകരിക്കുന്നത്. വൈകാരികതയ്ക്കപ്പുറ

മായി ബൗദ്ധികമായൊരു സമീപനമാണ് കവി സ്വീകരിക്കുന്നത്. വികസിതമാകുന്ന മനുഷ്യ സാഹചര്യങ്ങൾക്ക് നിലനിൽക്കാനൊരു ഭൗതിക ഇടം വേണമെന്നും ആ ഇടത്തെ മറന്നുകൊണ്ടുള്ള പ്രത്യക്ഷവും ദാർശനികവുമായ പ്രവർത്തനങ്ങൾ പ്രവേളിക മാത്രമാണെന്നും കവിക്ക് അനുഭവപ്പെടുന്നു. പരിസ്ഥിതി ദുരന്തങ്ങളുടെ ഈ കാലഘട്ടത്തിൽ ക്രിയാത്മകമായ പ്രതിവിധികളോടെ വരും തലമുറയ്ക്കുവേണ്ടി പ്രകൃതിയെ പരിരക്ഷിക്കേണ്ടതിന്റെ സമവാക്യങ്ങളാണ് പി.പി. രാമചന്ദ്രന്റെ കവിതകൾ.

**സഹായക ഗ്രന്ഥങ്ങൾ**

1. രാമചന്ദ്രൻ പി.പി., കാണെക്കാണെ, 1999, കറന്റ് ബുക്സ്, തൃശൂർ.
2. രാമചന്ദ്രൻ പി.പി., രണ്ടായ് മുറിച്ചത്, 2004, കറന്റ് ബുക്സ്, തൃശ്ശൂർ.
3. രാമചന്ദ്രൻ പി.പി., കാറ്റേ കടലേ, 2020, സായാഹ്ന ഫൗണ്ടേഷൻ ഇലക്ട്രോണിക് പകർപ്പായി പ്രസിദ്ധീകരിച്ചത്.

**സഹായക ലേഖനം**

1. സുരേന്ദ്രൻ വി.യു., ഉത്തരകാലത്തിന്റെ കാഴ്ചകൾ, കൈരളിയുടെ കാക്ക ത്രൈമാസിക, ജൂൺ 2016.

**URLS**

https://www.mumbaikaka.com
https://www.manoramaonline.com
https://www.vayanamuri.com

# ഭാഷയും പ്രതിരോധവും ആദിവാസി കവിതകളിൽ

**രേഷ്മ രാജൻ**
എം.ഫിൽ ഗവേഷക വിദ്യാർത്ഥി
മലയാളം വിഭാഗം, കേരള യൂണിവേഴ്സിറ്റി, കാര്യവട്ടം ക്യാമ്പസ്

**ആമുഖം**

ഭാഷയും സംസ്കാരവും തമ്മിൽ വേർപ്പെടുത്താനാവാത്ത വിധം ഇഴചേർന്നിരിക്കുന്നു. എല്ലാ ഭാഷയിലും സംസ്കാരത്തിന്റെ മുഖമുദ്രകൾ പ്രകടമാണ്. അതുകൊണ്ട്, ഒരു ഭാഷയുടെ മരണം സംസ്കാരത്തിന്റെ കൂടി നഷ്ടമാണ്.മലയാളത്തിൽ ഭാഷാഭേദങ്ങൾ ഉണ്ട്.തൃശ്ശൂർ മലയാളമല്ല പാലക്കാട്. അതല്ല മലപ്പുറത്ത്. പതിനാല് ജില്ലയ്ക്ക് പതിനായിരം ഭാഷകൾ എന്ന് പറയാം. കേരളത്തിലെ ആദിവാസി ഭാഷകൾ ഇന്ന് നിലനിൽപ്പ് ഭീഷണി നേരിട്ടു കൊണ്ടിരിക്കുകയാണ്. ആദിവാസി ഭാഷകൾ സംരക്ഷിച്ചു പോരേണ്ടത് ഭാഷാസ്നേഹികളുടെ കടമ കൂടിയാണ്. പുതുതലമുറയ്ക്ക് സ്വന്തം ഭാഷ ഇന്ന് അന്യമായി കൊണ്ടിരിക്കുന്നു. എന്തെന്നാൽ, നിർബന്ധിത മലയാളം പഠിക്കലും പൊതു സമൂഹത്തിന്റെ കളിയാക്കലുകളും സ്വന്തം ഭാഷയെ വിസ്മരിക്കാനും ഒറ്റപ്പെട്ട് നിൽക്കാനും ഗോത്രവിഭാഗത്തിലെ കുട്ടികൾ നിർബന്ധിതരാകുന്നു. ഇതിലൂടെ മാതൃഭാഷയിൽ പഠിക്കാനുള്ള അവകാശവും വിദ്യാഭ്യാസം ആർജിക്കാനുള്ള അവസരവും നഷ്ടപ്പെടുന്നു. ഇതര സാഹിത്യ സ്ഥാപനങ്ങൾ, ഉദാഹരണത്തിന് സിനിമ ചില കോമഡി ഷോകളുടെ അവതരണം എന്നിവയുടെ അപക്വമായ ഇടപെടലിലൂടെ ആദിവാസി ഭാഷയും ആ ജനവിഭാഗങ്ങളെയും ഒറ്റപ്പെടുത്തുന്നതിനും കാരണമായിട്ടുണ്ട്. ഗോത്രഭാഷകളെ പൊതുവ്യവഹാരത്തിന്റെ ഭാഗമാക്കുക എന്ന

ലക്ഷ്യത്തോടെയും തങ്ങളുടെ പ്രശ്നങ്ങൾ സ്വഭാഷയിലൂടെ കവിതകളാക്കി മാറ്റുന്നതിന് യുവകവികൾ തയ്യാറായി. അതിലൂടെ കാല്പനികതയ്ക്ക് അപ്പുറത്താണ് സാധാരണക്കാരന് ജീവിതം എന്ന തിരിച്ചറിവ് അവർ നിർമ്മിച്ചെടുത്തു. സ്വന്തം ഭാഷയിലൂടെ ഉച്ചനീചത്വങ്ങൾക്കെതിരെ പ്രതിരോധിക്കാൻ അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നു പ്രബന്ധത്തിൽ സ്വന്തം ഭാഷയിൽ എഴുതുന്ന കവിതകളിലൂടെയുള്ള കവികളുടെ പ്രതിരോധത്തെ കുറിച്ചാണ് അന്വേഷിക്കുന്നത്.

**ആരംഭം**

മലയാളകവിത മുൻപൊരിക്കലും അനുഭവിച്ചിട്ടില്ലാത്ത അനുഭവങ്ങൾ രണ്ടായിരത്തിനുശേഷം പകർന്നു കിട്ടി.ദളിത് സാഹിത്യം എന്ന ശാഖ രൂപപ്പെട്ടതോടെ പുതിയ പഠന വഴികൾ ഭൂജാതമായി. ദളിത് സാഹിത്യത്തോട് ചേർത്തുവെച്ച് വായിക്കാനാണ് ആദിവാസി സാഹിത്യത്തെ എല്ലാവരും ശ്രമിച്ചത്.എന്നാൽ, ആദിവാസി സാഹിത്യം എന്ന പൊതുധാരണ തന്നെ പഠനവിധേയമാക്കേണ്ടതുണ്ട്. ആധുനിക മലയാള കവിതയിൽ ഒഴിച്ചുകൂടാനാവാത്ത സാന്നിധ്യമാണ് കടമ്മനിട്ടയുടേത്. ദ്രാവിഡീയാംശത്തിൽ നിന്നുകൊണ്ട് രചിച്ച കവിതകളാണ് കാട്ടാളൻ, കുറത്തി,കിരാതവൃത്തം എന്നിവ. കീഴാള ജനതയുടെ പ്രശ്നങ്ങളെ ചിത്രീകരിക്കുന്ന കവി അവരോട് പ്രതികരിക്കാൻ ആഹ്വാനം ചെയ്യുകയാണ്. എം.ബി മനോജിനെ നീ അറിയുക' എന്ന കവിതയും ഇവിടെ പ്രസക്തമാണ്. ഇതിൽ ആദിവാസി മനുഷ്യർ അനുഭവിക്കുന്ന പ്രശ്നങ്ങളെ വിളിച്ചോതുന്നു. മേൽപ്പറഞ്ഞ കവിതകളെല്ലാം പുറത്തു നിന്നുകൊണ്ട് ഒരു സമൂഹത്തിന്റെ പ്രശ്നങ്ങളെ നോക്കിക്കാണുകയാണ് ചെയ്തത്. എന്നാൽ, ഗോത്രത്തിന് അകത്തുനിന്നുള്ള കവികൾ ആവിഷ്കരിക്കുന്നത്ര ശക്തമാകുന്നില്ല ഈ കവിതകൾ. അകമേ ചെന്നുകണ്ടതിന്റെ പ്രതിഫലനം പുറത്തുനിന്നു എഴുതുന്നയാൾക്ക് വരുന്നില്ല എന്ന അശോകൻ മറയൂരിലെ വാക്കുകൾ പ്രസക്തമാണ്. അവിടെ, കടമനിട്ടയുടെ ഭാവനയിലുള്ള കുറത്തിയെ ആണോ ആവിഷ്കരിച്ചത് എന്ന ചോദ്യം നിലനിൽക്കുന്നു. കണ്ടറിഞ്ഞവയെയും

കേട്ടറിഞ്ഞവയെ യും വിമർശനാത്മക വിശകലനത്തിൽ ചോദ്യംചെയ്തുകൊണ്ട് കണ്ടും കേട്ടും അറിഞ്ഞ അനുഭവ മണ്ഡലത്തിലൂടെ കവിതയ്ക്ക് പുതുമയുള്ളതും വ്യത്യസ്തതയുമുള്ള നിർവചനം നിർവഹിക്കുന്ന സാഹിത്യശാഖയായി ഗോത്രഭാഷ സാഹിത്യം കേരളസാഹിത്യത്തിൽ ഇടം നേടുന്നുണ്ട്.[1] ഗോത്ര കവിത ആദ്യമായി വെളിച്ചം കാണുന്നത് പി.രാമന്റെ തിളനില' എന്ന പ്രസിദ്ധീകരണ മാസികയിലൂടെയാണ്.2016 ൽ തിളനിലയിൽ അശോകൻ മറയൂരിന്റെ മുതുവാൻ ഭാഷയിലെ കവിതകൾ മലയാള പരിഭാഷയോടെ പ്രസിദ്ധീകരിക്കുകയും ഡിസി ബുക്സ് 'പച്ചവ്ട്' എന്ന ആദ്യ ഗോത്രഭാഷ കവിതാ പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്തു. മാതൃഭാഷയിൽ എഴുതുന്നത് സ്വന്തം ഭാഷയും സംസ്കാരവും ജീവനോപാധി യും മൗലികാവകാശങ്ങളും സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമാണെന്ന് ഈ പുതിയ എഴുത്തുകാർ കരുതുന്നുണ്ടെന്ന് പി.രാമൻ അഭിപ്രായപ്പെടുന്നു. കാടിനെയും ജനങ്ങളുടേയും സ്വാഭാവികമായ സൗന്ദര്യമാണ് ലിപിയില്ലാത്ത ഭാഷകളിൽ മറ്റൊരു ഭാഷയുടെ സഹായത്തോടെ കവിതകളായി ഛായാചിത്രമൊരുക്കുന്നത്. അശോകൻ മറയൂർ, ക്രിസ്റ്റി ഇലക്കണ്ണൻ (മുതുവാൻ ഭാഷ), സുകുമാരൻ ചാലിഗദ്ധ (റാവുള ഭാഷ),ധന്യ വേങ്ങശ്ശേരി (മാവിലൻ,തുളു ഭാഷ), പ്രകാശ് ചെന്തകം,അംബിക,സുനീഷ് സി. വി, ദാമോദരൻ പനിയൂരാളിൽ (ഊരാളി ഭാഷ),മണികണ്ഠൻ അട്ടപ്പാടി, പി. ശിവലിംഗൻ (ഇരുള ഭാഷ), ബിന്ദു ദാമോദരൻ (പണിയ ഭാഷ) തുടങ്ങി നിരവധി കവികൾ ലിപിയില്ലാത്ത അവരുടേതായ ആദിവാസി ഭാഷയിലും മലയാളത്തിലും ചിലർ മറ്റുള്ള ഭാഷകളിലുമായി കവിതകൾ എഴുതുന്നു.

**പ്രതിരോധത്തിന്റെ കവിതകൾ**

മലയാളികൾ മലയാള ഭാഷയിൽ സംരക്ഷിക്കുന്നതിന് മുറവിളി കൂട്ടുന്നത് എങ്ങനെയോ അത്രതന്നെ പ്രാധാന്യവും ആദിവാസി ഭാഷയ്ക്കുമുണ്ട്. ഭാഷ സംസാരിക്കുമ്പോഴുള്ള താളം, ഈണം, വാക്കുകൾക്ക് നൽകുന്ന ഊന്നൽ എന്നിവ ആദിവാസി ഭാഷകളെ സൗന്ദര്യാത്മകമാക്കുന്നു. മിക്ക ആദിവാസി

ഭാഷകളിലും തമിഴ്, കന്നട മലയാളം എന്നീ ഭാഷകളുടെ കലർപ്പ് കാണാം. കുങ്കായ് - മത്തങ്ങ,മിന്നു - നക്ഷത്രം, പക്കി -പക്ഷി, കെയ്ങ്ക് - കിഴങ്ങ്, തമ്പായി-ദൈവം, ഏന് -ഞാൻ, ബെളുത്ത - വെളുത്തു എന്നിവ ചില വാക്കുകളാണ്. ഭാഷ ആശയവിനിമയോപാധി എന്നതിലപ്പുറം സാംസ്കാരിക ചിന്തയും ആത്മബലവുമാണ്.[2] അരികു വൽക്കരണം സാമൂഹികപ്രശ്നമായി തീരുമ്പോൾ അതിനെതിരെ ഭാഷയിലൂടെ തന്നെ പ്രതികരിക്കാനും പ്രതിരോധിക്കാനും തങ്ങളുടെ ഭാഷയും സംസ്കാരവും മണ്മറഞ്ഞു പോകാതിരിക്കാൻ വേണ്ടിയും, ജനവിഭാഗം നേരിടുന്ന വെല്ലുവിളികളെ തുറന്നെഴുതുവാനും ഇന്ന് ഗോത്രഭാഷക കവികൾ ശ്രമിക്കുന്നു.ഇവരുടെ പ്രതിഷേധമാണ് ഗോത്ര കവിതകളായി പുറത്തുവന്നത്.പരിസ്ഥിതി പ്രശ്നങ്ങൾ, സ്വത്വ അസ്തിത്വ പ്രതിസന്ധി ആദിവാസി ജീവിതം, സ്ത്രീവാദം, രാഷ്ട്രീയം എന്നിവയെല്ലാം കവിതകൾക്കു പശ്ചാത്തലമായി.

നിലനിൽപ്പിന്റെ പ്രശ്നമാണ് പി. ശിവലിംഗൻ വെളിയെ'(പുറത്ത് )എന്ന കവിതയിലൂടെ ആവിഷ്കരിച്ചിട്ടുള്ളത്. കുടിയേറ്റക്കാർ കുടിയേറിയ സ്വന്തം കാട് തങ്ങൾക്ക് അന്യാധീനപ്പെടുന്നു എന്നും മംഗളത്തിനും അമംഗളത്തിനുമെല്ലാം പുറത്താക്കപ്പെടുന്ന കാടിന്റെ മക്കൾ ഇനിയെന്നാണ് തിരികെ അകത്തേക്ക് എന്ന ചോദ്യം മുന്നോട്ടു വയ്ക്കുന്നു.

നാമ് വാള്ന്തേമ് കാടിതി
വാന്തേവാശി വന്തെ കാട്ക്കേ
പിന്നെ നാമ് വെളിയേ
ഇനി നാമ് എപ്പ ഉള്ളെ? (വെളിയെ)

പരിഭാഷ

ഞങ്ങൾ ജീവിച്ചു കാട്ടിൽ കുടിയേറ്റക്കാർ വന്നു കാട്ടിലേക്ക് പിന്നെയും ഞങ്ങൾ പുറത്ത്
ഇനി നമ്മൾ എപ്പോഴാണ്
അകത്തേക്ക് (പുറത്ത്)

അദ്ദേഹത്തിന്റെ തന്നെ 'ശപ്ര' (ശവമഞ്ചം) എന്ന കവിതയിൽ വീരമൃത്യു

വരിച്ച പട്ടാളക്കാരനെ പൊതിഞ്ഞ പതാകയും,നാടു പറ്റിച്ച് സമ്പന്നരായവർ ധരിക്കുന്ന പട്ടുതുണികളും, ഉള്ളവനെയും ഇല്ലാത്തവനെയും ചതിച്ച് വോട്ട് നേടിയ മന്ത്രിമാരായ ആളുകൾക്ക് ഇടുന്ന പല നിറങ്ങളുള്ള പതാകകൾക്ക് തുല്യമാണ് മരിച്ച ചാത്തനെ എല്ലാവരും നാലു വാക്കുകൾ പറയുന്നതെന്ന് കവി എഴുതുന്നു. കറുത്തകുട വെച്ച് ചെയ്ത മഞ്ചമായാലും പണക്കാരന്റെ ശവമഞ്ചമായാലും എല്ലാവരും ആറടി മണ്ണിലേക്കാണ് പോകുന്നത്. അപരിഷ്കൃതരാക്കി മാറ്റിനിർത്തിയ ഞങ്ങളിപ്പോഴും നിലം ചവിട്ടി തന്നെയാണ് നിൽക്കുന്നത്.ഇനി താഴാൻ സാധ്യമല്ല എന്ന് കവിതയിലൂടെ ധ്വനിപ്പിക്കുന്നു. ഉള്ളവൻ ഇല്ലാത്തവൻ എന്ന് ചാവിലും വ്യത്യസ്തത പുലർത്തുന്ന രാഷ്ട്രീയമുള്ളിടത്ത്,എന്തുകൊണ്ടും സ്വസ്ഥമായ മരണം കാടിന്റെ മക്കൾക്ക് തന്നെയാകാം. ബുൾഡോസറി'ൽ കാടുവെട്ടി കാടുകയറ്റിയ ഭരണകൂടത്തോടും ഭരണകൂടം പോറ്റിവളർത്തുന്ന ആയുധധാരികളായ ശ്വാനന്മാരോടുമുള്ള പ്രതിഷേധമാണ് തുളുമ്പുന്നത്. കത്താരി വായിക്കുമ്പോൾ, കുടിയേറ്റത്തിന്റെ നിഷേധാത്മകതയെ ചോദ്യം ചെയ്യുന്നു. ഒരൊറ്റ മുളങ്കോൽ നാലായി പിളർന്ന് മൂന്നു മൂലയും ചേർത്തുണ്ടാക്കിയ വായ
(കത്താരി) ഇത് കുട്ടികൾക്ക് പഠിക്കാനുള്ള ത്രികോണമല്ലെന്നും ഇരപിടിക്കാൻ ഉള്ളതാണെന്നും പറയുന്നു.ഇവിടെ നാടിന്റെ ഭാഷയെ സംസ്കാരത്തെയെല്ലാം നശിപ്പിക്കാൻ തയ്യാറെടുത്തു നിൽക്കുന്ന മേൽക്കോയ്മ രാഷ്ട്രീയത്തെയാണ് കവി 'ഇര'യോട് ഉപയോഗിക്കുന്നത്. കാടിന്റെ മക്കളുടെ നിലനിൽപ്പ് ചോദ്യചിഹ്നമാവുകയും ജൈവികതയെ നശിപ്പിക്കാൻ കളത്തിലിറങ്ങുന്നവർക്ക് ആശാരി മെനഞ്ഞെടുത്ത കത്താരിയേക്കാൾ ഉറപ്പുള്ള കാലപ്പഴക്കംചെന്ന കാട്ടുമന്ദാരത്തിന്റെ തോൽപിരിച്ചുണ്ടാക്കിയ കയർ കത്താരി ഒരുക്കി വെച്ചിട്ടുണ്ടെന്ന് പറയുന്നു.

റാവുള ഭാഷയിൽ എഴുതുന്ന സുകുമാരൻ ചാലിഗദ്ധയുടെ ഒന്റ്' (ഒന്ന്)എന്ന കവിതയിൽ അര വയർ നിറയ്ക്കാനോടുന്ന മനുഷ്യനും വണ്ണമൊത്ത വലിയ വീട് നിറയ്ക്കാനോടുന്ന ആനയ്ക്കും ഒരേ വിശപ്പാണ്.

വിശപ്പിനു മുൻപിൽ എല്ലാവരും സമന്മാരാണെന്ന് വിവക്ഷ. സമൂഹത്തോടുള്ള പ്രതിഷേധമായി ഇതിനെ വായിക്കാം. അശോകൻ മറയൂരിന്റെ പൊടവ'എന്ന കവിതയിൽ പുതു പുടവയ്ക്ക് (സാരി) ഒരു വർഷക്കാലമത്രയും സ്ത്രീജീവിതത്തിലുള്ള പ്രാധാന്യത്തെ കുറിച്ചാണ് പറയുന്നത്. സുരേഷ്.എം മാവിലന്റെ കവിതയായ പേലി'(വേലി) യിൽ വാഴയും വേലിയും മധുരവും വിശപ്പുമെല്ലാം പ്രതീകങ്ങളാണ്. പച്ചയായ മനുഷ്യർ എല്ലാവരെയും സ്വാഗതം ചെയ്യുമ്പോൾ, ആതിഥേയം സ്വീകരിച്ച് എത്തിയവർ പിന്നീവരെ വേലിക്ക് പുറത്ത് നിർത്തുന്നു. അവർക്ക് സ്വമിടങ്ങളിൽ സ്ഥാനം ഇല്ലാതാകുന്നു.എല്ലാം വന്നവർ വീതിച്ചു കൊടുക്കുന്നു. ആദിവാസി ജീവിതത്തിന്റെ ദൈന്യവും ജൈവവുമായ ലോകമാണ് ധന്യയുടെ കവിതകളിൽ നിറഞ്ഞുനിൽക്കുന്നത്.[3] എനിക്ക് രാമായണവും അതിലെ രാമനെ കുറിച്ചൊന്നും അറിയില്ല എന്ന് കവി പറയുന്നു.മേലാളബോധത്തിൽ നിന്നും ഉടലെടുത്ത ഇതിഹാസ കാവ്യങ്ങൾ,രചിക്കുക വഴി താഴെത്തട്ടിലെ ജനങ്ങൾക്കിടയിലും ഇതിഹാസ കാവ്യങ്ങളിലൂടെ മേലാളബോധത്തെ ഊട്ടിയുറപ്പിക്കുക എന്ന ഉദ്ദേശം ആദ്യകാല നവോത്ഥാന കവികൾക്ക് ഉണ്ടായിരുന്നിരിക്കണം. വാല്മീകി രാമായണത്തിൽ വനവാസത്തിന് പോകാനൊരുങ്ങുന്ന നേരം രാമൻ ഭരതനോട് ഇപ്രകാരം ചോദിക്കുന്നുണ്ട്. ബ്രാഹ്മണനും ക്ഷത്രിയനും വൈശ്യനും ധാരാളമുണ്ട് നമ്മുടെ അയോധ്യയിൽ. ആ അയോധ്യയെ നീ സംരക്ഷിക്കുമല്ലോ എന്ന്. ഞങ്ങളെ അറിയാത്ത രാമനെ ഞാനെന്തിന് അറിയണമെന്ന് കവിക്ക് തോന്നാം. ഒരു നാടിന്റെ അടിസ്ഥാന ആവശ്യങ്ങൾ നിർവഹിക്കാൻ നിർബന്ധിതരായ താഴെതട്ടിലുള്ളവരെ അറിയാത്ത രാമനെ താൻ അറിയില്ലെന്നും, കരകയറാതെ' കഷ്ടപ്പെട്ട് മണ്ണ് പൊന്നാക്കിയ കറുത്ത രാമൻമാരെ കുറിച്ച് ആരും ഒന്നും എവിടെയും എഴുതിയിട്ടില്ല എന്ന് കവി സങ്കടപ്പെടുന്നു. രാഗേഷ് നീലേശ്വരത്തിന്റെ വാമൊഴി' എന്ന കവിതയിൽ, തങ്ങൾക്ക് വരമൊഴി ഇല്ലെങ്കിലും വാമൊഴിയുണ്ട്. ഭാഷ തന്നെയാണ് ഞങ്ങളുടെ ആയുധം എന്ന് ഉറക്കെ പറയുന്നു.

1.https://schoolwiki.in
2.www.sanghaditha.com, 1Aug 2021
3.http://youtu.be/EFnTJNFJf3E
4.http://youtu.be/p19UPYZ1yag

# പാരിസ്ഥിതിക ദർശനം ഗോത്ര കവിതകളിൽ –

(പി. ശിവലിംഗൻ, സുകുമാരൻ ചാലിഗദ്ധ എന്നിവരുടെ

കവിതകളെ ആസ്പദമാക്കിയുള്ള പഠനം)

**ഷൈനി എം.**

എം.ഫിൽ, മലയാളസർവ്വകലാശാല, കാര്യവട്ടം ക്യാമ്പസ്

**ആമുഖം**

വേഷംകൊണ്ടും ഭാഷകൊണ്ടും ആചാരാനുഷ്ഠാനങ്ങൾകൊണ്ടും തനതു സ്വത്വം നിലനിർത്തുകയും പാരമ്പര്യ ജീവിതരീതികൾ പിന്തുടരുകയും ചെയ്യുന്നവരാണ് ഗോത്രവിഭാഗങ്ങൾ. ആദ്യം മുതലേ വസിക്കുന്നവർ എന്ന അർത്ഥതലം ആദിവാസി എന്ന പദത്തിനുണ്ട്. 2011ലെ സെൻസസ് അനുസരിച്ച് കേരളത്തിലെ ആകെ ആദിവാസി ജനസംഖ്യ 4,84,839 ആണ്. 36 ആദിവാസി വിഭാഗങ്ങളാണ് കേരളത്തിലുള്ളത്. പാലക്കാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ വിഭാഗങ്ങളുള്ളത്. 14 വിഭാഗം ആദിവാസികൾ. ഏറ്റവും കൂടുതൽ ആദിവാസി ജനസംഖ്യ ഉള്ള (1,51,443) വയനാട്ടിൽ 11 വിഭാഗം ആദിവാസികൾ ആണ് ഉള്ളത്. പാലക്കാട് ജില്ലയിലെ ആദിവാസി വിഭാഗക്കാരുടെ എണ്ണം 48,972-ഉം മാണ് ഉള്ളത്. ആദിവാസിവിഭാഗം ഒരേ സ്വഭാവത്തോടെ ജീവിക്കുന്ന ഒരു കൂട്ടരുടെ ഗോത്രമാണ്. സ്വസ്ഥതയുടെ ഇടങ്ങളായ പച്ചപ്പിന്റെ ഇടയിൽ മലിനതയില്ലാത്ത മനുഷ്യർ പാർക്കുന്ന ഇടം. സമൂഹശരീരത്തിൽനിന്നു വിച്ഛേദിക്കപ്പെട്ട ഒരു ജനവിഭാഗം തങ്ങളുടെ സ്വത്വബോധം പ്രകടിപ്പിക്കുന്ന കവിതകളാണ് ഗോത്ര കവിതകൾ. സ്വന്തം ജീവിത പരിസരങ്ങൾ തന്നെയാണ് കവിതയുടെ കാമ്പ്. പ്രതിരോധത്തിന്റെ ഭാഷയിലൂടെ മലയാളകാവ്യ ഭാവുകത്വത്തെ, തനതു ഭാഷ വഴി പുതുക്കലുകൾക്ക് വിധേയമാക്കുകയാണ് ഗോത്രഭാഷ കവികൾ തങ്ങളുടെ

കവിതകളിലൂടെ ചെയ്യുന്നത്. മലയാളകവിതയിൽ, പച്ചപിടിച്ചും പുളഞ്ഞൊഴുകിയും പൂത്തുല്ലസിച്ചും പുളകംപുതച്ചും വിലസുന്ന പരിസ്ഥിതി ദർശനം അനുഗ്രഹമായിത്തന്നെ നിലകൊള്ളുമ്പോഴും പരിസ്ഥിതി ചൂഷണങ്ങളെ ശക്തവും തീവ്രവുമായി ആവിഷ്കരിക്കുന്ന, അവയുടെ നാശത്തെ പ്രതിരോധിക്കുന്ന നിരവധി കവിതകളും മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. മനുഷ്യനെ അവർ ജീവിക്കുന്ന കാലത്തിന്റെ ചുറ്റപാടുകളിലേക്ക് ആനയിക്കുകയാണ് കവിതയുടെ ധർമ്മം.

**കവിതയും ഉത്തരാധുനികതയും**

ഉത്തരാധുനിക കവിതാ സാഹിത്യം പരിശോധിച്ചാൽ പലപ്പോഴും പ്രതി രോധത്തിന്റെ സമീപനമാണ് കാണാൻ കഴിയുന്നത്. സ്വത്വരാഷ്ട്രീയ നില പാടുകൾ പ്രധാന പ്രമേയങ്ങളാവുകയും സ്വത്വരാഷ്ട്രീയനിലപാടുകൾക്ക് ഉത്തരാധുനികതയിൽ സവിശേഷശ്രദ്ധ ലഭിക്കുകയും ചെയ്യുന്നുണ്ട്. ഉത്ത രാധുനിക കവികൾക്ക് വ്യക്തമായ നിലപാടുകൾ ഉള്ളതിനാൽ ഉത്തരാധു നികതയുടെ കാഴ്ചപ്പാടുകൾ സൂക്ഷ്മരാഷ്ട്രീയത്തിന്റെതാണ്, ഇക്കാരണ ത്താലാണ് ഉത്തരാധുനികതയിൽ പരിസ്ഥിതിയും ദലിതും പെണ്ണും പെൺപരിസ്ഥിതിയുമൊക്കെ ശക്തമായി നിലയുറപ്പിക്കുന്നത്. സമകാലി കതയുടെ ഉടഞ്ഞുചിതറിയ അവസ്ഥകളെ പെറുക്കിയെടുത്തു പുതിയ കലാ ശില്പങ്ങൾ തീർക്കുകയാണ് ഉത്തരാധുനിക കവിതകൾ. നാശോന്മുഖമാ കുന്ന പ്രകൃതി, വംശങ്ങൾ, വിശ്വാസം, അറിവുകൾ എന്നിവയെ തിരിച്ചു പിടിക്കുക എന്ന ബോധം ഉത്തരാധുനിക എഴുത്തിന്റെ സവിശേഷതയാ ണ്. മലയാളത്തിലെ ഉത്തരാധുനിക കവിതകൾ പരിസ്ഥിതി പ്രശ്നങ്ങൾ അതിഗൗരവത്തോടെയാണിന്ന് ചർച്ചചെയ്യുന്നത്. പാരിസ്ഥിതിക കവിത യെന്ന നിലയിലാണ് ഉത്തരാധുനിക മലയാളകവിത അതിന്റെ വ്യക്തിത്വം സ്ഥാപിക്കുന്നത്. പാരിസ്ഥിതികപ്രശ്നങ്ങളെ ചിന്തയുടെയും വികാര ങ്ങവികാരങ്ങളുടെയും കവിതയാക്കി സ്ഫുടം ചെയ്തെടുക്കുകയും കാല ത്തിന്റെ ചുവരെഴുത്തുകളെ സസൂഷ്മം നിരീക്ഷിച്ചുകൊണ്ട് സാമൂഹികമാ റ്റങ്ങളിൽ സജീവമായി ഇടപെടുകയുമാണ് സമകാലിനകവിതകൾ.

**പരിസ്ഥിതിബോധം ഗോത്രകവിതകളിൽ**

ഉത്തര-ഉത്തരാധുനികഘട്ടത്തിൽ മറ്റൊരു സംസ്ഥാനത്തും കാണാത്ത തരത്തിൽ ഗോത്ര എഴുത്തുകാരുടെ കൂട്ടത്തോടെയുള്ള വരവ് കേരളസാഹിത്യത്തിൽ ഗോത്രകവിതയ്ക്ക് തനതായ ഒരു ഇടം നേടികൊടുക്കുകയും ചർച്ചകൾക്കും പഠനങ്ങൾക്കും വിധേയമാകുകയും ചെയ്തു. 2013-2014 കാലഘട്ടങ്ങളിൽ എഴുതപ്പെടുകയും പൊതു സാഹിത്യത്തിൽ ഇടം നേടുകയും സ്വതന്ത്രമായ ചർച്ചകളിൽ എത്തിയശേഷം പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തപ്പോഴാണ് ഗോത്ര സാഹിത്യത്തിന് ഒരു ആധുനികമുഖം രൂപപ്പെടുന്നത്. ഈ ഗോത്രകവിതകൾ എല്ലാം വാമൊഴി സൗന്ദര്യത്തിലധിഷ്ഠിതമായ ഗോത്രസംസ്കാരത്തിന്റെ ഭാവുകത്വത്തെ അടയാളപ്പെടുത്തുന്ന ആഖ്യാനപാഠങ്ങളാണ്.

"മനുഷ്യനും തന്റെ ആവാസകേന്ദ്രമായ പ്രകൃതിയും തമ്മിലുള്ള സർഗാത്മകബന്ധത്തെക്കുറിച്ച് അവൻ പുലർത്തുന്ന അസ്തിത്വപരമായ അവബോധമാണ് പരിസ്ഥിതിബോധമെന്നുപറയാം."[1] മനുഷ്യനും അവന്റെ ആവാസകേന്ദ്രമായ പ്രകൃതിയും തമ്മിൽ പുലർത്തുന്നത് സർഗാത്മക ബന്ധമാണ്. പരിസ്ഥിതി നാശം മനുഷ്യാസ്തിത്വത്തിനു തന്നെ വെല്ലുവിളിയായിത്തീരുമ്പോൾ ഗോത്ര കവിതകളിൽ ഈ പാരിസ്ഥിതിക ബോധം കടന്നെത്തുണ്ട്. വർത്തമാനകാലത്തു രൂഢമൂലമാകുന്ന പരിസ്ഥിതിദർശനം ആഴത്തിൽ വേരോട്ടമുള്ളതും പ്രാപഞ്ചികനീതിയിലും സഹോദര്യത്തിലും അധിഷ്ഠിതമാണെന്ന തെളിവുകൾ ഗോത്രകവിതകളിലുണ്ട്. "ആദിവാസിസമൂഹത്തിന്റെ ആവാസ ഭൂമി റിസോട്ടുകളും പരിസ്ഥിതിവിനോദസഞ്ചാരകേന്ദ്രങ്ങളുമായി പരിണമിച്ചു. ഭൂമിക്കുമേലുള്ള അവരുടെ അവകാശം നഷ്ടപ്പെടുകയും അവർ വഴിയാധാരമാവുകയും ചെയ്തു. [2] പ്രകൃതിയുടെ സ്വത്വത്തെയും മൂല്യവത്തായ ഈടിരിപ്പുകളെയും തകർത്തുകൊണ്ടാണ് സംസ്കാരവും പരിഷ്കാരവും മുന്നേറിയത്. ഒരു നാടിന്റെ സംസ്കാരം ജനിക്കുന്നത് മണ്ണിൽ നിന്നാണ്. പ്രകൃത്യാനുസാരിയായ ഒരു സംസ്കാരം ഭൂമിയുടെ സുസ്ഥിരതയ്ക്ക് അത്യന്താപേക്ഷിതമാണ്. പ്രകൃതിയും മാനവികതയും കഠിനമായി മുറി

വേല്പ്പിക്കപ്പെടുന്ന സാഹചര്യത്തിലാണ് കവികൾ പരിസ്ഥിതിയെചൊല്ലി ക്ഷുഭിതരാകുകയും വിലപിക്കുകയും ചെയ്യുന്നത്.

പ്രാചീന കവിതകളുടെ കാവ്യശാസ്ത്രം പരിശോധിച്ചാലും പരിസ്ഥിതിക്ക് പ്രത്യേക സ്ഥാനം നൽകി പരിഗണിച്ചിരുന്നതായി കണ്ടെത്താൻ കഴിയും. സിദ്ധാന്തപരമെന്നോ ദാർശനികമെന്നോ വിശേഷിപ്പിക്കുന്നതിനെക്കാൾ അനുഭവാത്മകമെന്നു പറയാവുന്ന ഒരു സമീപനമാണ് മലയാളകവിത പ്രകൃതിയോടും പരിസ്ഥിതിയോടും ചേർന്ന് ആദ്യകാലഘട്ടം മുതൽ സ്വീകരിച്ചത്. കവിതകളുടെ ആവിർഭാവം മനുഷ്യന്റെ സാമൂഹിക ജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. "തമിഴ് സൗന്ദര്യശാസ്ത്രത്തിന് അടിസ്ഥന ശിലകളിൽ ഒന്നായ തിണസങ്കല്പം പരിസ്ഥിതിയെ സംബന്ധിച്ച അവബോധത്തിലുറച്ചതാണ്."[3] കരുണം, വീരം എന്ന രണ്ടു മുഖ്യ രസങ്ങളെ അടിസ്ഥാനമാക്കി അകം, പുറം എന്ന തമിഴ് സൗന്ദര്യശാസ്ത്രം തന്നെ കവിതകളിലുണ്ട്. ഗോത്ര സങ്കല്പം കൊണ്ട് വൈദിക സങ്കല്പം വരെ പരന്നുകിടക്കുന്ന വ്യത്യസ്തവും വൈവിധ്യമാർന്നതുമായ വീക്ഷണങ്ങളെല്ലാം തന്നെ അടിസ്ഥാനപരമായി പ്രകൃത്യാരാധനയിലധിഷ്ഠിതമായ ജൈവദർശനമാണ് കാഴ്ചവയ്ക്കുന്നത്. ജൈവദർശനത്തിന്റെ വീക്ഷണതലങ്ങൾ ഏറ്റവുമാദ്യം പ്രകടമായി കാണുന്നത് നാടൻ പാട്ടുകളിലാണ്. പ്രകൃതിയോട് ഗാഢമായി ഇടപെട്ടും ബന്ധം പുലർത്തിയും കഴിഞ്ഞുവന്ന ജനസമൂഹത്തിന്റെ അനുഭവജ്ഞാനത്തിൽനിന്നും രൂപംകൊണ്ട ചിന്തകളും വൈകാരികാനുഭൂതികളും നാട്ടറിവുകളും ഗോത്ര കവിതകളിലുണ്ട്. ഗോത്ര കവിതകളിൽ ജീവിതത്തിന്റ നേർ ആവിഷ്കാരങ്ങളും ജീവിത സമസ്യകളും ഋജുവും ലളിതവുമായ രീതിയിൽ ആവിഷ്കരിക്കുന്നുണ്ട്.

തങ്ങളുടെ സ്വത്വത്തിലേക്കും സാമൂഹ്യ ജീവിതത്തിലേക്കുമുള്ള നാഗരിക മനുഷ്യന്റെ കടന്നുകയറ്റങ്ങളാണ് ഗോത്ര കവിതകളിലെ പ്രതിപാദ്യവിഷയം. മനുഷ്യനെയും പ്രകൃതിയെയും ഒന്നായി കണ്ടുകൊണ്ടാണ് ഗോത്ര കവിതയിലെ പരിസ്ഥിതി ദർശനങ്ങൾ രൂപം കൊള്ളുന്നത്. ഭൂമിയെ രക്ഷിക്കാനുള്ള മന്ത്രമല്ല പരിസ്ഥിതി ദർശനം. ജീവന്റെ നിലനിൽപ്പിനുള്ള

പോരാട്ടമാണത്. പ്രകൃതിക്കും മനുഷ്യ ജീവിതത്തിനും ഹാനികരമാകുന്ന എല്ലാ പ്രവണതകളോടും പ്രതികരിക്കാനും പ്രതിഷേധിക്കാനും നടത്തുന്ന ശ്രമങ്ങൾ ഉത്തരാധുനിക കവിതകളുടെ അന്തർധാരയായി വർത്തിക്കുമ്പോൾ പാരിസ്ഥിതികവാദം വെറും സിദ്ധാന്തമെന്ന നിലയ്ക്കല്ല പ്രശ്നാധിഷ്ഠിതമായ സമീപനമെന്ന നിലയിലാണ് ഉത്തരാധുനിക ഗോത്രകവികൾ കണക്കാക്കുന്നത്. ആദിവാസിജീവിതത്തിന്റെ ഭാഗമാണ് കാട്. കാടിനെ കാല്പനികവത്കരിക്കുന്ന മുഖ്യധാരസാഹിത്യത്തിൽനിന്ന് വേറിട്ടുനിന്നുകൊണ്ട് അവരുടെ ജീവിതവും പ്രകൃതിയുമായുള്ള ആ ജൈവ ബന്ധത്തിന്റെ ചിത്രങ്ങളുടെ ആവിഷ്കാരങ്ങളാണ് ഗോത്രകവിതകൾ, ഗോത്രജീവിതത്തിൽ പാരമ്പര്യമായി കൈമാറിവരുന്ന പല അറിവു കൾക്കും അതിന്റേതായ അടിത്തറയുണ്ട്. അത് തനത് പാരമ്പര്യങ്ങ ളിൽനിന്നും ജീവിതപരിസരങ്ങളിൽനിന്നും നിർമ്മിച്ചെടുത്തവയാണ്, കാടു മായുള്ള ബന്ധവും മനുഷ്യനും മനുഷ്യനുൾപ്പെട്ട ജീവജാലങ്ങളുടെ തുടർച്ച യായുള്ള നിലനില്പ്പിന് കാടിന്റെ ജൈവീകത നിലനിർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള അറിവുകളും അതിൽ പ്രധാനമാണ്. [4] കാട്ടിലെ അനുഭവങ്ങളും കാഴ്ചകളും ഗോത്രസംസ്കാരത്തിന്റെ വൈശിഷ്ട്യങ്ങളും ഏറെ നിഴലിച്ചു നില്ക്കുന്നവയാണ് ഗോത്ര കവിതകൾ. പാരമ്പര്യ കവിതകളിൽനിന്നും വ്യത്യസ്തമായി ഗോത്ര ജീവിതത്തിന്റെ നേർകാഴ്ചകളുടെ കറയറ്റ ആവിഷ്കരണമാണ് ഗോത്ര കവിതകൾ.

**പി.ശിവലിംഗന്റെ കവിതകളിലെ പരിസ്ഥിതിദർശനം**

ഇരുള ഭാഷ കവിയായ പി. ശിവലിംഗന്റെ കവിതകളാണ് വെളിയേ (പു റത്ത്), ശെനിയേ (നാശം), ശപ്ര (ശവമഞ്ചം), ബുൾഡോസർ എന്നീ കവി തകൾ. ഈ കവിതകളുടെ മലയാളപരിഭാഷയെ പഠനവിധേയമാക്കുമ്പോൾ കവിതയിലെ പച്ചയുടെ ഇടങ്ങളെ കണ്ടെത്തുമ്പോൾ നിഴലിച്ചുനില്ക്കുന്നത് വികസനത്തിന്റെ പേരിൽ നടക്കുന്ന പാരിസ്ഥിതികചൂഷണങ്ങളോടുള്ള എതിർപ്പാണ്.പി. ശിവലിംഗൻ തന്റെ കവിതകൾക്ക് സവിശേഷമായ അസ്തിത്വം നല്കാൻ ശ്രമിക്കുന്നുണ്ട്. താനുൾപ്പെടുന്ന ഇടങ്ങളും തന്റെ കാലവും തനിക്ക് ചുറ്റുമുള്ള പ്രകൃതിയും കവിതയിലേക്ക് ആനയിക്കാൻ

ശ്രമിക്കുന്നുണ്ട്. പരിസ്ഥിതിയുടെ നീറുന്ന പാരിസ്ഥിതികപ്രശ്നങ്ങൾ കവിതയിലുണ്ട്.ജൈവ ബിംബങ്ങൾകൊണ്ടും പാരിസ്ഥിതിക വീക്ഷണങ്ങൾകൊണ്ടും നിറഞ്ഞു നില്ക്കുന്ന കവിതകളാണ്. ആന, കാട്, പുല്ല്, മുള, വാഴ, കാക്ക, വാലാട്ടിപ്പക്ഷി, നായ, മനുഷ്യൻ തുടങ്ങി പ്രകൃതി ബിംബകല്പനയിലൂടെ ജീവിതത്തിന്റെയും പ്രകൃതിയുടെയും ചില പച്ചയായ ചിത്രങ്ങൾ നേർക്കുനേർ നിർത്തി ചോദ്യങ്ങൾ ചോദിക്കുന്ന കവിതകളാണ്. 'ബുൾഡോസർ' എന്ന കവിതയിൽ ദുരമൂത്ത മനുഷ്യനെ കടന്നാക്രമങ്ങളോട് ചില ചോദ്യങ്ങൾ ഉന്നയിക്കുന്നുണ്ട്.

“ഞാനൊരു ആന
അവർക്ക് ദൈവം
നാട്ടുകാർക്ക് ബുൾ ഡോസർ”[5]

കാടിനോട് ഇണങ്ങി ജീവിക്കുന്ന മനുഷ്യന് ആന ദൈവമാകുമ്പോൾ നാട്ടിൽനിന്ന് വന്നവർക്ക് ആന ഭയമാകുന്നു ..... പ്രകൃതിയുടെ മേലുള്ള മനുഷ്യന്റെ അധിനിവേശത്തിന്റെ സ്വരം ഈ കവിതയിലുണ്ട്.ആന സ്വൈരമായി വിഹരിച്ച കാടിനെ വികസനത്തിന്റെ പേരിൽ ഇല്ലാതെയാക്കുമ്പോൾ ആനയുടെ മനസിന്റെ ചിന്തകളെ മുറിവായി വരച്ചിട്ടിരിക്കുന്നു. മനുഷ്യ നിർമ്മിതിയുടെ കെണിയിൽപെട്ട് മരണം വരിച്ച ആനയുടെ കഥ പറയുന്ന കവിതയിലൂടെ....പരിസ്ഥിതിചൂഷണത്തിന്റെ ദുരന്തചിത്രത്തിന്റെ അടയാളപ്പെടുത്തലാണ്.

“ചുറ്റും എർത്ത് കമ്പി
പിന്നെയും അടുത്തപ്പോൾ
എന്നെ കാത്തു കിടക്കുന്ന കെണി
അങ്ങനെ ഓരോന്നിനെയും
ശ്രദ്ധാ പൂർവ്വം മറികടന്നുപോയി
ദൂരെ
അവരുടെ ഉച്ചത്തിലുള്ള ശബ്ദങ്ങൾ .......
അവരെ നേരിടാൻ വേണ്ടത്ര
ശക്തിയില്ലെന്ന് തോന്നി

നല്ല വിശപ്പുണ്ട്
തേങ്ങയോളം വലിപ്പമുള്ള പഴം കണ്ടപ്പോൾ ആർത്തിയോടെയെടുത്ത് വായിലിട്ടു
..........
ഞാൻ എപ്പോഴും പോയിരുന്ന
വഴിയരികിൽ തന്നെചാഞ്ഞു വീണു.

എപ്പോഴെങ്കിലും നിങ്ങളും ഇതുപോലെയുള്ളയിടങ്ങളിൽ ചെന്നുപെടുമ്പോൾ മാത്രമേ
എന്റെ അവസ്ഥ തിരിച്ചറിയൂ .........''[6]

ആന മൗനമായി മണ്ണിനോട് ചേരുമ്പോൾ ചില മുറിയപ്പെടലിന്റെ ചിന്തകൾ വായനക്കാരിൽ ഇട്ട് തരുന്നുണ്ട്. രണ്ടായിരത്തിഇരുപത് ജൂണിൽ പലാക്കാട് സ്ഫോടകവസ്തുപൊട്ടിതെറിച്ച് ഗർഭിണിയായ ആന ചരിഞ്ഞ സംഭവം ചേർത്തുവായിക്കുമ്പോൾ ഇത് കവിതയുടെ കാലികപ്രസ്ക്തി എടുത്തികാണിക്കുന്നു.പുരോഗമനത്തിന്റെ പേരിൽ കാട് വെട്ടി തെളിക്കുമ്പോൾ പ്രകൃതിയുടെമേൽ വൻ ചൂഷണം നടത്തുമ്പോൾ ഈ കവിത ഒരു നോവായി മാറുന്നുണ്ട്. വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾപോലും വിനോദ സഞ്ചാര സംരക്ഷണ കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ സമകാലികതയുടെ ചൂഷണാധി ഷ്ഠിത ലോകത്തെയും അതിന്റെ കാപട്യങ്ങളെയും തുറന്നു കാണിക്കാനും താനുൾപ്പെടുന്ന ഇടങ്ങളും തന്റെ കാലവും തനിക്ക് ചുറ്റുമുള്ള പ്രകൃതിയും കവിതയിലേക്ക് ആവാഹിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പരിസ്ഥിതി കവിത എന്ന പ്രഖ്യാപനമൊന്നുമില്ലാതെ പ്രകൃതിവിലാപങ്ങളില്ലാതെ ഒരു നീറുന്ന പരിസ്ഥിതി പ്രശ്നത്തെ കവിതയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. സമൂഹത്തിൽ നിലനില്ക്കുന്ന അസമത്വത്തെപ്പറ്റിയും അവഗണനയെപ്പറ്റിയും കുടിയേറ്റത്തെപ്പറ്റിയുമാണ് ഈ കവിത. കുടിയേറ്റത്തിലൂടെ മണ്ണും ജീവനും നഷ്ടപ്പെട്ട ജനതയുടെ ചിത്രമാണ് കവിതകളിലുള്ളത്.

'ശവമഞ്ചം' എന്ന കവിതയിൽ അധികാരകേന്ദ്രങ്ങൾക്ക് നേരെ വിമർശനങ്ങൾ ഉന്നയിക്കുന്നതോടൊപ്പം തന്നെ മണ്ണിനെ അഭയംപ്രാപിക്കുന്ന ഗോത്രജനതയുടെ ജീവിതത്തെ അനുവാചകന്റെ മുമ്പിൽ ഒരു നേർചോദ്യമായി ഇട്ടുതരികയാണ്. ആദിവാസി ജനത തങ്ങൾ ജീവിക്കുന്ന ജീവിതപരിസരത്തോടും അതിന്റെ ചൂഷണാത്മകനയങ്ങളോടുമുള്ള സംഘർഷാത്മകതയാണ് ഈ കവിതയിലൂടെ അവതരിപ്പിക്കുന്നത്.

"ഇത് പട്ടാളക്കാരന് വെച്ച ശവമഞ്ചമല്ല
ഇത് സമ്പന്നന് വെച്ച ശവമഞ്ചമല്ല
ചതിയിലൂടെ വോട്ട് നേടി മന്ത്രിയായവന് വെച്ച
ശവമഞ്ചമല്ല
ഇത് ഞങ്ങളുടെ മൂലയിൽ
പച്ച മുളവച്ച്
പച്ച വാഴകെട്ടി
കറുത്തകുടവെച്ച് ചെയ്ത
ഞങ്ങളുടെ ശവമഞ്ചമാണ്
................
ഞങ്ങളുടെ ശവമഞ്ചം നിലമാണ്
ഞങ്ങളുടെ ശവമഞ്ചം നിലം മാത്രമാണ്."[7]

നമ്മുടെ ജീവിതാവസാനം എത്തി നില്ക്കുന്നത് ചതിക്കാത്ത മണ്ണിലാണ്. ചൂഷണത്തിന് വിധേയമാകുമ്പോഴും പ്രകൃതിയോട് മണ്ണിനോട് ചേർന്ന് ജീവിക്കുന്നവന്റെ ശവമഞ്ചം നിലമാണ് എന്ന പ്രഖ്യാപനം കൂടിഈ കവിതയിൽ നിഴലിച്ചു നില്ക്കുന്നുണ്ട്.

ആദിവാസികളുടെ ഭൂമിയുടെമേലും വിഭവത്തിൽ മേലുമുള്ള ആധുനിക മനുഷ്യന്റെ കയ്യേറ്റവും അധിനി വേശവുമാണ് ഗോത്രജനതയുടെ ജീവിതരീതികളെയും ആവാസവ്യവസ്ഥയെയും ശിഥിലം ആക്കിയത്. 'വെളിയേ' (പുറത്ത്) എന്ന കവിത, ഇത് ജനതയ്ക്ക് പുറത്തു നിൽക്കേണ്ടിവരുന്നതിന്റെ കാരണമാണ് അന്വേഷിക്കുന്നത്. ഗോത്ര മനുഷ്യൻ ഇനിയും എന്ന് തങ്ങളുടെ ഇടത്തിനകത്ത് എന്നാണ് എന്ന ചോദ്യമാണ് ഇവിടെ

ഉന്നയിക്കുന്നത്. ഇത് പ്രകൃതിജീവജാലങ്ങളോട് ചേർന്നുള്ള ജൈവബന്ധത്തിന്റെ ചോദ്യമാണ്. ഏതാണ് ഞാൻ വസിക്കുന്ന ഇടം? എല്ലാവർക്കും സ്വതന്ത്രത്തോടെ ജീവിക്കുവാൻ സ്ഥലം ആവശ്യമാണ്. മനുഷ്യരും ഇതര ജീവഘടകങ്ങളും സമന്വയിക്കുന്ന ഭൂപ്രകൃതിയിൽനിന്ന് ഗോത്രമനുഷ്യനും ജീവജാലങ്ങളും തമ്മിലുള്ള ആത്മബന്ധത്തിൽ ഉരിത്തിരിയുന്ന നീറുന്ന ചോദ്യം.......

"ഞങ്ങൾ ജീവിച്ചു കാട്ടിൽ
കുടിയേറ്റക്കാർ വന്നു കാട്ടിലേക്ക്
പിന്നെയും ഞങ്ങൾ പുറത്ത്
ഇനിയും നമ്മൾ എപ്പോഴാണ്
അകത്തേക്ക് "[8]

നഷ്ടപ്പെട്ട സംസ്കൃതി വീണ്ടെടുക്കാൻ ആഗ്രഹിക്കുന്ന കവി ഇനിയും എന്നാണ് ഞങ്ങളെ അകത്തേക്ക് കയറ്റിവിടുക എന്നുകൂടി ആരായുന്നു.

**സുകുമാരൻ ചാലിഗദ്ധയുടെ കവിതകളിലെ പരിസ്ഥിതിദർശനം**

റാവുള ഭാഷ കവിയായ സുകുമാരൻ ചാലിഗദ്ധയുടെ കവിതകളാണ് ന്റെ (ഒന്ന്), പൂവെല്ലു (കൂവി), വെളുത്ത (വെളുത്തു) മനുവെ ണങ്കല നൂക്ക (കല്യാണചോറ്) കെത്തളു (എട്ടക്കൂരി) ബൊബെ (വാഴക്കുടപ്പൻ) എന്നിവ. അദ്ദേഹത്തിന്റെ കവിതകളിൽ മുഴുവൻ നിറഞ്ഞ് നില്ക്കുന്നത് പ്രകൃതി ബിംബങ്ങളുടെ ഒരു നീണ്ടനിരയാണ്. കാട്, മൂടൽമഞ്ഞ്, മരം, മണ്ണ്, വാഴ മരംകൊത്തിപക്ഷി, ചീവിട്പെണ്ണ്, കുരുവി, പൊൻമാൻ ആന, കാട്ടുമുയൽ, മുള്ളൻ പന്നി കുഴിയാന, പുഴഞണ്ട് നീർക്കോലിപാമ്പ്, ഏട്ടകൂരി എന്നിങ്ങനെ നീണ്ട നിര തന്നെയുണ്ട്.

'പൂവെല്ലു' (കൂവി) എന്ന കവിതയിൽ കൂവൽ എന്ന സ്വാതന്ത്ര്യപ്രഖ്യാപനത്തിൽ തന്റെ പ്രകൃതിയുടെ ഇടത്തിന്റെ സ്വാതന്ത്ര്യവും നൈർമല്യതയും നഗരത്തോടുള്ള അസ്വാതന്ത്ര്യത്തിന്റെ ചിത്രവും വരച്ചുകാട്ടുന്നു.

"ഞാൻ കാട്ടിലും
പുഴയോരത്തും
മലയോരത്തും

ചിലപ്പോഴൊക്ക് കൂവാറുണ്ട്
എന്റെ ശബ്ദം തിരിച്ചും......നന്നായി ആസ്വദിക്കാറുണ്ട്
നഗരം......
ചറപ്പറച്ചറപ്പറ
ട്ടോ
ഇടിവെട്ടി
ദാ കിടക്കുന്നു
പന്ത്രണ്ടു നിലകെട്ടിടത്തിന്റെ താഴെ ആലിപ്പഴം
ഓടിച്ചെന്ന് എടുക്കണമെന്നുണ്ട്
ഉച്ചത്തിൽ കൂവിവിളിക്കണമെന്നുണ്ട്."[9]

കാടിന്റെ ഭംഗിയെ മനോഹരമായി അവതരിപ്പിച്ചിരിക്കുന്ന കവിതയാണ് മരകൊമ്പിലിരുന്ന് കുളിക്കുന്ന കിളി, മുതുകു ചിക്കിക്കുടയുന്ന മുള്ളൻപന്നി, ഇങ്ങേട്ടുവരണ്ട എന്ന മട്ടിൽ വെള്ളത്തിൽ നടുവരയിടുന്ന നീർക്കോലിപ്പാമ്പ് എന്നി പ്രകൃതി ബിംബകല്പനകളിലൂടെ നമുക്ക് നഷ്ടമായി കൊണ്ടിരിക്കുന്ന കാടിന്റെ ലാവണ്യത്തെ വീണ്ടെടുക്കാൻ ഈ കവിത വായനക്കാരനെ ക്ഷണിക്കുന്നു. പ്രകൃതിയുടെ മനോഹര ചിത്രത്തോടൊപ്പം നടുവരയിട്ട നീർക്കോലിയിലൂടെ പ്രകൃതിയെ ചൂഷണം ചെയ്യുന്നതിനെതിരെയുള്ള എതിർപ്പിന്റെ ശബ്ദവും പ്രതിധ്വനിക്കുന്നുണ്ട്.

'കല്ല്യാണച്ചോറ് 'എന്ന കവിതയിൽ ഉയരുന്ന ഒരു ചോദ്യമുണ്ട്
"എനിക്കോടാനുള്ള ചെറുവഴികൾക്ക്
നീളംക്കൂട്ടിയതാരാ
ചിന്നം വിളികൾ അരികെത്തൊടുമ്പോലെ ........."[10]

എട്ടകൂരിയിലെ ഒളിഞ്ഞുനോക്കിയ കൈതപ്പൂവിന് വഴിബെട്ടിയാടുന്ന കാറ്റും ന്റെ കവിതയിലെ
"മൂടൽ മഞ്ഞുകൾ കഥകൾ പറഞ്ഞ്
നാടുകൾതേടി ദൂരേക്കുപോയി......
ആനച്ചെത്തം ചെവിയിൽ കേട്ട് കിടക്കും കാടിന്റെ മക്കൾ"[11]

പ്രകൃതിസൗന്ദര്യ പ്രേമികളായ മനുഷ്യന് കാട്ടിലുള്ളവ എപ്രകാരം പ്രിയങ്കരങ്ങളായി തീരുന്നുവെന്നും താൻ അനുഭവിച്ച പ്രകൃതിയെ ആവാ

ഹിച്ചെടുത്ത് ഗോത്രമനുഷ്യന്റെ പ്രകൃതിയുമായുള്ള താദാത്മ്യത്തിന്റെ നേർചിത്രവും കവിതയിലൂടെ അവതരിപ്പിച്ചിരിക്കുന്നതോടൊപ്പം എല്ലാവിധ പാരിസ്ഥിതികചൂഷണനയങ്ങളെയും എതിർക്കുന്നു,

**ഉപസംഹാരം**

വൈവിധ്യമുള്ള ആദിവാസിജനതയുടെ ജീവിതങ്ങളെ അടയാളപ്പെടുന്ന ഒരു സഹിത്യമാധ്യമമാണ് ഗോത്രകവിതകൾ. വിത്യസ്ത ആചാരനുഷ്ഠ നങ്ങളിൽ കോർത്തെടുത്ത പല നിറങ്ങളിൽ ഉള്ള കല്ലുകളാണ് ഗോത്ര സാഹിത്യം. അതിൽ ജീവിതത്തിന്റെ അടയാളപ്പെടുത്തലുകളും രാഷ്ട്രീ യപ്രതിരോധത്തിന്റെ ശബ്ദങ്ങളുമാണ്. ഗോത്രജീവിതത്തിൽ പാരമ്പര്യമായി കൈമാറിവരുന്ന പല അറിവുകൾക്കും അതിന്റേതായ അടിത്തറയുണ്ട്.അത് തനത് പാരമ്പര്യങ്ങളിൽനിന്നും ജീവിത പരിസരങ്ങളിൽനിന്നും നിർമ്മിച്ചെടുത്തവയാണ്. മനുഷ്യനും മനുഷ്യനുൾപ്പെട്ട ജീവജാലങ്ങളുടെ തുടർച്ചയായുള്ള നിലനിൽപ്പിന് കാടിന്റെ ജൈവീകത നിലനിർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും കാടുമായുള്ള മനു ഷ്യന്റെ ബന്ധത്തെക്കുറിച്ചുമുള്ള അറിവ് ആവശ്യമാണ്, മനുഷ്യൻ പ്രകൃതിയിലെ ജീവജാലങ്ങളിൽ ഒന്നു മാത്രമാണ്. ജീവന്റെയും ജീവിതത്തിന്റെയും സമസ്ത മേഖലകളും ഇന്ന് പരിസ്ഥിതി ചിന്തയ്ക്കു വിഷയമാണ്. പ്രകൃതിയെ തൊട്ടറിയുന്ന മനുഷ്യൻ ഉപഭോഗ സംസ ്കാരത്തിന്റെ പിടിയിലമരുമ്പോൾ സഹജീവികളിൽ നിന്ന് അകന്നു പോകാൻ തുടങ്ങുമ്പോഴാണ് പാരിസ്ഥതിക പ്രശ്നങ്ങൾ ഉടലെടുക്കുന്നത്. ഗോത്ര കവിതകൾ എടുത്ത് പരിശോധിച്ചാൽ പാരിസ്ഥിതികാവബോധം പ്രകടിപ്പിക്കുന്ന കവിതകൾ ആണെന്ന് കണ്ടെത്താൻ കഴിയും. മനുഷ്യ ജീവിതവും പ്രകൃതിയും തമ്മിലുള്ള ഏറ്റവും ആരോഗ്യകരമായ സഹവർത്തിത്വത്തിന്റെ ചിത്രങ്ങൾ ഗോത്ര കവിതകളിൽ ദർശിക്കാൻ കഴിയും.പി.ശിവലിംഗന്റെയു സുകുമാരൻ ചാലിഗദ്ധയുടെയും കവിതകളിൽ നിറഞ്ഞ് നില്ക്കുന്നത് അനുഭവസ്ഥന്റെ ജീവിതപരിസരവും പാരിസ്ഥിതി കപ്രശ്നങ്ങളുമാണ്. ഇതാണ് ഈ കവിതകളുടെ കേന്ദ്ര ആശയം. പച്ചമനു ഷ്യരുടെ ജീവിതങ്ങൾക്ക് പച്ചപ്പിന്റെ നിറം നല്കി കവിയും കവിതയും

ഭാഷയും ചേർന്ന പരിസ്ഥിതിയുടെ പുതിയ ഭാവുകത്വത്തിന് അർത്ഥ തലങ്ങൾ സൃഷ്ടിച്ചിരിക്കുന്നു ഗോത്രകവിതകൾ.

**കുറിപ്പുകൾ**

1. പരിസ്ഥിതിദർശനം മലയാള കവിതയിൽ, പി.കെ രാജശേഖരൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം ജൂൺ 2010.
2. ഉത്തരാധുനിക കവിതാപഠനങ്ങൾ, ഡോ. എം. എസ്. പോൾ കേരള സാഹിത്യ അക്കാദമി തൃശൂർ ഒക്ടോബർ പേജ് 14.
3. പരിസ്ഥിതിദർശനം മലയാള കവിതയിൽ, പി.കെ രാജശേഖരൻ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം ജൂൺ 2010, പേജ് 46.
4. ഗോത്രകവിത - സുകുമാരൻ ചാലിഗദ്ധ, സുരേഷ് എം. മാവിലൻ, ഡിസി ബുക്ക്സ്, ആഗസ്റ്റ് 2021, പേജ് 10.
5. ഗോത്രകവിത - സുകുമാരൻ ചാലിഗദ്ധ, സുരേഷ് എം. മാവിലൻ, ഡിസി ബുക്ക്സ്, ആഗസ്റ്റ് 2021, പേജ് 136.
6. ഗോത്രകവിത - സുകുമാരൻ ചാലിഗദ്ധ, സുരേഷ് എം. മാവിലൻ, ഡിസി ബുക്ക്സ്, ആഗസ്റ്റ് 2021, പേജ് 137.
7. ഗോത്രകവിത - സുകുമാരൻ ചാലിഗദ്ധ, സുരേഷ് എം. മാവിലൻ, ഡിസി ബുക്ക്സ്, ആഗസ്റ്റ് 2021, പേജ് 131-132.
8. ഗോത്രകവിത - സുകുമാരൻ ചാലിഗദ്ധ, സുരേഷ് എം. മാവിലൻ, ഡിസി ബുക്ക്സ്, ആഗസ്റ്റ് 2021, പേജ് 126.
9. ഗോത്രകവിത - സുകുമാരൻ ചാലിഗദ്ധ, സുരേഷ് എം. മാവിലൻ, ഡിസി ബുക്ക്സ്, ആഗസ്റ്റ് 2021, പേജ് 67.
10. ഗോത്രകവിത - സുകുമാരൻ ചാലിഗദ്ധ, സുരേഷ് എം. മാവിലൻ, ഡിസി ബുക്ക്സ്, ആഗസ്റ്റ് 2021, പേജ് 126.
11. ഗോത്രകവിത - സുകുമാരൻ ചാലിഗദ്ധ, സുരേഷ് എം. മാവിലൻ, ഡിസി ബുക്ക്സ്, ആഗസ്റ്റ് 2021, പേജ് 126.

**സഹായകഗ്രന്ഥങ്ങൾ**

1. ഗോത്രകവിത - സുകുമാരൻ ചാലിഗദ്ധ, സുരേഷ് എം. മാവിലൻ, ഡിസി ബുക്ക്സ്, ആഗസ്റ്റ്2021.

2. സാഹിത്യവും സാംസ്കാരിക ഭൂമിശാസ്ത്രവും, എഡിറ്റർ ഡോ. എൻ. രജനി, ഇൻസൈറ്റ് പബ്ലിക്കേഷൻ, സെപ്റ്റംബർ 2020.
3. ഏകാന്തനഗരങ്ങൾ, പി. കെ രാജശേഖരൻ,ഡിസിബുക്കസ്, സെപ്റ്റംബർ 2011.
4. ഉത്തരാധുനിക കവിതാപഠനങ്ങൾ, ഡോ. എം. എസ്. പോൾ കേരളസാഹിത്യ അക്കാദമി തൃശൂർ ഒക്ടോബർ 2014.
5. പരിസ്ഥിതിദർശനം മലയാള കവിതയിൽ, പി.കെ രാജശേഖരൻ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, ജൂൺ 2010.
6. www. suprabhaatham.com
7. www. samakalikamalayalam.com

# കീഴാളപെണ്ണിടങ്ങളുടെ സ്വത്വനിർണ്ണയം തെരഞ്ഞെടുത്ത സമകാലിക പെൺകവിതകളിൽ

**വിഷ്ണു. പി.എ**
ഗവേഷകൻ, ഗവൺമെന്റ് കോളേജ്, കട്ടപ്പന.

**പ്രബന്ധസംഗ്രഹം:**

പുതുകവിതയുടെ ജ്ഞാനശാസ്ത്ര നിർമ്മിതിയിൽ ദളിത് പെൺകവിതകൾക്ക് വലിയ സ്ഥാനമുണ്ട്. ജനനത്തോടെ അടിച്ചേൽപ്പിക്കലിന് വിധേയമാക്കപ്പെട്ട കീഴാള സ്ത്രീത്വത്തെ സമകാലിക കവികൾ അനുഭവവേദ്യമാക്കുന്നിടത്താണ് ദളിത് പെൺകവിതകൾക്ക് ദിശാബോധമുണ്ടാകുന്നത്. 'കീഴാളപെണ്ണിടങ്ങളുടെ സ്വത്വനിർണ്ണയം തെരഞ്ഞെടുത്ത സമകാലിക പെൺകവിതകളിൽ' എന്ന ഈ ലേഖനത്തിലൂടെ അവഗണനയുടെ ദ്വിത്വം പേറുന്ന ദളിത് സ്ത്രീത്വത്തെ പുതിയകാല പെൺകവിതകളിലൂടെ വിശകലനവിധേയമാക്കുന്നു. ദളിത് സ്ത്രീകളെ ചൂഷണം ചെയ്യുക എന്നത് ജന്മാർജ്ജിത അധികാരമായി കാണുന്നവർക്ക് നേരെയുള്ള ശക്തമായ ആയുധമാക്കാൻ ദളിത്പെൺകവിതകൾക്ക് സാധിക്കുന്നു. ധന്യ എം.ഡി, അംബിക പ്രഭാകരൻ, വിജില, സതി അങ്കമാലി, വിനീത, എം.ആർ. രാധാമണി, സുനിതാ തോപ്പിൽ എന്നിവരുടെ കവിതകളിലെ ദളിത് സ്ത്രീകളുടെ ജീവിത പരിസരങ്ങളെ കണ്ടെത്താനുള്ള ശ്രമമാണ് ലേഖനത്തിൽ നടത്തുന്നത്. അസ്വാതന്ത്ര്യത്തിന്റെ അതിർത്തികളായി സമൂഹം മാറുന്നതിനെ പെൺമയുടെ കരുത്ത് ചോദ്യം ചെയ്യുന്നു. വൈവിധ്യമാർന്ന കാവ്യഭാവുകത്വത്തെ പാർശ്വവത്കൃത പെൺകവിതകളിലൂടെ മുഖ്യധാര സമൂഹത്തിൽ അവതരിപ്പിക്കുമ്പോൾ മലയാള കവിതയുടെ വ്യത്യസ്ത ബിംബകല്പനകളെയും പരിണാമ സൂചനകളെയും പുതിയ ചിന്താപദ്ധതികളുടെ വെളിച്ചത്തിൽ പരിശോധിക്കാൻ കഴിയുന്നു. കീഴാള സ്ത്രീകളുടെ സ്വത്വനിർണ്ണയത്തിന്റെ

വൈരുദ്ധ്യാത്മകതയെയും ദളിത് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെയും ഈ ലേഖനത്തിലൂടെ വിലയിരുത്താൻ ശ്രമിക്കുന്നു.

നമ്മുടെ ചരിത്രം മനുഷ്യനന്മയുടെയും സമത്വത്തിന്റെയും സമഭാവനയുടെയും അളവുകോലല്ല. വിവേചനങ്ങളുടെയും അധിനിവേശത്തിന്റെയും അന്തർധാരയിലാണ് ചരിത്രസത്യങ്ങൾ ഒളിഞ്ഞിരിക്കുന്നത്. ദളിത് സ്ത്രീസ്വത്വം ആധിപത്യങ്ങളുടെയും അനുശാസനങ്ങളുടെയും മുൻധാരണകളുടെയും അലിഖിത വ്യവസ്ഥകളെ തച്ചുടച്ചുകൊണ്ടാണ് പുതിയലോകത്ത് വിഹരിക്കുന്നത്. മാറുമറയ്ക്കാൻ അനുവാദമില്ലാതിരുന്ന കാലത്തിന്റെയും മണ്ണിന്റെ ഉടമയുടെ ലൈംഗികാതിക്രമങ്ങൾക്ക് ഇരയാകേണ്ടിവരുകയും ചെയ്ത ദുരന്തപൂർണ്ണമായ അവസ്ഥയുടെയും പാഠങ്ങളിൽ നിന്നാണ് ദളിത്സ്ത്രീസ്വത്വം രൂപപ്പെട്ടിരിക്കുന്നത്. അവയിൽ പലതും ഇന്ന് തിരുത്തപ്പെട്ടുവെങ്കിലും ചില അവശേഷിപ്പുകൾ നിലനിൽക്കുന്നു. ദളിത് സ്ത്രീ കവിതയെഴുതുമ്പോൾ ശരീരത്തിന്റെ ഉപയോഗപരവും ഉപഭോഗപരവുമായ ചരിത്രസത്യങ്ങളെ സൂക്ഷ്മമായി നിരീക്ഷിക്കുന്നു. വർത്തമാനകാല സമൂഹത്തിലെ സ്ത്രീകളുടെ സ്ഥാനവും സാഹിത്യത്തിലെ ദളിത് സ്ത്രീകളുടെ സാന്നിധ്യവും ദളിത് പെൺകവിതകളിൽ പ്രശ്നവത്കരിക്കുന്നു. സാമ്പ്രദായികവും പാരമ്പര്യാധിഷ്ഠിതവുമായ പുരുഷകേന്ദ്രീകൃത സമൂഹ താല്പര്യങ്ങൾക്ക് ബദലായി പ്രതിരോധത്തിന്റെ ഭിന്നയാഥാർത്ഥ്യങ്ങളാണ് കീഴാള സ്ത്രീ കവിതകൾ അടയാളപ്പെടുത്തുന്നത്. ദളിത് കവിതകളിൽ വ്യത്യസ്തമായിട്ടുള്ള കീഴാളഭാവുകത്വം വരച്ചിടുന്ന പെൺകവിതകൾ ഏറെ ശ്രദ്ധിക്കപ്പെടുന്നു. സാമ്പത്തിക അസമത്വങ്ങൾ, സാമൂഹിക വികേന്ദ്രീകരണം, പാരമ്പര്യമൂല്യങ്ങളുടെ വ്യവസ്ഥാപിത നിലനിൽപ്പ് തുടങ്ങിയ അനീതികളുടെ സ്വാധീനവും ദളിത് സ്ത്രീകൾ പ്രത്യക്ഷമായും പരോക്ഷമായും നേരിടുന്നു. ഇത്തരത്തിലുള്ള അവസ്ഥകളിലും അവശതകളിലും അരികുവത്കൃത സമൂഹത്തിലെ പെൺവിനിമയങ്ങൾ തങ്ങളുടെ കാഴ്ച്ചപ്പാടിലും നിലപാടിലും ഉറച്ചുനിൽക്കുന്നിടത്താണ് ദളിത് പെൺകവിതകൾ കരുത്താർജ്ജിക്കുന്നത്.

## ധന്യ എം.ഡി.

ധന്യ എം.ഡി.യുടെ 'സുജ' എന്ന കവിതയിൽ കടയിലെ കൊച്ച് എന്ന് നാട്ടുകാർ പേരിട്ട 'അടുക്കളക്കാരി' പെൺകുട്ടിയുടെ ജീവിതമാണ് ആവിഷ്ക്കരിക്കുന്നത്. മാറ്റമില്ലാത്ത പെൺജീവിതത്തിന്റെ അവസ്ഥയും അടുക്കാളക്കാരിയുടെ മുഷിഞ്ഞുനാറലുമാണ് 'സുജ'യിലൂടെ ധന്യ വരച്ചിടുന്നത്. അടുക്കളക്കാരി എന്ന വിശേഷണത്തിലൂടെ ദ്വന്ദ്വസംഘർഷങ്ങൾ തെളിഞ്ഞുവരുന്നു. തൊഴിലിടത്തും ജീവിതത്തിലും ഒറ്റപ്പെട്ടുപോയ തിരിച്ചറിയപ്പെടാതെപോകുന്ന ദളിത് പെണ്ണവസ്ഥകളെയാണ് ഈ കവിത ഓർമ്മിപ്പിക്കുന്നത്. മുഖ്യധാരാ കവിതയുടെ സവിശേഷതയായ ആണധികാരത്തിന്റെ രാഷ്ട്രീയം ഉൾക്കൊള്ളുന്ന പ്രണയ സങ്കല്പനത്തെ തിരുത്തിയെഴുതുന്നത് ദളിത് പെൺകവിതകളുടെ രീതിയാണ്. പ്രണയമെന്ന കൊത്തുപണിക്കാരനോട് അസ്സൽ പെണ്ണാക്കിമാറ്റാനാണ് ധന്യ എം.ഡി. 'പ്രണയമേ' എന്ന കവിതയിൽ ആവശ്യപ്പെടുന്നത്. 'അമിഗ്ദല' യിൽ ട്രാൻസ്ജെൻഡർ സ്ത്രീകളുടെ ഉടലറിവുകളെക്കുറിച്ചുള്ള ചിന്തകളാണ് ദൃശ്യമാകുന്നത്. ദളിത് സ്ത്രീകളുടെ ഉടലറിവുകളെക്കുറിച്ച് ഈ കവിതയിലെ സ്ത്രീ തന്നോടുതന്നെ ചോദ്യങ്ങൾ ഉന്നയിക്കുന്നത് പരോക്ഷമായി കാണാം. ശരീരത്തെ ഭൗതീകമായും മൂർത്തമായ ആഗ്രഹങ്ങളുടെയും അധ്വാനത്തിന്റെയും വിനിമയകേന്ദ്രമായും കാണുന്ന കവിതകളാണ് പാർശ്വവത്കൃത പെൺസമൂഹത്തിന്റേത്.

കീഴാള പെൺമയുടെ ജോലിയും അധ്വാനവും പതിവ് ഗാർഹിക പീഡന പരമ്പരകൾക്കപ്പുറം വംശീയമായ തൊഴിലടയാളങ്ങളെ വരച്ചുചേർക്കുന്നു. 'നെയ്തു നെയ്തെടുക്കുന്നവ' എന്ന ധന്യ എം.ഡി.യുടെ കവിതയിൽ അധ്വാനത്തിന്റെ അതിജീവനമാണ് പ്രത്യക്ഷപ്പെടുന്നത്.

"പലരുടെ പഠിത്തങ്ങൾ
നാട്ടുവെടിവട്ടങ്ങൾ
കുറിക്കണക്ക് പരാതികൾ
അരിക്കണക്ക്
മഞ്ഞളുപ്പ്, മുളക് ചേരുവകൾ"

(നെയ്തു നെയ്തെടുക്കുന്നവ)

എന്ന വരികൾ ചെന്നെത്തുന്നത് അതിജീവനത്തിന്റെ ഭൗതിക അടിത്തറയിലാണ്. പൊതുധാരാ സ്ത്രീപക്ഷ കവിതകളിൽ നിന്നും ഭിന്നമായ ആശയമാണ് ധന്യ എം.ഡി. സൃഷ്ടിക്കുന്നത്.

**അംബിക പ്രഭാകരൻ**

നമ്മുടെ ഭൂവിതരണത്തിൽ സംഭവിച്ച അസമതയുടെ പ്രശ്നങ്ങൾ ദളിത് പെൺകവിതകളിൽ കടന്നുവരുന്നു. അംബിക പ്രഭാകരന്റെ 'എന്റെയും അവന്റെയും അവളുടെയും' എന്ന കവിതയിലെ വായനയിൽ ഈ വിഷയമാണുള്ളത്.

"എന്റെയും അവന്റെയും അവളുടെയും
ജനനങ്ങൾക്ക് മുമ്പ്
ഞങ്ങളുടെ കോളനി രൂപപ്പെട്ടു
നാലുസെന്റിൽ ഒരു വീട് രണ്ടു കുടുംബത്തിന്
വീതിച്ചത്
അങ്ങനെ മുപ്പത്തിരണ്ടു കുടുംബങ്ങൾ"

(എന്റെയും അവന്റെയും അവളുടെയും)

കോളനി ജീവിതത്തെക്കുറിച്ചുള്ള ബോധ്യവും അതോടൊപ്പം ശരീരത്തെക്കുറിച്ചുള്ള മുൻവിധികളും അംബിക പ്രഭാകരൻ വിഷയമാക്കുന്നു. ആഖ്യാനഭാഷയും വിഷയവും ശരീരസംബന്ധിയായ മുൻവിധികളുംകൊണ്ട് ഈ കവിതയിൽ നിർമ്മിക്കുന്ന പാഠത്തിന് ആന്തരിക മൂല്യമുണ്ട്.

**സുനിത തോപ്പിൽ**

പ്രാരബ്ധങ്ങളുടെയും കഠിനാധ്വാനത്തിന്റെയും മധ്യത്തിൽ മരിച്ചുവീഴുന്ന വലിയമ്മായിയുടെയും മകളുടെയും ജീവിതമാണ് സുനിത തോപ്പിലിന്റെ 'വല്യമ്മായി'യുടെ ഭാവതലം. സ്വത്വത്തിന്റെയും ജീവിത വ്യവസ്ഥയുടെയും സൗഹൃദങ്ങളുടെയും വിപുലവും വ്യത്യസ്തവുമായ ലോകങ്ങളുടെ നഷ്ടമാണ് സുനിത തോപ്പിലിന്റെ കവിതകളുടെ കേന്ദ്രബിന്ദു. മലയാള കവിതയ്ക്ക് അപരിചിതമായ സ്ത്രീ അനുഭവത്തെ വരച്ചിടാൻ ഉതകുന്ന രചനയാണ് 'മെയ്ക്കാട്ടുകാരി'.

"ഇറക്കിയ വണ്ടി

നഗരം ചുറ്റി തിരിച്ചുവരുന്നുണ്ട്
വണ്ടിക്കൂലി മുഴുവനായും
മടിക്കെട്ടിലുണ്ടെന്ന് ഉറപ്പിച്ച്
റോഡിലേക്കിറങ്ങി നിന്നു"
(മെയ്ക്കാട്ടുകാരി)

അരികുവത്കൃത സമൂഹത്തിലെ സ്ത്രീകളിലേയ്ക്ക് കണ്ണുറപ്പിക്കുന്ന കവിതകളാണ് സുനിത തോപ്പിലിന്റേത്. മനുഷ്യാനുഭവങ്ങളിലേയ്ക്കുള്ള പാർശ്വനോട്ടങ്ങളിലൂടെ ഭാഷകൊണ്ടും ഭാവനകൊണ്ടും പുതിയ ചിത്രങ്ങൾ വരയ്ക്കുകയാണ് സുനിതാ തോപ്പിൽ ചെയ്യുന്നത്. മുടിമേഖല, ഠലമവിലാ സിനി എന്നീ കവിതകളിലും കീഴാളസ്ത്രീ സമൂഹത്തിന്റെ വ്യവഹാരങ്ങൾ നാം കാണുന്നു.

**സതി അങ്കമാലി**

സതി അങ്കമാലിയുടെ 'ഒറ്റച്ചേല'യിൽ ലൈംഗികതയുടെ പരിസരത്തിൽ നിന്നും വിഭിന്നമായി ശരീരം നഗ്നമാകുന്ന കാഴ്ചയെ സൃഷ്ടിക്കുന്നു. ഒരറ്റം വെയിലിലും മറ്റേയറ്റം ഉടലുമായി ചേർത്തുകൊണ്ട് ഒരേയൊരു ചേല ഉണക്കിയെടുക്കുന്ന വൃദ്ധയെ ഈ കവിതയിൽ അവതരിപ്പിക്കുന്നു. മരിച്ചാൽ കുഴിച്ചിടാൻ സ്ഥലമില്ലാത്തതുകൊണ്ട് കായലിൽ കെട്ടിത്താഴ്ത്തേണ്ടി വരാനിടയുള്ള ഒരു ശരീരംകൂടിയാണ് വൃദ്ധയുടേത്. ദളിത് സ്ത്രീയുടെ വിഭവാധികാരമില്ലായ്മകളിലേയ്ക്കുകൂടി നീളുന്ന സൂചനകൾ വൃദ്ധയുടെ ശരീരത്തിൽ ലയിച്ചുകിടക്കുന്നു. ഏറ്റവും അടിസ്ഥാന പദവിയുള്ള ശരീരങ്ങൾ ലൈംഗിക കാമനകൾക്ക് അകത്തുള്ളതിനേക്കാളുപരി പലതരം കോയ്മകളെക്കൂടെ അഭിസംബോധന ചെയ്യുന്നു. കുറഞ്ഞ ചെലവിൽ ലഭ്യമാകുന്ന ലൈംഗിക ശരീരങ്ങളായി ദളിത് പെൺശരീരങ്ങൾ വിനമയം ചെയ്യപ്പെടുന്ന കാഴ്ചയെ 'ഒറ്റച്ചേല' വരച്ചിടുന്നു. അജിതയുടെ 'അച്ഛനി'ലും പുഷ്പാ ജോയിയുടെ 'അമ്മ'യിലും അച്ഛനമ്മമാരുടെ ആദർശവത്കരണത്തിനപ്പുറമുള്ള ജീവിതവ്യഥയുടെ നേർച്ചിത്രങ്ങളാണ് തുറന്നുകട്ടുന്നത്. സതി അങ്കമാലിയുടെ 'പ്രണയമരത്തിൽ' പ്രണയത്തേയും രതിയേയും അന്യവത്കരണത്തോടെ കാണുന്നു. കീഴാളസ്ത്രീസ്വത്വം അനുഭവിക്കുന്ന

ലിംഗപരമായ വിധേയത്വവും അടിമത്തവും ഈ കവിതയിൽ സജീവ ഘടകമായി മാറുന്നു.

“ഞാനതു തലകീഴായ് കുഴിച്ചിട്ടാ...
മണ്ണുപുരണ്ട പച്ചയ്ക്ക്
ജീർണ്ണ നിശബ്ദത!
ആകാശം കണ്ട വേരുകൾ
വാ പിളർന്ന്”

(പ്രണയമരത്തിൽ)

എന്നാണ് സതി അങ്കമാലി എഴുതുന്നത്. കീഴാളസ്വത്വ പ്രതിസന്ധിയുടെ ശാശ്വത പരിഹാരം കീഴാളത്വത്തിൽ കലങ്ങി മറിയുന്നുവെന്ന യാഥാർത്ഥ്യബോധത്തെ ഈ കവിത ഉൾക്കൊള്ളുന്നു.

**വിനീത**

വിനീതയുടെ ‘ഒറ്റമുറിത്തുന്നലി’ൽ അമ്മ ഒരു അടുപ്പായി മാറുന്നുണ്ട്. സ്ത്രീ ജീവിതത്തിന്റെ അസ്വാതന്ത്ര്യമായി പെൺ കവിത അടയാളപ്പെടുത്തുന്ന പുതിയ കാലത്തിന്റെ സവിശേഷതകൾ വിനീതയുടെ ‘ഒറ്റമുറിത്തുന്നലി’ൽ പ്രകടമാണ്. വിനീതയുടെ ‘മഴ’യിലും ഇതേ ഭാവുകത്വമാണ് അവതരിപ്പിക്കുന്നത്. ഉൾക്കാഴ്ചയോടെ തന്റെ ചുറ്റുപാടുകളോട് സംവദിക്കാൻ വിനീത ശ്രമിച്ചിരുന്നു. വൈകാരികതയുടെ ഭാഷയ്ക്കപ്പുറം ആത്മസത്തയുടെ പ്രേരകങ്ങളായും ഉൾക്കരുത്തിന്റെ സൂചകമായും വിനീതയുടെ കവിതകൾ പരിണമിക്കുന്നു.

**വിജില**

മുന്നെഴുത്തുകളെ അപനിർമ്മിക്കുന്ന പരിഹാസത്തിന്റെയും വിമർശനത്തിന്റെയും മുനകളുള്ള ശരീര - സ്വത്വ രാഷ്ട്രീയ പാഠം വിജിലയുടെ കവിതകളിലുണ്ട്. ആഡംബരത്തിന്റെയോ വളച്ചുകെട്ടലിന്റെയോ ഭാഷയല്ല, മറിച്ച് അനുഭവിക്കുന്ന ജീവിതത്തിന്റെ നേർസാക്ഷ്യമാണ് വിജിലയുടെ കവിതകളിൽ തെളിയുന്നത്. ‘കുളക്കടവിൽ കുളിക്കുമ്പോളി’ൽ സ്ത്രീബോധത്തെക്കുറിച്ചുള്ള സമൂഹത്തിലുള്ള ചില നിർമ്മിതികളെ അതിജീ

വിക്കുന്നു. ആർത്തവരക്തം പ്രപഞ്ചം നിലനിർത്തുന്നതിനുള്ളതാണെന്ന ബോധ്യവും ഈ കവിതയിലുണ്ട്. അപരിഷ്കൃത സമൂഹത്തെ പരിഹസിക്കുകയാണ് വിജിലയുടെ പെൺ കവിതകൾ. 'എനിക്ക് നഖം നീട്ടാൻ കഴിയില്ല'യിൽ പ്രതിരോധിക്കുന്ന പെണ്ണ് എവിടെയെന്ന് ചോദിക്കുന്നു. 'പെണ്ണകല'ത്തിൽ സ്ത്രീ, സ്ത്രീയായി ജീവിക്കാൻ ഉപേക്ഷിക്കേണ്ട ചില ശീലങ്ങലെക്കുറിച്ചും പരമ്പരാഗത നിയമങ്ങളിൽ നിന്നും മോചനം നേടണമെന്നും പറയുന്നു. വാക്കുകളിൽ നിന്നും ചിത്രകല്പനകളിൽ നിന്നും വിശദാംശങ്ങളിലൂടെ പടരുന്ന ഒരു താരതമ്യ കല്പനാവൈഭവമാണ് വിജിലയുടെ കവിതകളിൽ പ്രകടമാകുന്നത്. ദൈനംദിന വ്യവഹാരങ്ങളോട് കൂടുതൽ അടുത്തുനിൽക്കുകയും ഭാഷയ്ക്കുള്ളിൽ ഒരു പൊളിച്ചെഴുത്ത് നടത്താനും വിജില ശ്രമിക്കുന്നു. ദളിത് പെൺ കവിതകൾ ആവിഷ്ക്കരിക്കുന്ന ഉടലിനെക്കുറിച്ചുള്ള ബോധം സമൂഹം സൃഷ്ടിച്ചതാണ്. അതുകൊണ്ടുതന്നെ ചില പദങ്ങൾ തെരഞ്ഞെടുക്കുമ്പോൾ സൂക്ഷ്മത കൈവരുന്നുണ്ട്. വിജിലയുടെ 'കറുത്ത ബോഡി'യിൽ സമൂഹം സൃഷ്ടിക്കുന്ന അപകർഷതയിൽ നിന്നാണ് ദളിത് ഐക്യം രൂപപ്പെടുന്നതെന്ന് വ്യക്തമാകുന്നു.

'വീണപൂവിനും വിരിയുന്ന പൂവിനും മധ്യേ'യിൽ ആർത്തവത്തിന്റെ അനുഭവത്തെ ആവിഷ്കരിക്കുന്നു. ഒരു സ്ത്രീ അനുഭവിക്കുന്ന ദുഃഖമാണ് അവളുടെ ആർത്തവനാളുകളെന്ന് ഈ കവിതയിൽ പ്രഖ്യാപിക്കുന്നു.

"എന്റെ രക്തദിനങ്ങൾ
കഴിഞ്ഞുള്ള നാളുകൾ
പകലുകൾ എത്ര മനോഹരമാണ്"

(വീണപൂവിനും വിരിയുന്ന പൂവിനും മധ്യേ)

എന്നാണ് ആർത്തവ ദിവസങ്ങൾക്ക് ശേഷമുള്ള വിജയദിനത്തേക്കുറിച്ച് വിജില എഴുതുന്നത്. ഒരു സ്ത്രീയുടെ ശരീരം പ്രപഞ്ചസൃഷ്ടിക്കായി രൂപപ്പെടുമ്പോൾ അതിനെ അശുദ്ധിയായി കാണുന്ന സാമൂഹിക സൃഷ്ടികളോടുള്ള ക്രോധമാണ് 'വീണപൂവിനും വിരിയുന്ന പൂവിനും മധ്യേ'യിലുള്ളത്.

## എം.ആർ. രാധാമണി

വൈയക്തികവും വൈകാരികവുമായ തലങ്ങളിൽ കഴിയുമ്പോഴും തമസ്കരണത്തിന്റെയും അന്യവത്കരണത്തിന്റെയും അനുഭവങ്ങളെ തിരിച്ചറിയുന്ന കാവ്യാനുഭവമാണ് എം.ആർ. രാധാമണിയുടെ കവിതകൾ. ആത്മനിഷ്ഠയുടെ അതിർവരമ്പിൽ നിന്നുകൊണ്ട് സ്വത്വം തിരിച്ചറിയാനുള്ള ഊർജ്ജസ്വലതയാണ് രാധാമണിയുടെ കവിതകളുടെ ജീവൻ. 'ദളിത്' എന്ന പേരിലുള്ള കീഴടക്കലുകളെ വൈകാരികതയുടെ മാധ്യമമായി രാധാമണി കാണുന്നില്ല. മറിച്ച് ചെറുതിന്റെയും നിസ്സാരതയുടെയും ലോകത്തിന്റെ ലാളിത്യനേർമതകളെക്കാൾ അതു സംഭരിച്ചുവച്ചിരിക്കുന്ന കനപ്പെട്ട കദനഭാരവും നിരാശ്രയത്വവും അനിശ്ചിതത്വവും രാധാമണിയുടെ കവിതകളിലെല്ലാം പൂർണ്ണത പ്രാപിക്കുന്നു. മരണമണത്തിന്റെ ആന്തരിക സ്പർശം രാധാമണിയുടെ കവിതകളിൽ പ്രത്യക്ഷമാണ്. കീഴാള പെൺമയുടെ എഴുത്തുകളിൽ പ്രകൃതിയും അതിജീവനവും പാരിസ്ഥിതിക അവബോധവും കടന്നുവരുന്നു. എം.ആർ. രാധാമണിയുടെ 'തരിച്ച കതിരുകളി'ൽ പ്രകൃതിയും ആവാസപരിസ്ഥിതിയും ഇഴുകിച്ചേരുന്നുണ്ട്. പി. ലിസയുടെ 'ഉതപ്പി'ൽ പ്രകൃതി സ്ഥലരാശികളുമായി ബന്ധപ്പെട്ടുനിൽക്കുന്ന കാഴ്ചയാണ് കാണുന്നത്.

ദളിത് പെൺമയുടെ ബോധമണ്ഡലം വളരെ ആവേശഭരിതമാണ്. വൈവിദ്ധ്യമാർന്നതും തനിമയാർന്നതുമായ കാവ്യഭാവുകത്വത്തെ പ്രസരിപ്പിക്കുന്നതുമായ ഒട്ടനേകം രചനകളുടെ ശേഖരം എന്ന നിലയിൽ അവയുടെ പ്രസക്തി വളരെ വലുതാണ്. ഉത്തരാധുനിക കവിതകളുടെ പൊതുധാരയിൽ നിന്നും ദളിത്വാദത്തിന്റെ അടിസ്ഥാനശിലയിൽ നിന്നും സ്ത്രീഭാവുകത്വത്തിന്റെ ജനപ്രിയ ഘടനയിൽ നിന്നും ദളിത് പെൺകവിതകൾ വഴിമാറിപോകുന്നുണ്ട്. കീഴാള ജീവിതത്തെ സംബന്ധിച്ച അവശതകളും ദുർബലതകളും പരാധീനതകളും ഈ രചനകളിൽ അന്തർലീനമാണെങ്കിലും അവ ആഘോഷിക്കപ്പെടുകയോ പ്രമേയതലത്തിന്റെ കേന്ദ്രസ്ഥാനത്ത് എത്തിച്ചേരുകയോ ചെയ്യുന്നില്ല. "സവർണ്ണവിരുദ്ധതയും ഭൂതകാലപീഡനങ്ങളെയും വർത്തമാനകാലത്തെ വിഭവദാരിദ്രത്തെയും പറ്റിയുള്ള കേവല പ്രതിപാത

നങ്ങളായി അതിന് ചുരുങ്ങാനാവില്ല"യെന്ന് സമകാലിക പെൺ കവിതകളെക്കുറിച്ച് ഡോ. ജി. ഉഷാകുമാരി 'ദളിത് പെൺമയുടെ കാവ്യാനുഭവങ്ങൾ' (2021:37) എന്ന ലേഖനത്തിൽ അഭിപ്രായപ്പെടുന്നു. ദർശനപരത, കാല്പനിക ഭാവങ്ങൾ, സാമ്പത്തിക ഇടപെടലുകൾ, സാമൂഹിക നിലപാടുകൾ തുടങ്ങിയവയ്ക്ക് പകരം അനുഭവ പരതയെ പ്രാധാന്യമുള്ളതായി കാണുന്ന കാഴ്ചയാണ് ദളിത് സ്വത്വത്തിലൂന്നിയ പെൺകവിതകളിലുള്ളത്.

മലയാളിയുടെ പൊതുബോധത്തിൽ സംഭവിച്ച പിളർപ്പിനെ കവിത കൊണ്ട് നേരിടുവാനാണ് ഇന്നത്തെ ദളിത് കവികൾ ശ്രമിക്കുന്നത്. അതിൽ നിന്നും വൈരുദ്ധ്യാത്മകമായ സമീപനമാണ് പലപ്പോഴും ദളിത് പെൺ കവിതകളിൽ കാണുന്നത്. 'ഇരട്ട കീഴാളത്വം' എന്ന അടിച്ചമർത്തലിന്റെ ആഴമേറിയ അവസ്ഥകളെ സൂക്ഷ്മമായി വീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും അരികുവത്കൃത സമൂഹത്തിലെ പെണ്ണനുഭവങ്ങൾക്ക് കഴിയുന്നു. ബാല്യവും കൗമാരവും യൗവനവും ഇഴചേർന്ന ഓർമ്മകളുടെ സമ്പന്നത ദളിത്സ്ത്രീ അനുഭവങ്ങളുടെ പരിസരത്തുനിന്നും പരിശോധിക്കുന്നത് ദളിത് പെൺ കവിതകളുടെ പൊതുവായ പ്രത്യേകതയാണ്. കീഴാള ജീവിതത്തെ അവതരിപ്പിക്കുന്ന കവിതകൾ എന്നതിനപ്പുറം കുടുംബത്തിനകത്ത് പാർശ്വവത്കരിക്കപ്പെടുന്നവരുടെയും പുരുഷന്റെ സ്നേഹത്തിന് മുന്നിലും സമൂഹത്തിന്റെ ആവശ്യങ്ങളുടെ മുന്നിലും നിസ്സഹായകയായി, ആയുധങ്ങലെല്ലാം നഷ്ടപ്പെട്ടുനിൽക്കുന്ന കേരളത്തിലെ, ലോകത്തിലെ ഓരോ സ്ത്രീയുടെയും നാവായി ഈ കവിതകൾ മാറുന്നുണ്ട്. പുതിയ ഭാവുകത്വത്തെയും പുതിയ ചിന്തയെയും ദളിത് പെൺ കവിതകളിലൂടെ അടയാളപ്പെടുത്താൻ സാധിക്കുന്നു. അവിടെ നിറങ്ങളും പ്രാണികളും പുതുഭാഷയിലൂടെ കടന്നുവരുന്നു. കീഴാള സ്ത്രീ ഭാവനയുടെ അർത്ഥവ്യാപ്തിക്ക് അതിരടയാളങ്ങളില്ലെന്നുള്ള തിരിച്ചറിവിലാണ് ദളിത് പെൺമയുടെ സ്വത്വസങ്കല്പം എത്തിനിൽക്കുന്നത്.

**സഹായകഗ്രന്ഥങ്ങൾ:**


1) ഉഷാകുമാരി. ജി, ദളിത് പെൺമയുടെ കാവ്യാനുഭവങ്ങൾ, കോഴിക്കോട്: മാധ്യമം ആഴ്ചപ്പതിപ്പ്, 2021 ഫെബ്രുവരി 15.
2) ധന്യ. എം.ഡി, അമിഗ്ദല, കോട്ടയം : ഡി.സി. ബുക്സ് 2014.
3) പുരുഷോത്തമൻ. കെ.സി, ദളിത് സാഹിത്യ പ്രസ്ഥാനം, തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 2008.
4) ബിന്ദു. പി (എഡിറ്റർ) ആധുനികാനന്തര കവിത, വായനാ വിചാരം, പെരുമ്പാവൂർ: യെസ്പ്രസ് ബുക്സ്, 2019.
5) വിജില, പകർത്തിയെഴുത്ത്, തിരുവനന്തപുരം: ചിന്താ പബ്ലീഷേഴ്സ്, മാർച്ച് 2015.
6) സുനിതാ തോപ്പിലിന്റെയും വിനീതയുടെയും സതി അങ്കമാലിയുടെയും എം.ആർ. രാധാമണിയുടെയും അംബിക പ്രഭാകരന്റെയും ഫേസ്ബുക്ക് താളുകൾ.

**URL:**

https://www.deshabhimani.com/amp/books/news-books-14-02-2016/538887
http://womenpoint.in/index.php/resources/resourcesDetails

# വാണിജ്യവൽക്കരണം ഇ.പി.ശ്രീകുമാറിന്റെ കഥകളിൽ - ഒരു സാംസ്കാരിക വിശകലനം

**സിദ്ധി അജയ്**

എം.ഫിൽ, മലയാള വിഭാഗം, കാര്യവട്ടം ക്യാമ്പസ്

കേരള സർവകലാശാല

**ആമുഖം**

രൂപഘടനയിലും പ്രമേയ സ്വീകരണത്തിലും, ഭാഷയിലും ആധുനിക കവികൾ പിന്തുടർന്ന് മാർഗങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തത പുലർത്തുന്നതാണ് മലയാളത്തിലെ സമകാലിക കവികതകൾ.ഏറ്റവും കൂടുതൽ സാംസ്കാരിക മിശ്രണം നടക്കുന്ന ഈ കാലഘട്ടത്തിൽ,മലയാളകവിതയിൽ നിലനിന്നിരുന്ന കാവ്യ സങ്കല്പങ്ങളെ ഉടച്ചുവാർത്ത് പുതിയൊരു ഭാവുകത്വത്തെ പ്രതിഷ്ഠിക്കാൻ തുടങ്ങിയിരിക്കുന്നു. കവിത ഇന്നൊരു സങ്കര കലയായി മാറിയിരിക്കുന്നു.ശാസ്ത്ര സാങ്കേതിക രംഗത്ത് ഉ ായ കുതിച്ചുചാട്ടവും വൈജ്ഞാനിക മണ്ഡലത്തിൽ മുന്നേറ്റങ്ങളും ഇത്തരം മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. സൈബർ എഴുത്തുകളും ചിത്രകലയും ഓഡിയോ വിഷ്വലുകളും ഗ്രാഫിക് ആർട്ടും കാലിഗ്രാഫിയും, ശില്പകലയും ഇൻസ്റ്റലേഷനും സിനിമയും നാടകവും സംഗീതവുമെല്ലാം അതിൽ ഉൾച്ചേർന്ന് വരാറുണ്ട്. ഇത്തരത്തിൽ പുതുവഴികൾ തേടാനുള്ള വ്യഗ്രത കവിതയ്ക്കുണ്ട്. ആലങ്കാരികതകൾ തിരസ്കരിച്ച് ഭാഷയെ കുറുക്കിവറ്റിച്ച പുതിയ രൂപത്തിലേക്ക് കവിതയെ കൊണ്ടുവരാനുള്ള ശ്രമം പുതുകവിതകൾക്കുണ്ടെങ്കിലും കാലത്തിനനുസൃതമായ രാഷ്ട്രീയം പറഞ്ഞു വയ്ക്കാൻ പോന്ന വിസ്ഫോടന ശക്തി അതിനുണ്ട്. ഇത്തരം കവിതകൾ

ഭാഷയിലൂടെ സ്വീകരിക്കുന്ന രചനാതന്ത്രങ്ങളും അതിലൂടെ അവതരിപ്പിക്കുന്ന പ്രതിരോധ പ്രവർത്തനങ്ങളും പ്രകടമാണ്. ഈ പശ്ചാത്തലത്തിലാണ് കവയിത്രിയും ചിത്രകാരിയും കലാ നിരൂപകയുമായ കവിതാ ബാലകൃഷ്ണന്റെ രചനകൾ കൂടുതൽ ശ്രദ്ധേയമാകുന്നത്. കവിതയുടെ കവിതകൾ ആശയത്തിലും അവതരണത്തിലും ഭാഷയിലും തികഞ്ഞ പരീക്ഷണമാണ് മുന്നോട്ട് വയ്ക്കുന്നത്. ഇത്തരത്തിൽ ലോകമെമ്പാടും ഏതു ഭാഷകളിലും ശക്തമാകുന്ന പുതിയ പരീക്ഷണങ്ങളിൽ മലയാളത്തിന്റെ സംഭാവനയെന്ന നിലക്കാണ് കവിത ബാലകൃഷ്ണന്റെ കവിതകളെ ഈ പ്രബന്ധത്തിൽ പഠിക്കാൻ ശ്രമിക്കുന്നത്. പുതു കവിതകളിലെ ഭാഷാ പ്രവണതകളെ മുൻ നിർത്തി കവിത ബാലകൃഷ്ണന്റെ കവിതകളെ പഠനവിധേയമാക്കുക എന്നതാണ് പ്രബന്ധത്തിന്റെ ലക്ഷ്യം. 'ഞാൻ ഹാജരുണ്ട്' അങ്കവാലുള്ള പക്ഷി, തീപ്പെട്ടി കവിതകൾ എന്നീ കവിതാ സമാഹാരങ്ങളെ മുൻനിർത്തിയാണ് ഇവിടെ പഠനവിധേയമാക്കുന്നത്.

**ഞാൻ ഹാജരുണ്ട്, അങ്കവാലുള്ള പക്ഷി, തീപ്പെട്ടി കവിതകൾ**

ആക്ഷേപ ഹാസ്യത്തിന്റേയും നർമ്മപ്രധാനമായ ചിത്രകലയുടെയും ഐറണിയുടെയും പാരമ്പര്യം മലയാളകവിതയ്ക്കുണ്ട്. കാർട്ടൂണിസ്റ്റുകളും മലയാളം ഹാസ്യത്തെ പുറംലോകത്ത് എത്തിച്ചവരാണ്. കവിത ബാലകൃഷ്ണനും ഇത്തരത്തിലുള്ള പാരമ്പര്യത്തിൽ നിന്ന് പ്രചോദനം ലഭിച്ച കവയത്രിയാണെന്നും കവിതയുടെ കവിതകൾക്ക് ആക്ഷേപഹാസ്യത്തിന്റെ ചുവയുണ്ടെന്നുമാണ് കവി സച്ചിദാനന്ദന്റെ നിരീക്ഷണം. കപട വിപ്ലവകാരികൾ, രാഷ്ട്രീയ കുടിലതകൾ കൈമുതലായി ഉള്ളവർ, പെൺവാണിഭക്കാർ തുടങ്ങി, പുരഷാധിപതികൾ, ഫെമിനിസം ഫാഷനാക്കിയവർ, കമിതാക്കൾ,കവികൾ, സാങ്കേതിക വിദഗ്ദ്ധൻമാർ വരെ കവിതയുടെ കവിതകളിൽ സന്ദർഭോചിതമായി വിമർശിക്കപെടുന്നു.
സംബന്ധഅസബന്ധ പ്രയോഗങ്ങൾ ഇടകലർത്തിയും, അക്ഷരങ്ങൾ മാറ്റി പ്രയോഗിച്ചും തികച്ചും വ്യത്യസ്തമാർന്ന രീതിയിലുള്ള തലക്കെട്ടുകൾ ആണ് കവിതകൾക്കു നൽകിയിരിക്കുന്നത്. അരോമ രാജ്യം, അപൂരണം,

തീനും വയമ്പും, വിനയപൃച്ഛ, ഗോതമ്പുശില്പം, ഒരു ഉത്തരാധുനിക ജാതകം പുണ്യ കുമാരി ജനനം, വാങ്കോഗ് വേഴ്സസ് വർ ഹോൾ, വാക്കിന്റെ പടം, എല്ലാം നേരെയാകും, ഹാ!, അ –ആ, വയറു കാണൽ, തുടങ്ങിയവയെല്ലാം വ്യത്യസ്തത പുലർത്തുന്നവയാണ്.

അടിമയാക്കപ്പെടുന്ന സ്ത്രീ ജീവിതത്തിന്റെ ഐറണി നിറഞ്ഞ ആവിഷ്കാരമാണ് 'വിനയ പ്രശ്പൃച്ഛ ' എന്ന കവിത.

'നീയിടയനാണെ
ഞാനോ ആടാണെ
കുറുമ്പുള്ളോളെങ്കിലുമീ
കാത്തുകൊള്ളേണമേ

സ്ത്രീ ഈ ലോകത്തിന്റെ വക്കിലെ അലങ്കാര തുന്നൽ മാത്രമായി നിൽക്കുന്നു ഇവിടെ പുരുഷൻ ഇടയനും സ്ത്രീ ആടുമാകുന്നു. അവൾ വാൽ കൊണ്ടു മാനം കാക്കുന്നവൾ.

നീ തന്നെ പട്ടിയാക്കുകീ
നല്ലോരാടിനെ
നന്മതൻ മഹാവൃക്ഷം
കൊമ്പ് പൂഴ്ത്തിയ മണ്ണിലോ
സദയം കുഴിച്ചിടുകീ പട്ടിയെ?
എങ്കിലോ നല്ല കന്നിമാസ ഭഗവാൻമാരെ
ഇയാടിനു കൂട്ടു ചേർക്കണേ
പുച്ഛമടക്കി പെറ്റുകൂട്ടണം
തൊട്ടിലാട്ടി കഞ്ഞിവയ്ക്കണം
കൂലികൂടാതെ വയറു നിറയ്ക്കണം.
അങ്ങോട്ടും പോയാലും മെ
ഇങ്ങോട്ട് വന്നാലു മേ
കാത്തുകൊള്ളേണ
മെ
മേ

പുച്ഛമടക്കി പെറ്റുകൂട്ടാൻ വിധിക്കപ്പെട്ട, കൂലികൂടാതെ പണിയെടുക്കുന്നവൾ എന്നിങ്ങനെ സ്ത്രീജീവിതത്തിന്റെ ആകുലതകളെയെയും കവിതയിൽ അവതരിപ്പിക്കുന്നു.

സമകാലിക കവികൾ ആഖ്യാനത്തിലും സ്വരത്തിലും ഭിന്നരാണ്. കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ ഒരുപോലെ ആണെങ്കിലും അവതരണത്തിൽ തികച്ചും വ്യത്യസ്തത പുലർത്തുന്നു. വിജയലക്ഷ്മിയുടെയും വി എം ഗിരിജയുടെ കവിതകളിൽ നിന്നും വിദൂര നൂതനമായ ഒരു ഭാവുകത്വമാണ് കവിത ബാലകൃഷ്ണന്റെ വരികളിൽ പ്രകടമാകുന്നത്.

എട്ടാമത്തെ പെണ്ണുകാണലിനും
ഒമ്പതാമത്തെ പെണ്ണുകാണലിനും
ഇടയ്ക്ക് വച്ചാണ് ആണിനെ കണ്ടത്
കാണലിന്റെ അതിരുകളിൽ
അവൻ ചിലന്തിയെപ്പോലെ
സസൂക്ഷ്മം വല കെട്ടുകയോ
ഗൗളിയെപ്പോലെ
നേരെ നോക്കി ചിലക്കുകയോ ചെയ്തില്ല.
അവൻ
ചിലന്തിയെ പോലെ ചിലയ്ക്കുകയും
ഗൗളിയെപ്പോലെ വല കെട്ടുകയും ചെയ്തു.
ഹ, ദ കംപ്ലീറ്റ് മാൻ
(ആണുകാണൽ )
സായംകാലേ തിരിച്ചു നടക്കാം
ചരക്കെന്ന് ചന്തമതിലുകൾ
ഹമ്പടി എന്ന പോസ്റ്റ് -ഫെമിനിസ്റ്റ്റാഡിക്കലുകൾ
പഠിത്തം കഴിഞ്ഞു ഇനി എന്തെന്ന് മാന്യർ.
ഫെയർ ആവണം ഏത് ലവ് ലിയും അതിനാൽ വേണ്ടത്ര ബ്ലീച്ച് അടിക്കണം
അരിഷ്ടകാലങ്ങളീവണ്ണം ചെല്ലവേ-

യഹോ! പെണ്ണിനു വരും മൂക്കിൽ പല്ലെന്ന്
ഉത്തരാധുനിക ഗ്രഹനില നിറഞ്ഞുകവിഞ്ഞല്ലോ ജാതകികൾ
(ഉത്തരാധുനിക ജാതകം)

സ്ത്രീ മനസ്സിന്റെ തുറന്നെഴുത്തുകൾ കവിതയുടെ കവിതകളിൽ പ്രകടമാണ് സ്ത്രീ ഇടപെടുന്ന ഇടങ്ങളും ഗാർഹികവും സാമൂഹികവുമായ പ്രതിസന്ധികളും കവിതയിൽ ആവിഷ്കരിക്കുന്നു. ഇടപെടലുകളുടെ പ്രധാന ഇടമായ അടുക്കളയെ പശ്ചാത്തലമാക്കി കവിതാ ബാലകൃഷ്ണൻ എഴുതിയ കവിതയാണ് 'ഗോതമ്പുശില്പം'. സ്ത്രീയുടെ സർഗാത്മ സൃഷ്ടിയുടെ ഇടം എന്ന നിലയ്ക്ക് അടുക്കളക്ക് വലിയ പ്രാധാന്യമാണുള്ളത്. ഈ സ്പേസിൽ നിന്ന് കൊണ്ടാണ് സ്ത്രീ മനസ്സിനെ കവിതയിൽ വിചിന്തനം ചെയ്യുന്നത് പുരുഷകേന്ദ്രിതമായ വ്യവസ്ഥകളിൽ പലപ്പോഴും സ്ത്രീകൾ ഞെരിഞ്ഞമരുമ്പോൾ സ്ത്രീകൾക്കൊപ്പം അല്ല പുരുഷനൊപ്പം ചിരിക്കുന്ന സ്ത്രീ മനസ്സിനന്റെ മനശാസ്ത്രത്തെ വിശദീകരിക്കാൻ കവിത ശ്രമിക്കുന്നു.

മകൾ ഒടുവിൽ ഉണ്ടാക്കിയ സിംഹ തലയും
വാലും പിഴുതെടുത്ത്
അമ്മ അടുത്ത ചപ്പാത്തിയും പരത്തി
ശേഷിക്കും ഉടലിൽ
ഇനി എന്റെ ചെറുക്കന്റെ  മുഖം ആവാം

അടുക്കളയിൽ അമ്മയ്ക്കൊപ്പം ചപ്പാത്തി പരത്തുന്ന മകൾ ഗോതമ്പു കുഴച്ച് സിംഹത്തിന്റെ രൂപം നിർമ്മിക്കുകയാണ്. അവളുടെ സ്വപ്നങ്ങളിലെ രൂപം കാട്ടിലെ രാജാവായ സിംഹത്തിന്റെ ഉടലാണ്.അമ്മ അത് അറുത്തെടുത്തു ചപ്പാത്തി പരത്തി.  മകളുടെ സങ്കല്പങ്ങളെ പാടെ പിഴുതെറിയുകയാണ് അമ്മ. പെണ്ണിന്റെ പുരോഗതിക്ക് തടസ്സമാകുന്നത് അവൾ തന്നെയെന്ന് വിശദീകരിക്കുകയാണ് അടുത്ത വരികൾ.

എന്റെ ചെറുക്കൻ നാവിൽ ശൂലം തളച്ചവൻ രണ്ട് ഗോതമ്പു  അധികം വേണം അവന് തല വലുത് വേണം.

ഇനി 'എന്റെ ചെറുക്കൻ' എന്ന പ്രയോഗത്തിലൂടെ, അമ്മ അവന് സ്വന്തം

ആണ് ആ മനസ്സ് മകൾക്കൊപ്പം അല്ല മകനൊപ്പം ആണ് എന്ന് കാട്ടിത്തരുന്നു. അവനുവേണ്ടി ഇരട്ടി പങ്ക് മാറ്റിവയ്ക്കുന്നു. ഇവിടെ മകന്റെ കാര്യത്തിൽ അമ്മ വളരെ ശ്രദ്ധാലുവാണ്.ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് സ്ത്രീ മനസ്സിന്റെ വൈരുദ്ധ്യങ്ങളെയാണ് ഇവിടെ കവിത അവതരിപ്പിക്കാൻ ശ്രമിക്കുന്നത്.

'ഞാൻ ഹജരുണ്ട്' എന്ന കവിത ആരംഭിക്കുന്നത് ഇങ്ങനെയാണ്

ഒരിക്കൽ ഒരു പെൺകുട്ടിയും കുറെ ജന്തുക്കളും ഉണ്ടായിരുന്നു.

പുരുഷന്റെ ആധമപ്രവർത്തികൾക്ക് ഇരയാകുന്ന പെൺകുട്ടിയും തുടർന്ന് അവൾക്കു നിഷേധിക്കപ്പെടുന്ന നീതിയും ഇരയാക്കപ്പെടുന്ന സ്ത്രീയോടുള്ള അലമ്പാവവും നീതിപീഠത്തെയും ഒരുപോലെ വിമർശിക്കുന്ന കവിതയാണ്.

തുടയിടുക്കിൽ കുത്തി
പറന്നകന്ന കടന്നലുകൾ അവൾക്ക് ഒരു വീടു വച്ചു കൊടുത്തു
ഒരു ഓട്ട വീട്!
അവളോ കട്ടായം പൂമ്പാറ്റയെ പോലെ ജീവിക്കും അത്രേ
വാദിയും പ്രതിയും ഇല്ലാതെ
ആ കേസുകെട്ട്
എല്ലാ ആകാശ കോടതിയിലും
തീർന്നു കിട്ടിയത് അങ്ങനെയല്ലേ നാട്ടാരെ..

ലീമെറിക് കവിതകളുടെ സവിശേഷതകൾ ഉൾക്കൊള്ളുന്ന ചെറു രചനകളാണ് എൻ -ഗൾഫ് വചനങ്ങൾ, കുറിക്കുകൊള്ളുന്ന പ്രയോഗങ്ങളും രചനയിൽ ശ്രദ്ധേയമാണ്. അരികു വൽക്കരിക്കപ്പെട്ട ജീവിതങ്ങൾക്ക് നേരെ അധികാരവർഗ്ഗം നടത്തുന്ന കടന്നുകയറ്റവും കവിതയ്ക്ക് വിഷയമാകുന്നു ആദിവാസിയെ ചൂഷണം ചെയ്യുന്ന തമ്പുരാനേ നേത്രവടിവുകൾ എന്ന കവിതയിലൂടെ രൂക്ഷ ഹാസ്യത്തിന് ഇരയാക്കുകയാണ് കവിത.

തമ്പ്രാന്റെ നേത്ര വടിവിൽത്തന്നെ
ഇന്നലെയൊരു ചോണനുറുമ്പ് കടിച്ചെടേ
അന്തഃപുരം പച്ചമരുന്നു തേടുന്നെടേ

നിത്യം മൂന്നു നേരം
സോഫ കവർ കഴുകാൻ മറന്ന
നാലു ഭൃത്യരെ
മണ്ണിലേക്ക് തിരികെ പറഞ്ഞയച്ചടേ.

സമകാലിക അവസ്ഥയുടെ നേർ രേഖയാണ് 'വെള്ളപ്പൊക്കത്തിൽ' എന്ന കവിത. ഇവിടെ വെള്ളപ്പൊക്കം ഏതു അവസ്ഥയും ആകാം വിദേശ ആക്രമണമോ പ്രകൃതിദുരന്തമോ അടിയന്തരാവസ്ഥയോ എന്തുമാകാം. ഇത്തരം സന്ദർഭങ്ങളിൽ പല വിഭാഗക്കാരുടെ പ്രതികരണങ്ങളാണ് നർമ്മ രൂപേണ കവിത എഴുതിയിരിക്കുന്നത്.

ഇതൊരു രാഷ്ട്രീയ വിപത്തായി കാണുന്ന പ്രധാനമന്ത്രി, പരമ സത്യത്തിന് ആവിഷ്കാരം ആണെന്ന് ദർശിക്കുന്ന മതനേതൃത്വം, ചരിത്ര ബന്ധമായി സംസ്കാര പാഠമാണെന്ന് കവികളും ചിത്രകാരും, ധ്യാന ബുദ്ധന്റെ നെറ്റിയിൽ തുറിച്ച് കണ്ണ് കൊത്തിവെച്ചു മതം മാറുന്ന ദളിത് ശിൽപി.

**കവിതയിലെ ഭാഷ**

കാവ്യത്തിനിണങ്ങുന്ന ഭാഷ പ്രയോഗങ്ങളാണ് എടുത്തുപറയേണ്ട മറ്റൊരു ഘടകം. തുടക്കം മുതൽ ഒടുക്കം വരെ പ്രസരിപ്പുള്ള വാങ് മയങ്ങൾ കവിതകളിൽ പ്രകടമാണ് അതിൽ തന്നെ നർമ്മത്തിൽ പൊതിഞ്ഞ പ്രഹസനവിക്ഷേപങ്ങളും സജീവമാണ്.

അല്ലേലും
ഇത്തിരി സ്ത്രീവാദമുണ്ടായാൽ
മാന്യദേഹം ചീത്തയാകുമോ? (ഇതാ ഒരുമരണകുറി )
തിടുക്കക്കാരായ രണ്ടു ഉറുമ്പുകൾ
ഉമ്മവെക്കാൻ എടുക്കുന്ന ഏറ്റവും കുറഞ്ഞ സമയമാണ്
ഈ കവിതയിൽ കൃത്യം കണക്കാക്കിയിട്ടുള്ളത്
ദയവായി രണ്ട് ഉറുമ്പുകളുടെ
പടം ചേർത്ത് പ്രസിദ്ധീകരിക്കരുതേ
.........
ആദരപൂർവ്വം

ഞാൻ

(സർ, ഒരു കവിത അയക്കുന്നു )

പേര് ? ഇല്ല

വയസ്സ്? അറിയിച്ചു

ജാതി ? നാസ്തി

സ്നേഹം? ഇല്ല

മുല? ഒന്ന്

തുട ? രണ്ട്

ചിത്രം? വിചിത്രം

...

രാഷ്ട്രീയം : ആ

ഉണ്ടില്ലെടോ, വിശക്കുന്നു. (അപൂരണം)

വായ്മൊഴി വഴക്കങ്ങളും കവിതയിൽ സജീവമാണ്.

പൂവും പൂമര തോടും തൊഴുതിട്ടും

അന്നോം മാനോം മുട്ടീലോ

കാടോടും പടലോടും താണിട്ടും

മന്ത്രോം മരുന്നും മുട്ടീലോ

(നേതൃവടിവുകൾ)

കഥ തീരാത്തമ്മേ

കഥ തീരാത്തമ്മേ

കഥയിൽ ചോദ്യം താ

കഥയിൽ ഉത്തരോം താ(കൊമ്പും വമ്പും )

**പുതുകവിതയുടെ കാഴ്ചവട്ടം**

വായനയും കാഴ്ചയും ചേർന്നുവരുന്ന ഇടമാണ് കവിതയുടെ കവിതകൾ. കവിതയിൽ ഉള്ള ഏറ്റവും നൂതനമായ പരീക്ഷണമാണ് തീപ്പെട്ടി കവിതകൾ എന്നു പറയാം. അവതരണത്തിലും ആശയത്തിലും തികച്ചും വ്യത്യസ്തത പുലർത്തുന്ന ഒന്നാണിത്. ഒരു തീമാറ്റിക് രീതിയിൽ കവിതയുടെ ഉൾബലത്തോടെ പ്രദർശിപ്പിച്ചവയാണ് തീപ്പെട്ടി കവിതകൾ. തലശ്ശേരി

സൈക്കിൾ ബുക്സ് ലിമിറ്റഡ് എഡിഷനായി പുറത്തിറക്കി. മുസ്ബണ്ണിൽ നടന്ന സർവദേശിക ചിത്രകലാ പ്രദർശനത്തിലും തീപ്പെട്ടി കവിതകൾ ഇടം നേടി. 2021 സായാഹ്ന ഫൗണ്ടേഷൻ തീപ്പെട്ടി കവിതകൾ എന്ന തലക്കെട്ട് നൽകി ഇത് പുസ്തകരൂപത്തിൽ പുറത്തിറക്കുകയു ായി. അക്ഷരങ്ങളും വാക്കുകളും ചിഹ്നങ്ങളും ഉപയോഗിച്ചാണ് ഈ കവിത രചിച്ചിരിക്കുന്നത്. കാലിഗ്രാഫിയുടെ സാധ്യതകൾ ഇതിൽ പ്രയോഗിച്ചിട്ടുണ്ട്. കറുപ്പ് വെള്ള എന്നീ നിറങ്ങൾ ലൂടെ ചിത്രവും എഴുത്തും കലരുന്നതിന്റെ വലിയ സാധ്യത സൃഷ്ടിക്കുന്നു. നിറങ്ങളുടെ ശബളതയിവിടെയില്ല. നോക്കി ലൂടെ ഒരു വാക്കിന് പൊളിച്ച് അതിന് മറ്റ് അർത്ഥ തലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഈ കവിതകൾക്ക് കഴിയുന്നു. തീപ്പെട്ടി കവിതകൾ നോട്ടത്തിനും കാഴ്ചപ്പാടിനെയും സാധ്യതകൾ കൂടിയാണ് ഇവിടെ അക്ഷരത്തിനും രേഖകൾക്കും അതിന്റെതായ സ്വാതന്ത്ര്യമുണ്ട്.

**ഉപദർശനം**

ബഹുസ്വരമായ വാർത്തമാനകാലത്തുനിന്നുകൊണ്ട് സമകാലിക കവിതാ പരിസരത്തിൽ കവിത ബാലകൃഷ്ണന്റെ കവിതയെ വിലയിരുത്തുമ്പോൾ ഉരുത്തിരിയുന്ന നിഗമനങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

സ്വരൂപത്തിലും ഉള്ളടക്കത്തിലും തികച്ചും വ്യത്യസ്തത പുലർത്തുന്ന കാവ്യ രീതിയാണ് കവിതാ ബാലകൃഷ്ണൻ കവിതകൾക്കുള്ളത്. നിലവിലുള്ള ചട്ടക്കൂടുകളിൽ നിന്ന് കുതറി മാറി കൊണ്ട് പുതിയൊരുഭാവുകത്വത്തെ രൂപപ്പെടുത്താൻ ഈ കവിതകൾ ശ്രമിക്കുന്നു.

സമകാലിക സാമൂഹ്യാവസ്ഥകളെ സസൂക്ഷ്മമം അവതരിപ്പിക്കാൻ കവിത ബാലകൃഷ്ണന്റെ കവിതകൾക്ക് സാധിക്കുന്നു. അവയ്ക്ക് ആക്ഷേപ ഹാസ്യത്തിന്റെ മേൻപൊടി കൂടി ചലിച്ചു തയ്യാറാക്കപ്പെട്ട വയാണ്. അതുകൊണ്ട് തന്നെ വൈരുധ്യങ്ങളുടെ കൂടിച്ചേരലുകൾ പുതിയ ചിന്തകളെ ഉണർത്തിവിടുന്നു.

സ്ത്രീകൾ നേരിടുന്ന പ്രതിസന്ധികൾ, പുരുഷാധിപത്യ ചെയ്തികൾ,

ഉപഭോഗസംസ്കാരം, സ്ത്രീ മനസ്സുകളുടെ വൈരുധ്യം, കുടുംബബന്ധങ്ങൾ തുടങ്ങി ചുറ്റുപാടുകളിൽ നിന്ന് മനുഷ്യനെന്ന ഒരു ബിന്ദുവിലേക്ക് മാത്രം വരെ എത്തിനിന്നുകൊണ്ട് കവിതയുടെ കവിതകൾക്ക് സംസാരിക്കാൻ കഴിയുന്നു.

കവിത വായിക്കുക കേൾക്കുക എന്നിവയിൽനിന്ന് കവിത കാണുക എന്നൊരു തലത്തിലേക്ക് നീങ്ങിയിരിക്കുന്നു. കവിത ബാലകൃഷ്ണന്റെ തീപ്പെട്ടി കവിതകൾ ഇതിനൊരുദാഹരണമാണ്.. ഇവിടെ ചിത്രമെഴുത്തും കവിതയും കൂടി ബന്ധിപ്പിച്ചുകൊണ്ട് പുതിയൊരു ചട്ടക്കൂടിലേക്ക് സാഹിത്യത്തെ വാർത്തെടുക്കുകയാണ്.

**സഹായഗ്രന്ഥം**


- കവിത ബാലകൃഷ്ണൻ, അങ്കവാലുള്ള പക്ഷി,റെയിൻബോ ബുക്സ്, തിരുവനന്തപുരം, 2004.
- കവിത ബാലകൃഷ്ണൻ, ആധുനിക ചിത്രകല ആശയം പ്രയോഗം വ്യവഹാരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവന്തപുരം.
- കവിത ബാലകൃഷ്ണൻ, ഞാൻ ഹാജരുണ്ട്, ഡിസി ബുക്സ്,കോട്ടയം,2007.
- കവിത ബാലകൃഷ്ണൻ, തീപ്പെട്ടി കവിതകൾ, സായാഹ്ന ഫൌണ്ടേഷൻ, തിരുവനന്തപുരം 2021
- പോൾ എം. എസ്. (ഡോ.), ഉത്തരാധുനിക കവിത പഠനങ്ങൾ, കേരള സാഹിത്യ അക്കാദമി.

# പുതുപെൺകവിത; സ്വത്വനിർമ്മിതിയുടെ രാഷ്ട്രീയം

ശ്രീജയ. സി.എം.

കവിത എല്ലായ്പ്പോഴും വിനിമയത്തിനുമപ്പുറം ലോകബോധ്യങ്ങളെ തെളിഞ്ഞും മറഞ്ഞും വെല്ലുവിളിക്കുന്നുണ്ട്. വ്യത്യസ്ത സ്ഥലരാശികളുടെ, വ്യക്തമായും ഇടത്തിന്റെ അടയാള പ്പെടുത്തലാകുന്നുണ്ട് കവിത. സവിശേഷമായി പുതുകവിത (ആധുനികാനന്തര കവിത) എല്ലാം സ്വീകരിക്കപ്പെടുന്ന ഇടത്തിന്റെ എഴുത്താണെന്നു വരുമ്പോൾ സ്ത്രീ സ്വത്വപരതയ്ക്കപ്പുറമുള്ള അപരസ്വത്വങ്ങളുടെ കൂടി പ്രതിനിധാനമാകുന്നുണ്ട് കവിത. അതു മാറിയ ഭാവുകത്വത്തിന്റെ പ്രത്യക്ഷവത്കരണമാണ്. സ്വത്വനിർമ്മിതിയുടെ സൂക്ഷ്മ രാഷ്ട്രീയവുമായി അവയെ ചേർത്തു വായിക്കാൻ കഴിയും.

പുതു പെൺകവിതകളിൽ തെളിഞ്ഞു കാണുന്ന ഏകതാനമായി പരിചയിച്ചുവന്ന ശീലങ്ങളിൽ നിന്നുള്ള വിടുതൽ അപരപ്രതിനിധാനങ്ങളുടെ ബോധ്യങ്ങളിൽ നിന്നുകൂടിയാണ് പലപ്പോഴും ഉരുവം കൊണ്ടിട്ടുള്ളതെന്നു മനസ്സിലാക്കാം. അരികുവത്കരിക്കപ്പെട്ട സ്ത്രീയെന്ന സ്വത്വത്തിനപ്പുറം സാമ്പത്തികമായും വർഗ്ഗപരമായും ലിംഗപരമായും പുറത്തുമാറ്റിനിർത്തപ്പെട്ട അപരവത്കരിക്കപ്പെട്ട സ്വത്വബോധ്യങ്ങളുടെ വീണ്ടെടുപ്പായി കവിത മാറുന്നത് പുതുകവിതയുടെ സവിശേഷതയാണ്. ഇന്റർസെക്ഷണൽ ഫെമിനിസത്തിന്റെ സാധ്യതകൾ പുതു കവിതയിലെ പെണ്ണെഴുത്തുകളിലെങ്ങനെയാണ് ഇടപെടുന്നതെന്ന് പഠിക്കേണ്ടതുണ്ട്.

ഫെമിനിസമെന്ന പദം സ്ത്രീപക്ഷം അഥവാ പെൺവഴി (feminism), സ്ത്രീത്വം അഥവാ പെണ്ണ് (femaleness), സ്ത്രീ ഭാവം അഥവാ പെണ്ണത്തം (feminity) എന്നീ അർത്ഥങ്ങളിലാണ് പ്രയോഗിച്ചുവന്നത്. സ്ത്രീ എന്നതിനപ്പുറം അപരസ്വത്വങ്ങളെ കൂടി പ്രതിനിധാനം ചെയ്യുന്നുണ്ട് സ്ത്രീ എന്നും മുൻ ഫെമിനിസ്റ്റ് കാഴ്ചപ്പാടുകളിൽ അവ എന്തുകൊണ്ട് തഴയപ്പെട്ടു എന്ന രാഷ്ട്രീയം മനസ്സിലാക്കി അവയേക്കൂടി ഉൾക്കൊള്ളേണ്ടതിന്റെ ആവശ്യകത അവതരിപ്പിക്കുകയാണ് ഇന്റർസെക്ഷണൽ ഫെമിനിസം ചെയ്യുന്നത്.

ബ്ലാക്ക് ഫെമിനിസ്റ്റായ കിമ്പർലേ വില്യംസ് ക്രെൻഷോസ് വർക്കാണ് ഇന്റർസെക്ഷണൽ ഫെമിനിസമെന്ന ആശയത്തിന്റെ പ്രോദ്ഘാടക. അടിച്ചമർത്തലെന്നത് ഏകതാനമായ ഒന്നല്ലെന്നും അതിന് വിവിധ വശങ്ങളുണ്ടെന്നുമുള്ള കാഴ്ചപ്പാടിലാണ് ഇന്റർസെക്ഷണൽ ഫെമിനിസമൂന്നൽ നൽകുന്നത്. 1989 ൽ ഒരു രൂപകമെന്ന നിലയിൽ ഇന്റർസെക്ഷനെന്ന സംജ്ഞ സ്വീകരിക്കപ്പെടുകയും നിയത ഫെമിനിസ്റ്റ് പാഠങ്ങളിലെ അടിച്ചമർത്തലുകൾക്കടിപ്പെടുന്ന അപരസ്വത്വങ്ങളെ അടയാളപ്പെടുത്തുന്ന രീതിയിലേക്ക് വളരുകയുമാണുണ്ടായിട്ടുള്ളത്. വംശത്തിന്റേയും ലൈംഗികതയുടേയും അതിരുകൾ നിർമ്മിച്ചിരിക്കുന്നത് വെള്ളക്കാരാണ്. ക്രെൻഷേ പറയുന്നത് ഒരു കറുത്തവർഗ്ഗക്കാരി സ്ത്രീ ഉപദ്രവിക്കപ്പെട്ടാൽ, ചൂഷണം ചെയ്യപ്പെട്ടാൽ അത് ലിംഗവിവേചനത്തിൽ നിന്നോ വംശവിവേചനത്തിൽ നിന്നോ ആകാമെന്നാണ്. നിറമുള്ള സ്ത്രീകളെ തിരഞ്ഞെടുക്കാനാണ് ഫെമിനിസത്തിന്റെ പൂർവ്വ തിയറികളുടെ അടിസ്ഥാനസ്വഭാവമെന്ന വിമർശനത്തിൽ നിന്നുമാണ് ഇന്റർസെക്ഷണൽ ഫെമിനിസത്തിന്റെ കടന്നുവരവ്. സെബേറകിംഗ് വാദിക്കുന്നതുപോലെ എല്ലാ അടിച്ചമർത്തലുകളേയും അഭിസംബോധന ചെയ്യേണ്ടതിന്റെ ആവശ്യകതയാണ് ഇതിന്റെ മൗലികത. സ്ത്രീകളുടെ പ്രശ്നങ്ങൾ പഠനവിധേയമാക്കുമ്പോൾ സ്ത്രീയെന്ന സ്വത്വം മാത്രമല്ല സ്ത്രീകളുടെ അപരസ്വത്വങ്ങളെ കൂടി വിശകലനം ചെയ്യേണ്ടതുണ്ട് എന്നും എങ്കിൽ

മാത്രമേ അതു പൂർണ്ണമാവുകയുള്ളൂ എന്നുമാണ് ഇന്റർസെക്ഷണൽ ഫെമിനിസത്തിന്റെ അടിസ്ഥാന ആശയം.

മലയാളത്തിൽ രണ്ടായിരത്തിനു ശേഷം വന്നിട്ടുള്ള സ്ത്രീ എഴുത്തുകളുടെ മുഖ്യസവിശേഷത അത് അന്നോളം മുഖ്യധാരയിൽ നിന്നും മാറ്റിനിർത്തപ്പെട്ട, പ്രത്യക്ഷവത്കരിക്കപ്പെടാത്ത ഭിന്ന സ്വത്വങ്ങളെ അഭിസംബോധന ചെയ്യുന്നതു കാണാം. സ്ത്രീ എന്നതിനപ്പുറത്തേക്ക് അവൾ ജീവിക്കുന്ന സാമൂഹിക-രാഷ്ട്രീയചുറ്റുപാടുകൾ കൂടി ഇവിടെ വെളിപ്പെട്ടു വരുന്നു. വിജയരാജമല്ലിക, വിജില ചിറപ്പാട്, ധന്യ വേങ്ങച്ചേരി, രേഷ്മ.സി എന്നിവരുടെ കവിതകളിലെ സ്വത്വപ്രതിനിധാനങ്ങളെ ഇന്റർ സെക്ഷണൽ ഫെമിനിസം മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളുടെ വെളിച്ചത്തിൽ പഠനവിധേയമാക്കുമ്പോൾ പുതുകവിതയുടെ ഉൾക്കൊള്ളലിന്റെ മറ്റൊരു അടരാണ് വെളിപ്പെടുന്നത്.

വിജയരാജമല്ലികയുടെ കവിതകൾ ട്രാൻസ് വുമൺ എന്ന സ്വത്വത്തെ പ്രതിനിധാനം ചെയ്യുന്നുണ്ട്. 'ഞാൻ മറ്റൊരു പെണ്ണല്ല' എന്നാർജ്ജവമുള്ള വിജയരാജമല്ലികയുടെ വരികൾ 'എന്നെ തിരുത്താമെന്നാണോ അതിനു നീ ശരിയാണോ' എന്ന ചോദ്യം തന്റെ അനുഭവങ്ങളിൽ നിന്നുരുവംകൊണ്ട ആത്മബോധത്തിൽനിന്നുണ്ടായതാണ്. ഇത്തരത്തിലുള്ള അവബോധങ്ങളുടെ ശബ്ദം കൂടിയാണ് പുതുകവിത. രൂപത്തിന്റെ വാർപ്പുമാതൃകകളെ ഈ കവിതകൾ തകർത്തെറിയുന്നു. കഥ, നോവൽ, സിനിമ തുടങ്ങിയ ഇതര മേഖലകളിൽ ലിംഗ-ലൈംഗിക ചിന്തകൾ ഏറ്റക്കുറച്ചിലുണ്ടായെങ്കിലും എല്ലായ്പ്പോഴും ആൺ-പെൺ കാഴ്ചപ്പാടിൽ മാത്രമൊതുങ്ങിയില്ല. എന്നാൽ ആദ്യകാലത്ത് കവിതയിലെ ലിംഗരാഷ്ട്രീയം ആൺ-പെൺ ദ്വന്ദ്വങ്ങളിൽ മാത്രമൊതുങ്ങുകയാണുണ്ടായത്. എൽ ജി ബി റ്റി ക്യൂ മലയാളകവിതയിലേക്കു കൂടുതൽ പ്രത്യക്ഷമായി കടന്നുവരുന്നത് രണ്ടായിരത്തിനുശേഷമാണ്. പരമ്പരാഗത ലിംഗനിയമങ്ങളെ ചോദ്യം ചെയ്യുകയും ലിംഗപദവിയുടെ നിർവ്വചനങ്ങളെ തിരുത്തിയെഴുതുകയും ചെയ്യുന്ന കവിതകൾ അതിനുദാഹരണങ്ങളാണ്.

'അമ്മയാകാത്തവളും

അമ്മയാകാൻ കൊതിക്കാത്തവളുമില്ലേ
അമ്മ പെണ്മയുടെ പരിപൂർണ്ണതയാണോ?
അതു പെരുമാറ്റമല്ലേ?' (പൂർണ്ണ)
'ചെത്തിക്കളഞ്ഞില്ലെങ്കിലും
തുന്നിക്കെട്ടിയില്ലെങ്കിലും മാറ്
തുടുപ്പിച്ചില്ലെങ്കിലും ഞാനൊരു പെണ്ണ്.
ചങ്കുറപ്പുള്ള ചുണയുള്ള പെണ്ണ്'

(പെണ്ണ്)

പ്രകടനപരതയിലോ രൂപത്തിലോ അല്ല ജെന്റർ നിലനിൽക്കുന്നതെന്നും അതൊരു സ്വകാര്യതയും തിരിച്ചറിയലും കൂടിയാണെന്ന് പറയാനുള്ള ആർജ്ജവമിവിടെ കാണാൻ കഴിയും. 'ഓഹ് ലിംഗം ഒരു പ്ലേഗ് തന്നെ' എന്ന 'അലകളെ'ന്ന കവിതയിലെ വരികൾ ലിംഗസ്വത്വത്തിന്റെ നിർണ്ണയനത്തിലെ സാംസ്കാരിക ശൂന്യത വെളിപ്പെടുത്തുന്നുണ്ട്. തന്റെ ഇടത്തെ നേടിയെടുക്കലിന്റെ ഭാഷയാണീ വരികൾക്കുള്ളത്. ആണൊരുത്തി, വെട്ടിമാറ്റപ്പെട്ടവൾ, കനൽപ്പെണ്ണ് എന്നിവയൊക്കെ മറ്റൊരു സ്വത്വത്തിന്റെ അടയാളപ്പെടുത്തലാണ്.

'അവന്
തലമുടി നീട്ടി
നഖം കടിച്ച്
ഒന്ന് കുണുങ്ങി നടന്നതിന്
കരാളം' എന്ന് പറയുന്നത് കവി, അനുഭവിച്ച തിരസ്കാരങ്ങളിൽ നിന്നുമാണ് ഉരുത്തിരിഞ്ഞിട്ടുള്ളത് . വിജയരാജമല്ലികയെക്കൂടാതെ ലിവിങ് സ്മൈൽ വിദ്യയുടെ പക്ഷേ, വ്യാപ്തി തുടങ്ങിയ രചനകളിൽ ട്രാൻസ് സ്വത്വത്തെ, നേരിടുന്ന പ്രശ്നങ്ങളെ അവതരിപ്പിക്കുന്നു. കർതൃഭാഷ ഇവിടെ പൂർവ്വ സങ്കല്പങ്ങളെ വിമർശിക്കുകയാണ്. പെൺ-ട്രാൻസ്ജെന്റർ സ്വത്വത്തെ സൂക്ഷ്മവും മൂർത്തവുമായി ഇവ അടയാളപ്പെടുത്തുന്നുണ്ട്.

വിജില ചിറപ്പാടിന്റെ രചനകൾ പലതരത്തിൽ അവഗണിക്കപ്പെട്ട സ്തീ അധഃസ്ഥിത സ്വത്വങ്ങളുടെ പകർപ്പാണ്. വിജിലയുടെ കവിതയിൽ ഭക്ഷണം പങ്കുവയ്ക്കലിനപ്പുറം കീഴ്പ്പെട്ടുപോയ ജാതിശ്രേണിയുടെ ഇങ്ങേയറ്റത്തിന്റെ സൂചനകൂടിയാണ്.

'അമ്മ ഒരു കാല്പനിക കവിതയല്ല' എന്ന കവിതയിൽ റേഡിയോയിൽ സംസ്കൃത വാർത്ത കേൾക്കുമ്പോൾ അത് പൂട്ടിവയ്ക്കാൻ പറഞ്ഞിട്ട് പണിയ്ക്കിറങ്ങുകയാണ് അമ്മ. നമ്മളെ വേണ്ടാത്ത ദൈവങ്ങളെ നമുക്കും വേണ്ടയെന്നു പറയുമ്പോൾ ഒഴിവാക്കുന്നത് തങ്ങളെ പുറത്താക്കിയ ഭാഷയെ, ദൈവത്തെയാണ്. സ്തീയെന്ന കണ്ടുപരിചയിച്ച സ്വത്വമല്ല ഇവിടെ കവിതയ്ക്കാധാരമാകുന്നത്.
പണിയ്ക്കിറങ്ങുന്ന പലയിടങ്ങളിൽ നിന്ന് ഒഴിവാക്കപ്പെട്ട ദലിത് സ്വത്വമാണിവിടെ അമ്മയെ കാല്പനികയല്ലാതാക്കുന്നത്. 'ആറരയ്ക്കുള്ള വണ്ടീലെന്ന' കവിതയിൽ പണിയ്ക്കു പോയിവരുന്ന സ്ത്രീകളെ

'കാക്കയെപ്പോലെ കറുത്തോർ/പൊകലച്ചുരുള് പോലുള്ള/ കൈലിയും ഷർട്ടുമണിഞ്ഞോർ/ഇന്നത്തെ അന്നത്തിനായി/തുട്ടിനിറങ്ങി തിരിച്ചോർ' എന്നിങ്ങനെയാണ് അടയാളപ്പെടുത്തുന്നത്. സ്ത്രീ സ്വന്തം അസ്തിത്വം പടുത്തുയർത്തുന്നത് പണിയിലൂടെ, പുറംലോകത്തേക്കുള്ള ആ ഇറങ്ങിപ്പോക്കുകളിലൂടെയാണ് എന്ന് പറയുമ്പോൾ അവിടേയും അവൾ തന്റെ ദലിത് സ്വത്വം, നിറം പേറുന്നുണ്ടെന്നും ദാരിദ്രം അതിന്റെ ചേർത്തുവായനയെന്നുമുള്ള ചിന്തകൾ കവിത ബലപ്പെടുത്തുന്നുണ്ട്. കൈക്കലത്തുണികളിൽ,

'ഒന്നു നനഞ്ഞു നിവരാൻ/അനുവദിക്കാതെ/അഴുക്കുകളത്രയും ഊരിയുറഞ്ഞു/പാറപോലുറച്ചു' തുടങ്ങിയ വരികൾ കൊടുത്തുകൊടുത്ത് ഒന്നുമവവശേഷിപ്പില്ലാത്ത അമ്മ, സ്ത്രീസ്വത്വങ്ങളെ മാത്രമല്ല അവളുടെ ജാതിസ്വത്വത്തിന്റെ അധീനതയുടെ ദ്വന്ദ്വത്തെ കൂടി അവശേഷിപ്പിക്കുന്നുണ്ട്. ധന്യ എം.ഡിയുടെ നെയ്തെടുക്കുന്നവ, അംബിക പ്രഭാകരന്റെ കവിതകൾ എന്നിവയിലൊക്കെ സ്തീ അനുഭവിക്കേണ്ടി വരുന്ന ദുരിതജീവിതത്തിന്

കടുപ്പമേറ്റുന്ന അവളുടെ അപരസ്വത്വങ്ങളെ കൂടി വെളിപ്പെടുത്തുന്നുണ്ട്. സ്വത്വം നിർമ്മിക്കപ്പെടുകയാണ് എന്നും ഒന്നിലധികം സ്വത്വങ്ങളെ വഹിക്കുമ്പോൾ അവയ്ക്കു പിന്നിലെ സാമൂഹിക-രാഷ്ട്രീയടിത്തറ കൂടി മനസ്സിലാക്കേതിന്റെ സാധ്യത സാമൂഹിക മേൽ-കീഴ് ചട്ടക്കൂടുകളെ പൊളിച്ചെഴുതേ തിന്റെ ആവശ്യകതയിലേക്കു കൂടി വിരൽ ചൂണ്ടുന്നുണ്ട്. ഇവിടെ സ്വത്വ നിർമ്മിതി നടക്കുന്നത് അബോധപ്രക്രിയായാണ്.

രേഷ്മ സി.യുടെ ചെമ്മരത്തി മൂത്തമ്മയിൽ ലിഗാധികാര വിച്ഛേദത്തിന്റെ തുടർച്ച കാണാം. മുതിർന്നപ്പോൾ മരിച്ചുപോയ ചെമ്മരത്തിമൂത്തമ്മയേപ്പോലെയായി എന്ന് കവിയ്ക്ക് ബോധ്യപ്പെടുന്നത് അതുകൊണ്ടാണ്. മഞ്ജു ഉണ്ണിയുടെ രാമച്ചക്കാറ്റിൽ മേൽപ്പറഞ്ഞ കവിതകളിലേതുപോലെ പുറംലോക ജീവിതം നയിച്ച കീഴാളസ്ത്രീ കർത്വത്തെ അവതരിപ്പിക്കുന്നുണ്ട്. ഇത്തരത്തിൽ പുതുകവിത കീഴാളസ്ത്രീ വിമോചനത്തിന്റെ രാഷ്ട്രീയം പങ്കുവയ്ക്കുന്നു. രേഷ്മ.സി.യുടെ കവിതയിൽ ഭയത്തിന്റെ, അപകർഷതാബോധത്തിന്റെ ഒറ്റപ്പെടലിന്റെ ഭാഷയാണ് പ്രേമത്തിൽ നിന്നവളെ അകറ്റുന്നതെന്നു കാണാം. ഉദാ: 'തിരിച്ചും മറിച്ചും അതുരുവിട്ട് ഞാൻ പേടിയെ നിവർത്തിച്ചു. 'അവയൊക്കെയും തന്റെ അധഃസ്ഥിത സ്വത്വത്തിന്റെ വിലക്കുകളാണ് എന്ന് വരികളിലൂടെ ചിലപ്പോൾ പ്രത്യക്ഷവത്കരിക്കുന്നുണ്ട്. കൊത്തങ്കല്ലാടുന്ന പെൺകുട്ടി മാത്രം നടക്കാത്ത പ്രണയവഴികൾ, വളർന്നപ്പോൾ പല ഘട്ടങ്ങളിലും പ്രേമിക്കപ്പെടാതെ, തോന്നാതെ അവളൊറ്റ, ഒടുവിൽ പ്രേതഗാനങ്ങളേപ്പോലെ പ്രേമമാവേശിച്ചപ്പോൾ അവളത് വേണ്ടെന്നു വയ്ക്കുന്നു. മറ്റൊരു കവിതയിൽ, 'അച്ഛൻ ആകാശത്തെ വരക്കുന്ന ചിത്രങ്ങളിൽ

സൂര്യനുണ്ടായിരുന്നില്ല.
ഞങ്ങൾക്കൊരിക്കലും
നേരം വെളുത്തില്ല.
ഇരുട്ടത്തിരുന്നിരുന്ന്
ഞങ്ങൾക്ക് കണ്ണ് വേണ്ടാതായി.

പൊരുത്തപ്പെടേണ്ട കാണലുകൾ
ഞങ്ങളിൽ ഇല്ലാതായി'
എന്നും അതിന്റെ തുടർച്ചയായി
'പ്രേമത്തിന്റെ വെളിമ്പറമ്പുകളിൽ
വലിച്ചുകെട്ടിയ അയകളിൽ
ഞാൻ നിന്നെ ഉണക്കാനിട്ടു.
ഇനിയൊളിച്ചോടും മുൻപ്
നിറംകെട്ടതെങ്കിലും
ഈ ജീവിതം

ഞാൻ നിന്റെ പേർക്കെഴുതു'മെന്നും ജീവിതത്തിന്റെ കയ്പ് പേറുന്നവളായിക്കൊണ്ടു തന്നെ എഴുതുന്നു.

ശില്പമായില്ലെങ്കിലും ഒരു കോഴിക്കൂടെങ്കിലുമായുള്ള ജീവിതം ഞാനർഹിക്കുന്നുണ്ടെന്നത് രേഷ്മയുടെ കവിതയുടെ ആത്മവിശ്വാസമാണ്.

ധന്യ വേങ്ങച്ചേരിയുടെ കവിതകളിൽ ജീവിതം തന്നെയാണ് ആവിഷ്കാരമാകുന്നത്. മങ്ങണത്തിൽ മഞ്ഞളിട്ടു വെച്ച പപ്പായയുടെ മണത്തിൽ ഉണരുമെന്നു കരുതി മരിച്ച അമ്മയെ വിളിക്കുന്ന മകൻ, കൂറ്റില്ലാതായ അമ്മ എന്നിവയൊക്കെയും ഒരു ഗോത്ര സമൂഹത്തിന്റെ പ്രതിനിധാനങ്ങളായി മാറുന്നു.

'എനിക്കു രാമായണവും അതിലെ രാമനെക്കുറിച്ചും ഒന്നുമറിയില്ല/ എനിക്ക് അറിയാമായിരുന്നത്/ കാടുവെട്ടി പുനം വിതച്ച്/ തോട്ടിലെ മാളത്തിൽ കയ്യിട്ട്/ ഞണ്ടുപിടിച്ച/എട്ടടി ദൂരത്തിൽ നിന്നിട്ടും/നിർത്താതെ കല്ലേറുവാങ്ങിയ/കണ്ടത്തിൽ നിന്നും തവള കരഞ്ഞിട്ടും/ പക്ഷികരഞ്ഞിട്ടും/ മണ്ണട്ട കരഞ്ഞ് മണ്ണിലേക്കു പോയിട്ടും/കരകയറാതെ നാട്ടിനട്ട്/ കാട്ട് പാട്ട് പാടുന്ന എന്റെ കറുത്ത രാമന്മാരെയാണ്' എന്നു പറയുമ്പോൾ അവളവളുടെ സ്വത്വത്തെ സ്ത്രീ എന്നതിൽക്കവിഞ്ഞ് തന്റെ അറിവിന്റെ, അനുഭവലോകത്തിന്റെ ചുറ്റുപാടുകളിലേക്ക് വികസിപ്പിക്കുകയാണ്. അതിനൊപ്പം സവർണ സങ്കല്പങ്ങളെ, അധീശത്വത്തിന്റെ അറിവുകോലുകളെ തിരസ്കരിക്കുക കൂടിയാണ്. ശാന്തി പനയ്ക്കൽ, ലിജിന

കടുമേനി തുടങ്ങി മറ്റൊട്ടേറെ ഗോത്രാഭാഷാ കവികൾ വ്യത്യസ്ത സമൂഹങ്ങളുടെ സ്വത്വങ്ങളെ പുതുകവിതയിൽ ആവിഷ്കരിക്കുന്നുണ്ട്. ഇത്തരത്തിൽ പുതുകവിത സ്ത്രീ അനുഭവമണ്ഡലങ്ങളേയും അപരസ്വത്വങ്ങളേയും ഒരുപോലെ അഭിസംബോധന ചെയ്യുന്നു.

'ഞാൻ ഇതിന്റെ അർത്ഥത്തെയല്ല എഴുതുന്നത്' എന്ന് ഭൗതികാനുഭവ മൂർച്ചയെ പലയിടങ്ങളിൽ കൂർപ്പിച്ചുപയോഗിക്കുന്ന പുതുകവിത മറ്റു ചിലയിടങ്ങളിൽ അതിനെ ഉല്ലംഘിക്കുന്നതും കാണാമെങ്കിലും അനുഭവലോകങ്ങളെ വ്യത്യസ്ത സ്വത്വപരതയുടെ രാഷ്ട്രീയമായി പുതുകവിതയിൽ അടയാളപ്പെടുത്തുന്നുണ്ട് എന്നത് വ്യക്തം. പുതുപെൺകവിത ഭാവുകത്വപരമായ വളർച്ച കൈവരിക്കുന്നത് തങ്ങളുടെ അപരസ്വത്വങ്ങളെ തിരിച്ചറിഞ്ഞ് അവയുടെ കാതലാവിഷ്കരിക്കുന്നതിലൂടെയാണ്.

**ഗ്രന്ഥസൂചി**

1. അനിൽ കുമാർ, ഡി., 2021. ബഹുസ്വരങ്ങൾ. കൊല്ലം : പ്രവദ ബുക്സ്.

2. ലീലാവതി, എം, ഡോ., 2020. ഫെമിനിസം ചരിത്രപരമായ ഒരനേഷണം. തിരുവനന്തപുരം : ഹരിതം ബുക്സ്.

3. വിജയരാജമല്ലിക, 2021. ഞാൻ മറ്റൊരു പെണ്ണല്ല. തിരുവനന്തപുരം : പാപ്പാത്തി പുസ്തകങ്ങൾ.

4. ഷീബാദിവാകരൻ, ഡോ., (എഡി), 2021. പുതുകവിതാവായനകൾ. കോഴിക്കോട് : പവനാത്മാ പബ്ലിക്കേഷൻസ്.

5. Anna carastathis., The Concept of Intersectionality in Feminist Theory Article in Philosophy Compass· May 2014 DOI: 10.1111/phc3.12129 CITATIONS 172

6. Elizabeth Evans and Eleonore Letinard., (Ed.), 2020. Intersectionality in feminist and queer movements. 52 Vanderbilt Avenue Newyork NY 10017:Routledge.

# അനിൽ പനച്ചൂരാൻ കവിതകളിലെ ജീവനാംശങ്ങൾ തേടിയുള്ള യാത്ര

**അഞ്ജന ജോസഫ്**
വിദ്യാർത്ഥിനി, ബി. എ. മലയാളം,
പാവനാത്മാ കോളേജ്, മുരിക്കാശ്ശേരി

കാവ്യകേരളത്തിന് ആഴമേറിയ ആഘാതം ഏല്പിച്ചുകൊണ്ടാണ് 2021 ന്റെ കടന്നുവരവ്. കവിയും ഗാനരചയിതാവുമായ അനിൽ പനച്ചൂരാന്റെ വേർപാട് മലയാളത്തിന് തീരാനഷ്ടമാവുന്നു. ആത്മീയ സ്വഭാവവും ഗാനാത്മകതയും വൈകാരികതയുടെ ഒഴുക്കും നാടൻ ശീലുകളോടുള്ള പ്രണയവുമെല്ലാം തുളുമ്പുന്ന ഒരുപിടി കവിതകളും ഓർമകളിൽ മഴവില്ലിന്റെ മനോഹാരിത നിറയ്ക്കുന്ന ചലച്ചിത്ര ഗാനങ്ങളും മലയാളത്തിന് സമ്മാനിച്ചിട്ടാണ് അദ്ദേഹം യാത്രയായത്. തന്റെ പൂർവ്വകവികളെ സ്വാംശീകരിച്ചുകൊണ്ട് കാവ്യപഥത്തിൽ മുന്നേറിയ കവിയാണ് അനിൽ പനച്ചൂരാൻ. തികച്ചും വ്യത്യസ്തവും അത്ഭുതപൂർവ്വവുമായ ഒരു സ്ഥാനം മലയാള കാവ്യലോകത്ത് നേടാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു എന്നത് കാലം തെളിയിച്ച യാഥാർത്ഥ്യമാണ്.

"അണപൊട്ടിയൊഴുകുമെൻ
ആത്മാവിൻ നൊമ്പര-
മുരുകി കുറുക്കിയ കവിത".

എന്നാണ് തന്റെ ആദ്യകവിതാ ശകലത്തെ അദ്ദേഹം വിശേഷിപ്പിച്ചത്. കവിതാ ലോകത്ത് ഒരു വിപ്ലവാത്മക ചലനം സൃഷ്ടിയ്ക്കാനുള്ള വ്യത്യസ്തതയുടെ നിറപ്പകിട്ട് സ്വയത്തമാക്കിയിരുന്നു പനച്ചൂരാൻ. മൂർച്ചയും ചേർച്ചയുമുള്ള വാക്കുകൾകൊണ്ട് ജനഹൃദയങ്ങളിൽ ഇടം നേടാൻ

കഴിഞ്ഞു എന്നുള്ളതിന്റെ വ്യക്തമായ തെളിവും സാക്ഷ്യവുമാണ് ഓരോ കവിതകളും ചലച്ചിത്ര ഗാനങ്ങളും.

**പനച്ചൂരാൻ കവിതകളുടെ ആവിഷ്കരണ മികവ്**

♦ **ലാളിത്യം**

നോവിന്റെ അനുഗ്രഹമാണ് കവിത എന്നാണ് പനച്ചൂരാൻ കവിതയെ വിശേഷിപ്പിച്ചിട്ടുള്ളത്. ആത്മസംഘർഷത്തിന്റെ ഉപോത്പന്നമാണ് കവിത. സംഘർഷമില്ലാതെ കവിതയില്ല എന്നാണ് പനച്ചൂരാന്റെ കവിതാ സങ്കല്പം. ഓരോ പാട്ടിലും ഒരു കവിതയുണ്ടെന്നും ഓരോ കവിതയ്ക്കുള്ളിലും ഒരു പാട്ടുണ്ടെന്നും അദ്ദേഹം തന്റെ രചനാ വൈഭവത്തിൽ തെളിയിച്ചു.

അനാഥൻ, വലയിൽ വീണ കിളികൾ, പ്രണയകാലം, ഒരു മഴ പെയ്തെങ്കിൽ, കണ്ണീർ കനലുകൾ, അക്ഷേത്രിയുടെ ആത്മഗീതം എന്നിവയാണ് ഇദ്ദേഹത്തിന്റെ പ്രധാന കവിതാ സമാഹാരങ്ങൾ. നാവിന് വഴങ്ങുന്നതും ഹൃദയങ്ങളിൽ ആഴത്തിൽ ഇടം നേടുന്നതുമായിരുന്നു പനച്ചൂരാൻ കവിതകളുടെ സവിശേഷതകൾ.

ആധുനികതയുടെ പ്രബല ഘടകമായ ദു:ഖാത്മകത, അരാജകബോധം, സ്വാതന്ത്ര്യകാംക്ഷ, മരണാഭിമുഖ്യം, നാഗരികതയുടെ നിരാകരണം, ഗ്രാമവിശുദ്ധിയോടുള്ള പ്രണയം ഇവയെല്ലാം പനച്ചൂരാൻ കവിതകളിൽ നിഴലിച്ച് നിന്ന യാഥാർത്ഥ്യങ്ങളാണ്. മലയാളത്തിലെ ഏറ്റവും മികച്ച പ്രണയകവിതകൾ എഴുതിയ കവിയാണ് അനിൽ പനച്ചൂരാൻ. 'വലയിൽ വീണ കിളി'കളിൽ പോലും അത് കാണാൻ സാധിയ്ക്കും. ചില വാക്കുകളും ഈണങ്ങളും മരണമില്ലാതെ ഇന്നും ജനഹൃദയങ്ങളിൽ ജീവിയ്ക്കുന്നു.

"ഒരു കവിതകൂടി ഞാൻ എഴുതി വയ്ക്കാം
എന്റെ കനവിൽ നീ എത്തുമ്പോൾ
ഓമനിയ്ക്കാൻ ...."

അർത്ഥസമ്പുഷ്ടി കൊണ്ടും വാക്ചാതുരി കൊണ്ടും താളാത്മകതയുടെ മികവ് കൊണ്ടും പനച്ചൂരാൻ കവിതകൾ കൃത്യവും വ്യക്തവുമായൊരിടം പുതുതലമുറയിൽ കണ്ടെത്തി. കവിതയെ പുതുതലമുറ വിസ്മ

രിച്ചു എന്നത് വെറും മിഥ്യാ ധാരണ മാത്രമാണെന്ന് ഉറക്കെ വിളിച്ചു പറഞ്ഞുകൊണ്ടായിരുന്നു പനച്ചൂരാൻ കവിതകൾ ക്യാമ്പസ് ചുവരുകളിൽ തട്ടി പ്രതിധ്വനിച്ചത്.

♦ **ഭാവതീവ്രത**

അക്ഷരാർത്ഥത്തിൽ കാവ്യലോകത്തെ ഒരു പ്രതിഭാസമായിരുന്നു അനിൽ പനച്ചൂരാൻ. ആകെ എഴുതിയത് നൂറോളം വരുന്ന കവിതകൾ. അതായത് ലക്ഷണമൊത്ത ഒരു ഖണ്ഡകാവ്യത്തിലും താഴെ. ഒപ്പം ഏതാണ്ട് നൂറ്റമ്പതോളം വരുന്ന ചലച്ചിത്രഗാനങ്ങളും നാടകഗാനങ്ങളും മാത്രം. അദ്ദേഹത്തിന്റെ സാഹിത്യരചനകൾ ആകെ അത്രത്തോളമേ വരൂ... പേജിന്റെ എണ്ണം കണക്കാക്കിയാൽ മുന്നൂറു പേജിൽ താഴെയൊതുങ്ങുന്ന സാഹിത്യമാണ് അദ്ദേഹം കൈരളിയ്ക്കായ് കാഴ്ച വച്ചത്. എങ്കിലും മലയാളമുള്ളിടത്തോളം ഓർമ്മിയ്ക്കപ്പെടാൻ തക്കവണ്ണം ''സമത്വമെന്നൊരാശയം മരിയ്ക്കയില്ല ഭൂമിയിൽ'' എന്ന് തുടങ്ങിയ ചില വരികൾ അദ്ദേഹം കാലത്തിന്റെ ചുവരിൽ കുറിച്ചിട്ടുവെന്നതാണ് വാസ്തവം. കീർത്തിയും സ്വാധീനവും നോക്കിയാൽ ചങ്ങമ്പുഴയും രാമപുരത്ത് വാര്യരും പോലുള്ള അസാമാന്യ പ്രതിഭകൾക്ക് മാത്രം ലഭിച്ച സൗഭാഗ്യം ക്ഷണിക ജീവിതത്തിനിടയിൽ സ്വായത്തമാക്കിയാണ് അദ്ദേഹം അനശ്വരത പുല്കിയത്.

കവിതാലോകത്തെ അംഗീകാര കുറവോ കവിതയോടുള്ള വിരസതയോ അല്ല പനച്ചൂരാനെ ഗാനരചയിതാവാക്കിയത്. യാദൃശ്ചികമെന്ന് തോന്നുമെങ്കിലും അത്തരമൊരു ചുവടുമാറ്റത്തിന് താൻ പ്രേരിപ്പിയ്ക്കപ്പെടുകയായിരുന്നു എന്ന് അദ്ദേഹം തന്നെ വ്യക്തമാക്കുന്നുണ്ട്. പാട്ടിന് ഒരാളെ ഉണർത്താനും ഉയർത്താനും കഴിയും. അറിഞ്ഞും അറിയാതെയും ജനഹൃദയങ്ങൾ ഏറ്റുപാടിയ പല ഈണങ്ങളും പനച്ചൂരാന്റെ കാവ്യസങ്കല്പത്തിന്റെ ബഹിർസ്ഫുരണങ്ങളായിരുന്നു. എഴുതിയവയൊന്നും വെറും വാക്കുകളായിരുന്നില്ല. മരവിച്ച ഹൃദയങ്ങളിൽ മരപ്പെയ്ത്തായ് മാറിയ, ആത്മാവിനെ തൊട്ടുണർത്തുന്ന ജീവസ്പന്ദനങ്ങളായിരുന്നു.

ചോരവീണ മണ്ണിൽ നിന്ന്....., തിരികെ ഞാൻ വരുമെന്ന...., അരിക

ത്തായാരോ പാടുന്നുണ്ടോ...., ചെമ്പരത്തി കമ്മലിട്ട്..... തുടങ്ങിയ ഹൃദയം തപിയ്ക്കുന്ന വരികൾ നഷ്ടങ്ങളിൽ മരുപ്പച്ചയെന്നവണ്ണം ജനഹൃദയങ്ങൾ നെഞ്ചിലേറ്റിയ അനശ്വരനിധികളാണ്. വ്യത്യസ്തനാമൊരു...., എന്റെടുക്കെ വന്നടുക്കും...., ജിമിക്കി കമ്മൽ..., ഒത്തൊരുമിച്ചൊരു ഗാനം... തുടങ്ങിയ ഹാസ്യം തുളുമ്പുന്ന വരികളും പനച്ചൂരാൻ കവിതകളുടെ അഭ്രപാളികളിൽ കാലം തെളിയിച്ച വിസ്മയങ്ങളാണ്.

മകൾക്ക്, അറബിക്കഥ, നസ്രാണി, കഥ പറയുമ്പോൾ, ഭ്രമരം, മാണിക്യകല്ല് തുടങ്ങി പുതുതലമുറയ്ക്ക് പരിചിതമായ 150 ൽ പരം ചലച്ചിത്രങ്ങൾക്ക് ജീവൻ പകർന്നത് പനച്ചൂരാന്റെ തൂലികയിൽ നിന്നടർന്നുവീണ കാവ്യശകലങ്ങൾ തന്നെയായിരുന്നു.

കവിതകൾകൊണ്ട് കോട്ടകളും പൂമരങ്ങളും കുലുക്കിയ കവി എന്ന വിശേഷണം പനച്ചൂരാന് സ്വന്തമാണ്. ചലച്ചിത്രഗാന രംഗത്തേയ്ക്കുള്ള ആദ്യ ചുവട്വയ്പ് തന്നെ ഒരു പൂമരത്തിന്റെ ശോഭയോടെ ആയിരുന്നു. അന്നും ഇന്നും ജനഹൃദയങ്ങൾ ഏറ്റുപാടിയ ആ ഗാനം യുവത്വത്തിന്റെ താളമായി മാറി.

“ചോരവീണ മണ്ണിൽ നിന്നുയർ-
ന്നുവന്ന പൂമരം
ചേതനയിൽ നൂറു നൂറു
പൂക്കളായ് പൊലിയ്ക്കവേ...”

കവിതയുടെ ഹൃദയം തൊട്ടറിഞ്ഞ കവിയാണ് പനച്ചൂരാൻ. ചിന്തകൊണ്ടു സമകാലിക സംഭവങ്ങൾകൊണ്ടും ഭാഷാ സാഹിത്യംകൊണ്ടും സഹൃദയ ഹൃദയം കവർന്ന വിപ്ലവ കവിയായിരുന്നു അദ്ദേഹം. കവിത്വമുള്ള മനസിൽ തോന്നിയതെല്ലാം വരികളായി മലയാളി മനസിലേയ്ക്ക് അദ്ദേഹം കോറിയിട്ടു. ആലങ്കാരിക ഭംഗികൊണ്ടും ലാളിത്യംകൊണ്ടും ഭാവതീവ്രതകൊണ്ടും അദ്ദേഹത്തിന്റെ കവിതകളെല്ലാം വ്യത്യസ്തമായി. കാലം സ്മരിയ്ക്കുന്ന സഖാവിന്റെ ഭാര്യ മനോനില തെറ്റി അലയുന്നത് കണ്ടപ്പോൾ പനച്ചൂരാൻ ഒരു വരി പാടി;

“ഓർക്കുവിൻ സഖാക്കളെ നമ്മൾ വന്ന

വീഥിയിൽ ആയിരങ്ങൾ

ചോരയാലെഴുതി വച്ച വാക്കുകൾ...''

വേദികളിൽ നിന്നും വേദികളിലേയ്ക്ക് ഈ വരികൾ ഒഴുകി നീങ്ങി. മന:സാക്ഷിയുള്ളവരുടെ കണ്ണും മനസ്സും നീറി. സഖാക്കൾ കമ്യൂണിസ്റ്റ് വിരോധം പറഞ്ഞു പരത്തിയപ്പോൾ ചിലരുടെയൊക്കെ കണ്ണിലെ കരടായി ഈ വരികൾ മാറി. ഒരു കാലത്ത് കേരളത്തിലെ ക്യാമ്പസുകളിൽ പനച്ചൂരാൻ കവിതകൾ ചാമരമായി വീശി. അന്നത്തെ ഫ്രീക്കന്മാരുടെ ചുണ്ടുകളിൽ തത്തികളിച്ച വരികൾ ഈ കവിയുടേതാണ്.

''തിരികെ ഞാൻ വരുമെന്ന

വാർത്ത കേൾക്കാനായി

ഗ്രാമം കൊതിയ്ക്കാറുണ്ടെന്നും...''

എന്ന ഗാനം സംഗീതത്തെ സ്നേഹിയ്ക്കുന്ന ഓരോരുത്തരുടേയും ഹൃദയതാളമായി മാറി. ജീവിതാനുഭവങ്ങളുടെ വേലിയേറ്റമാണ് ഭാവതീവ്രതയോടെ ഗാനങ്ങളെഴുതാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. തനിയ്ക്ക് മുമ്പേ നടന്നുനീങ്ങിയ കവി ഹൃദയങ്ങളുടെ ആദർശങ്ങൾ ഉൾകൊണ്ട് വാക്കുകൾകൊണ്ട് വിസ്മയം തീർക്കാനുള്ള ഒരു യാത്രയായിരുന്നു അദ്ദേഹത്തിന്റെ കാവ്യജീവിതം. 'മകൾക്ക്' എന്ന സിനിമയിൽ ആദ്യമായി പനച്ചൂരാന്റെ 'അനാഥൻ' എന്ന കവിത സംവിധായകൻ ജയരാജ് ബാലചന്ദ്രൻ ചുള്ളിക്കാടിനെ കൊണ്ട് പാടിപ്പിച്ചു.

മറ്റൊരു കവിതകൾക്കുമില്ലാത്ത ശാലീന സൗന്ദര്യം പനച്ചൂരാന്റെ കവിതകൾക്ക് ഉണ്ടായിരുന്നതുകൊണ്ടാവാം അധികം വ്യതിയാനങ്ങൾക്ക് വിധേയമാകാതെ അവയെല്ലാം ചലച്ചിത്ര ലോകത്തേയ്ക്ക് ചേക്കേറികൊണ്ടിരുന്നു. തുടർന്ന് ലാൽജോസ് 'അറബിക്കഥ'യിൽ അനിലിന്റെ പാട്ടുകൾ ഉപയോഗിച്ചു. കാവ്യലോകത്ത് പിച്ചവച്ച് തുടങ്ങിയ ജീവിതം ഗാനരചയിതാവായി മാറിയ നാളുകളെ സ്മരിച്ച് അദ്ദേഹം പറഞ്ഞു.

വാക്കുകളുടെ ഓർമ്മപ്പെടുത്തലാണ് പാട്ട്

നോവിന്റെ അനുഗ്രഹമാണ് കവിത.

കവിതകൾ ജീവാംശമായി അലിഞ്ഞു ചേർന്നപ്പോൾ പാട്ടുകൾ ഹൃദ

യങ്ങളിൽ ജീവൻ പകർന്നുകൊണ്ടിരുന്നു. വോൾട്ടയറിനേയും തോപ്പിൽ ഭാസിയേയും അനുസ്മരിച്ച് അദ്ദേഹം എഴുതിയ ''യവനിക ഉയരുന്നിവിടെ'' എന്ന നാടകഗാനം പോലും കാലക്രമേണ ചലച്ചിത്രഗാന രംഗത്തേയ്ക്ക് വഴിമാറി.

വായിക്കുന്ന രചനകൾ സ്വായത്തമാക്കിയ ഹൃദയത്തിന് മാത്രം സ്വന്തമാണ്. എന്നാൽ ഈണം പകർന്ന വാക്കുകളെല്ലാം കാലദേശാന്തര ങ്ങൾക്കതീതമായി എന്നും ജീവിയ്ക്കും. അറിവോ പ്രാഗത്ഭ്യമോ മാത്രമല്ല ഒരാളെ കവിയാക്കുന്നത്, ഹൃദയങ്ങളെ തിരിച്ചറിയാനുള്ള കഴിവും നൊമ്പ രങ്ങളെ വിമലീകരിയ്ക്കാനുള്ള ആഗ്രഹവുമാണ്. പനച്ചൂരാൻ കവിതകൾ ഇത്രമേൽ ജനങ്ങൾ ഏറ്റെടുക്കാനുള്ള കാരണവും ഇതുതന്നെ. ആത്മനൊ മ്പരത്തിന്റെ ആവിഷ്കാരമായി മറ്റൊരു വരികൾ കൂടി ഓർമ്മപ്പെടുത്തി.

''തിര പുല്കും നാടെന്നെ
തിരികെ വിളിയ്ക്കുന്നു
ഇളനീരിൻ മധുരകിനാവായ്....''

## REFERENCE

https://www.thehindu.com
https://msdb.com
https://www.mathrubhumi.com
https://www.onmanorama.com
https://www.republicworld.com

# കറുപ്പിന്റെ സൗന്ദര്യദർശനം എം.ബി. മനോജിന്റെ കവിതകളിൽ

**ഡോ.സോണിയ ജോസ്**

അസി.പ്രൊഫസർ, പാവനാത്മാകോളേജ്, മുരിക്കാശ്ശേരി

കവിതയെ സംബന്ധിച്ച പൊതുബോധത്തിന് കാതലായ മാറ്റം സംഭവിച്ച കാലഘട്ടമാണിത്. രൂപപരമായും ഘടനാപരമായും പ്രമേയപരമായും മാറ്റങ്ങളിലൂടെ കടന്നുപോകുന്നു. സാംസ്കാരികാധിനിവേശത്തിന്റെ പ്രതിഫലനമായിക്കൂടി പുതുകവിത മാറി, നാശോന്മുഖമാകുന്ന പ്രകൃതി, വംശങ്ങൾ, വിശ്വാസം, അറിവുകൾ, പ്രാദേശികത എന്നിവയെല്ലാം തിരിച്ചുപിടിക്കുക എന്ന ലക്ഷ്യംകൂടി അവ ബോധപൂർവ്വം സൃഷ്ടിക്കുന്നു. ചുറ്റുമുള്ള ലോകത്തോട് കവികൾ ക്രിയാത്മകമായി സംവദിക്കുന്നു. ഈ ഘട്ടത്തിൽ സമകാലീന മലയാള കവിതയിൽ ദലിത് കവിതകൾ എപ്രകാരമാണ് അടയാളപ്പെടുത്തുന്നതെന്ന അന്വേഷണം അനിവാര്യമാണ്.

നവോത്ഥാന പ്രവർത്തനങ്ങൾ രൂപപ്പെടുത്തിയ പൊതുബോധത്തിന്റെ സാംസ്കാരിക ഭൂമികയിലാണ് കേരളത്തിന്റെ കീഴാളജീവിതം ചർച്ചചെയ്യപ്പെട്ടു തുടങ്ങിയത്. മലയാള കവിത ആധുനികാനന്തര പരിസരത്തിലെത്തുമ്പോഴും ഈ ആഖ്യാന സ്വരൂപത്തിന്റെ പ്രാധാന്യം ചെറുതായിരുന്നില്ല. എസ്.ജോസഫ്, എം.ബി. മനോജ്, എം.ആർ രേണുകുമാർ തുടങ്ങിയ പുതുതലമുറ കവികളിലൂടെ കേരളത്തിന്റെ ദലിത് ജീവിതാവിഷ്ക്കരണം ശക്തമായി മുന്നേറി. ആഹ്വാനങ്ങളിൽനിന്നും നിലവിളികളിൽനിന്നും പ്രതിഷേധങ്ങളിൽനിന്നും

പിന്മാറിയ പുതുദലിത് കവിത തനതായ ആശയലോകവും ആഖ്യാന സന്ദർഭവും കണ്ടെത്തി. ചരിത്രം ആരുടെയൊക്കെയൊ അജണ്ടയാണെന്ന തിരിച്ചറിവും കവിതയുടെ ശബ്ദമായ മാറ്റത്തിന് വഴിയൊരുക്കി. ദലിത് കവിതയേയും ദലിതനേയും സംബന്ധിച്ച പുതിയ ബോധ്യങ്ങളിൽ കവികൾ എത്തിച്ചേർന്ന സന്ദർഭം കൂടിയാണിത്. ഇവിടെ നിന്നുകൊണ്ടാണ് ,

എഴുതപ്പെട്ട ചരിത്രത്തിനകത്തായിരുന്നു ഞങ്ങൾ

എഴുതപ്പെടാത്ത ചരിത്രമെഴുതാനായി തീരുമാനമെടുത്തു

എന്ന് എം.ബി. മനോജ് രേഖപ്പെടുത്തിയത്.

എഴുതപ്പെടാത്ത ചരിത്രത്തിനകത്ത് അടയാളപ്പെടുത്താതെപോയ ദലിത് ജീവിതത്തെ അടയാളപ്പെടുത്താനുള്ള ശ്രമങ്ങളാണ് എം.ബി. മനോജിന്റെ കവിതകളോരോന്നും.

ഒരു പുൽച്ചാടിയെ കീറിമുറിക്കുംപോലെ
ഈച്ചകളെ നിരീക്ഷിക്കാൻ ശ്രമിക്കുന്നതുപോലെ
ലളിതമല്ല ഞങ്ങളുടെ ജീവിതത്തിന്റെ സിലബസ്

- പാഠപൂർവ്വം

എന്നും അദ്ദേഹം വ്യക്തമാക്കുന്നു. ദലിതന്റെ സാമൂഹിക ഇടങ്ങളിൽ നിന്നും മുഖം തിരിച്ചവരുടെ മുന്നിലേക്ക് ആ ലോകം മനോജ് തുറന്നിടുന്നു. അവ ആത്മപ്രകാശനത്തിന്റെയും സ്വത്വ വിളംബരത്തിന്റേതുമാണ്.

തലനിറയെ എണ്ണതേച്ച്
സ്റ്റൈപന്റ് വാങ്ങാനെത്തുന്ന തന്തമാരെ
സ്ലൈഡുകൾ കുത്തിപ്പിന്നി
നീണ്ട ക്യൂവിലേക്ക് നീങ്ങുന്ന തള്ളമാരെ
വിരലൊപ്പിടുവിച്ച്
കാശുനീട്ടിക്കൊണ്ട്
യൂണിഫോമുണ്ടോടാ
ബുക്കുണ്ടോടീ
പൊത്തകം മേടിച്ചോടാ

വർഷാവർഷം കേട്ടുകേട്ട്
ചായയും പൊറോട്ടയും മേടിച്ചു തരുന്നത്
- മറക്കുന്നില്ലാ സെന്റ് തോമസ് ഹൈസ്കൂളിനെ.

തീഷ്ണവും മൗലികവും വ്യതിരിക്തവുമായ ചിലത് ഇനിയും അടയാളപ്പെടുത്താനുണ്ടെന്ന് ഇത്തരം കവിതകൾ വ്യക്തമാക്കുന്നു. നാളിതുവരെ സമൂഹത്തിനുമുന്നിൽ പ്രത്യക്ഷപ്പെടാതിരുന്ന ജനതയുടെ അനുഭവങ്ങളെ ഒരു കർത്തൃസ്ഥാനത്തുനിന്ന് അടയാളപ്പെടുത്തുകയാണദ്ദേഹം. അനുഭവങ്ങളിവിടെ പകർത്തുകയല്ല, പകരം വെയ്ക്കുകയാണ്.

ഇന്നുവരെ ക്രമപ്പെടുത്തിയ ചിട്ടവട്ടങ്ങളെ അവ മറികടക്കുന്നു. ദലിത് വിഭാഗത്തോടുള്ള പൊതുസമൂഹത്തിന്റെ മനോഭാവം എത്രമാത്രം വികലവും വിചിത്രവുമാണെന്ന് അവ കാണിച്ചുതരുന്നു. അവരുടെ ജീവിതത്തിന്റെ സൂക്ഷ്മതയിലേക്ക് കവി ഇറങ്ങുന്നു.

കറുത്ത ഉയരം കുറഞ്ഞ ഒരാളാണ്
ഒച്ചവെച്ചതെന്ന് എസ്സേയും
പണിക്കാരനെപ്പോലെയാണ്

അഞ്ച് ചണ്ഡാളന്റെ തൂക്കം
ജീവനുള്ള ഒരു ഗോവിന്
ഇരുപത്തഞ്ച് കോടി ചണ്ഡാളന്മാരുടെ തൂക്കം

ദളിതന് സമൂഹം നൽകുന്ന വിലയും അവന്റെ അവസ്ഥയുമാണ് ഇവിടെ പങ്കുവെയ്ക്കപ്പെടുന്നത്. അദ്ദേഹത്തിന്റെ 'ചാവ്' എന്ന കവിതയും ഇതുതന്നെയാണ് സാക്ഷ്യപ്പെടുത്തുന്നത്.

കരിന്തുണിയാൽ മൂടിയ നമ്മളെ
ഇനി കളിയാക്കുന്നതാര്
ജാതിക്കുശുമ്പ് കാട്ടാൻ.

വരേണ്യ പ്രത്യയശാസ്ത്രം കീഴാളന്റെ കൂട്ടായ്മയെ എപ്രകാരം പ്രതിരോധിക്കുന്നു എന്നതും ദലിത് വായനയുടെ പ്രമേയങ്ങളിലൊന്നാണ്. ചാതുർവർണ്യത്തിന്റെ തുടർച്ചയായ ജാതിവ്യവസ്ഥ ദലിതന്റെ കൂട്ടായ്മയെ ഇല്ലാതാക്കി. ഇതിനുവേണ്ടി ജനാധിപത്യ സാമൂഹിക വ്യവസ്ഥിതിയിൽ വരേണ്യപ്രത്യയശാസ്ത്രം സ്വീകരിച്ചുവെന്ന് എം.ബി. മനോജ് 'നസ്യം' എന്ന കവിതയിൽ വ്യക്തമാക്കുന്നു. കീഴാള

സ്വത്വരൂപീകരണത്തെ

ഒരാൾ വരുന്നതെന്ന്

സഹപാഠിയും

ഉടുപ്പും ഉടുമുണ്ടും ചെരിപ്പും

മാറിമാറി പരീക്ഷിച്ച്

ക്യൂ പാലിക്കുന്നുണ്ട്

- യൂണിവേഴ്സിറ്റി ഒരു പാഠം.

ഇവിടെ അഭ്യസ്തവിദ്യനായ ദലിതൻ വിജ്ഞാനകേന്ദ്രത്തിൽ അനുഭവിക്കുന്നതിന്റെ നേർചിത്രണമാണ് കവി ചൂണ്ടിക്കാണിച്ചത്. അഭ്യസ്തവിദ്യനായ ദലിതൻ കറുത്ത് ഉയരം കുറഞ്ഞവനായും പണിക്കാരനായും തിരിച്ചറിയപ്പെടുന്നത് അധീശബോധത്തിന്റെ കാഴ്ചയാണ്. 'അനോണിമസ്' എന്ന കവിതയിലും ദലിത് ശരീരം നീളം വയ്ക്കാത്ത കഴുത്തും മിനുസമില്ലാത്ത കൈകളുമായി പ്രത്യക്ഷപ്പെടുന്നു.

'സർവേ ഓഫ് ഇന്ത്യ' എന്ന കവിതയിൽ ദലിതന്റെ സാഹചര്യം എപ്രകാരമാണെന്ന് കവി അന്വേഷിക്കുന്നു.

ഒരു ഗോവിനോ

ഒരു ചണ്ഡാളനോ കൂടുതൽ തൂക്കം?

പേടിക്കേണ്ട

ഒരു ചത്ത ഗോവിന്

ജീവനുള്ള

പ്രതിരോധിക്കുന്ന ശക്തികളെ നേരിടലും പുതു ദലിത് കവിതയുടെ ലക്ഷ്യമാണെന്നിത് വ്യക്തമാക്കുന്നു.

ഞങ്ങളും ഞങ്ങളെന്നു പറഞ്ഞുതുടങ്ങിയപ്പോൾ
നിങ്ങൾ നമ്മളെന്നു തുടങ്ങി
ഞങ്ങൾ നമ്മളെന്നു തിരുത്തി
മുഴുവൻ മനുഷ്യരുമെന്ന് നിങ്ങൾ

ദലിത് സ്വത്വത്തെ സൂക്ഷ്മതലത്തിൽ അവതരിപ്പിക്കുക എന്നതിലുപരി അനുഭവത്തിന്റെ സാമാന്യവത്കരണമായിരുന്നു ആധുനികഘട്ടംവരെയുള്ള ദലിത് കവിതയിൽ കാണാനാവുന്നത്. ദലിത് സ്വത്വത്തെ സൂക്ഷ്മതലത്തിൽ അവതരിപ്പിക്കുന്നതിൽ അവ പരാജയപ്പെട്ടിരുന്നു. എന്നാൽ ആധുനികാനന്തരകവിത കാലത്തെയും സ്ഥലത്തെയും ചുരുക്കി വ്യക്തിയിൽ കേന്ദ്രീകരിച്ചു. വ്യക്തികേന്ദ്രീകൃതമായ അനുഭവത്തിലൂടെ സമകാലീന കവിത പൊതുജീവിതത്തെ അവതരിപ്പിക്കുന്നു.

ഒരു പന്നിയും ഞാനും തമ്മിലുള്ള വ്യത്യാസം
ഉടുപ്പിടുന്നു എന്നത് മാത്രമാണ്
ഒരു പന്നിയും ഞാനും തമ്മിലുള്ള വ്യത്യാസം
ചെരുപ്പിടുന്നു എന്നുള്ളത് മാത്രമാണ്

\- പന്നിപ്പാട്ട്

എന്ന് കവി പറഞ്ഞുവെയ്ക്കുന്നു. ആധുനിക കാലത്ത് പരന്നൊഴുകിപ്പോയ ദലിത് സ്വത്വത്തെ പിടിച്ചുനിർത്താനും പുതിയ കർതൃത്വത്തിൽ അവതരിപ്പിക്കാനും എം.ബി. മനോജിന് കഴിഞ്ഞു. മറ്റുള്ളവർക്ക് അവകാശപ്പെട്ടതെല്ലാം ദലിതന് നിഷേധിക്കപ്പെടുന്ന സമൂഹഘടനയെ അദ്ദേഹം ചോദ്യം ചെയ്യുന്നു. വ്യക്തി അനുഭവത്തിലൂടെ പൊതുബോധത്തിലേക്ക് കടക്കുന്ന ഈ രീതി മനോജിന്റെ കവിതയുടെ സാമാന്യ സ്വഭാവമാണ്.

ചരിത്രത്തിൽ അദൃശ്യരായ മനുഷ്യരും അവരുടെ ഭാഷയും മനോജിന്റെ കവിതയിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ഭാഷയുടെ ഔപചാരികതയ്ക്കപ്പുറം കവിത അതിന്റെ രാഷ്ട്രീയ സ്വഭാവം വ്യക്തമാക്കുന്നു. തന്റെ ജീവിത പരിസരത്തിൽ നിന്നും ചരിത്രത്തിൽനിന്നും

അദ്ദേഹം കാവ്യബിംബങ്ങൾ കണ്ടെത്തുന്നു. 'ബാർബർ ഷോപ്പ് സംഭാഷണം' എന്ന കവിത ഇതുനുദാഹരണമാണ്.

002 എടുത്തത് പത്തെണ്ണവാ ഇരിക്കുന്നെ അടിച്ചില്ല
523 എടുത്തോ ഇന്നടിക്കൂന്നൊറപ്പാ
975 ന് നാല്പതിനായിരമടിച്ചു
നാലുരൂപപ്പലിശക്ക് കൊടുത്തൂ
കയ്യിവെച്ചാ ഇരിക്കുകേല
എടുക്കുമ്പോ
മുമ്പിനിക്കുന്നതാരാണെന്ന് മൊകത്ത്
നോക്കണം
ഡിജിറ്റിലേതാ വലിക്കുന്നേന്ന്
അറിയാണ്ട് ചെക്ക് ചെയ്യണം
മൂന്നെണ്ണത്തിക്കൂടരുത്
കട്ടലോട്ടറീം സെയിമും ഊമ്പീരാ
മൊത്തം പോയതോ
ഓ ഒര് വീടിനൊള്ളത് കാണും
ഓ കോപ്പാ

കവിതയുടെ ഭാഷതന്നെയാണ് ശ്രദ്ധേയം. എഴുത്തിന്റെ ഭാഷാഭൂപടം തന്റെ മാറ്റപ്പെട്ട ഭാഷാപ്രയോഗംകൊണ്ട് വിപുലീകരിച്ച് തന്റേതായ ഭാഷ കവി സൃഷ്ടിച്ചിരിക്കുന്നു. തന്റെ ഓർമ്മകളിൽ നിന്നും ഭാഷയുടെ മാനകമായ ഉച്ചാരണ വ്യവസ്ഥ തെറ്റിച്ചും സമകാലീന കവിതയുടെ ശബ്ദഘടനയെത്തന്നെ അദ്ദേഹം പൊളിച്ചെഴുതി. കവിതയിൽ, മുൻപ് പ്രവേശനമില്ലായിരുന്ന പല വാക്കുകളും കടന്നുവന്നു. മുഖ്യധാരാ ഭാഷാപ്രയോഗം തങ്ങളുടെ ജീവിതത്തെ ആവിഷ്ക്കരിക്കാൻ കഴിവുള്ളവയല്ല എന്ന തിരിച്ചറിവാണിതിനുപിന്നിൽ. സാഹിത്യഭാഷയെന്ന നിയത സങ്കല്പത്തിന് ഇവിടെ പരിക്കേൽക്കപ്പെടുന്നു. മലയാള കാവ്യലോകത്ത് ഇന്നുവരെ കടന്നുവരാത്ത നിരവധി പദങ്ങൾ മനോജ്

തന്റെ കാവ്യലോകത്ത് ചേർത്തുവെച്ചു. അതിനാലാണ് 'പ്രാദേശിക ശൈലിയുടെ ചൂരും ചൊടിയുമുള്ള കവിത എന്ന് സച്ചിദാനന്ദൻ എം.ബി. മനോജിന്റെ കവിതകളെ വിശേഷിപ്പിച്ചത്.

ആധുനികാനന്തര മലയാള കവിതയുടെ പൊതു സവിശേഷതയാണ് കവിതയുടെ രൂപത്തിൽ വന്ന ചുരുക്കം. ദേശീയമോ സാമൂഹികമോ ആയ ആശയങ്ങളെ അവ ഉപേക്ഷിച്ചു. പകരം കവിത, കവിയിലും കവിയുടെ ജീവിത പരിസരത്തും ഒതുങ്ങി. ഈ സ്വഭാവം എം.ബി. മനോജിന്റെ കവിതയിലും സജീവമാണ്. ദലിത് സമൂഹത്തിന്റെ പൊതുവായ പ്രശ്നങ്ങളിൽ നിന്നും കവിത ഒരാളിലേക്കൊതുങ്ങിയിരിക്കുന്നു. ചെറുതുകളുടെ രാഷ്ട്രീയമാണ് ഇത്തരം കവിതകളുടെ മൂലം. ഇവിടെ കടമ്മനിട്ട തുടങ്ങിയവരിൽ നിന്നും പുതുകവിത സൃഷ്ടിച്ച ദൂരം ചെറുതല്ലെന്നതും ശ്രദ്ധേയമാണ്. നാടും വീടും പരിസരവും അവ കൃത്യമായി അടയാളപ്പെടുത്തുന്നു. ആഖ്യാതാവിന്റെ കർത്തൃത്വത്തെ സ്ഥാപിക്കാനും കവികൾ മടിക്കുന്നില്ല. ഇത്തരത്തിൽ ആത്മവത്തയ്ക്ക് നൽകിയ സ്ഥാനം ദലിത് കവിതയ്ക്ക് ഗുണകരമായി എന്ന കാര്യത്തിലും സംശയമില്ല.

> രഹസ്യക്കാരെ പിടിക്കാൻ
> ചുറ്റും നടന്ന ഒരാമ്പ്രന്നോനെ
> ഇരുട്ട് വട്ടം കറക്കുന്നു
> കാറ്റ് പ്ലാവില പറത്തിച്ചു
> അത് അവള് ചാക്കുവിരിച്ചിടം
> കന്നാലി കാപ്പിയെലേൽ നടന്നു
> ഇത് പായ ചുരുട്ടിയ സ്ഥലം
> കാല് താന്ന പാട്
> നെത് അവൾടെ അടിപ്പാവാടകണ്ട ഇത്തറ്റം
> അയാൾ തെളിവുകൾ
> വാരിക്കത്തിക്കുന്നു
>
> – അടക്കം, ഒതുക്കം, സൗമ്യം

'അമ്മമാർ' എന്ന കവിതയിൽ ഈ സ്വകാര്യത അല്പംകൂടി സൂക്ഷ്മമാകുന്നുണ്ട്.

ഒരമ്മ ചീത്തയാണെന്നാരേലും പറഞ്ഞാൽ
തന്തയാണേലും സ്വന്തം ഉടൽ ഉയർത്തിപ്പിടിച്ച്
തല്ലാൻ ചെല്ലേണ്ടിവരും

മണ്ണിനോടും മരങ്ങളോടും പക്ഷിമൃഗാദികളോടുമൊപ്പം നിന്നുകൊണ്ട് ശക്തമാക്കിയ ഒരു പ്രകൃതി/ജീവിത വീക്ഷണവും സമകാലീന ദലിത് കവിതകളിൽ കാണാനാവും. ഇത്തരത്തിൽ ദലിതന് പ്രകൃതിയോടുള്ള ബന്ധവും എം.ബി. മനോജിന്റെ കവിതകളിൽ വ്യക്തമാണ്.

ഉറവകൾ കണ്ണീരാണ്
ഉറച്ച പാറകളോരോന്നും
വളരുന്ന കറുത്ത മനുഷ്യരാണ്.

- പാറകൾ

'കിണർ' എന്ന കവിതയിൽ തിരസ്കൃതമായ ഒരു പ്രകൃതി ദൃശ്യത്തിന്റെ വീണ്ടെടുപ്പാണ് നടത്തുന്നത്. കിണറ്റിൽ കവി കാണുന്നത് പുഴുക്കുത്തുവീണ ചന്ദ്രനെയാണ്. കിണറ്റിലെ സൂര്യൻ മഞ്ഞളിച്ചിട്ടുമാണ്. കിണർ ഇനിയും കാണേണ്ട ഒരു കണ്ണാടിയാണെന്ന് ആസ്വാദകനറിയുന്നു. പ്രകൃതിയുമായുള്ള വ്യത്യസ്ത സംവേദനത്തിന്റെ ഭാഗമായാണ് കവി പൂവിനെ വെടിഞ്ഞ് ഇലകളെ പിടിച്ചുയർത്തി അവയ്ക്ക് അർഥം നൽകുന്നത്.

ഇലകൾ പ്രണയത്തിന്റെ അടയാളങ്ങളാണ്
പച്ചക്കൊടി വീശാൻ മാത്രം പഠിച്ചവർ
നീർച്ചാട്ടം നോക്കിനിന്നവർ

- കിന്നാരം.

പ്രണയത്തിന്റെ സ്വാഭാവിക ചിഹ്നമായി അടയാളപ്പെടുത്തപ്പെട്ട പൂക്കൾക്കു പകരം കവിതയിൽ പ്രണയമായി ഇലകളെ അടയാളപ്പെടുത്തിയതിലൂടെ കവി ലക്ഷ്യം വയ്ക്കുന്നത് തനതായ ഒരു സ്വത്വ നിർമ്മിതിയാണെന്ന കാര്യത്തിൽ സംശയമില്ല. കൂടാതെ പാരമ്പര്യനിരാസത്തിന്റെ

അടിയൊഴുക്കുകൾകൂടി ഈ പ്രണയചിഹ്നവ്യതിയാനത്തിൽ അന്തർലീനമാണ്.

ചരിത്രത്തെ സ്വയം നിർമ്മിക്കുകയും അടയാളപ്പെടുത്തുകയും ചെയ്യുന്നത് പ്രതിരോധമാണെന്ന തിരിച്ചറിവാണ് എം.ബി. മനോജിന്റെ കവിതകൾ അടയാളപ്പെടുത്തുന്നത്. കൗതുകകരമോ കാല്പനികമോ പരിഹാസ്യമോ ആയി രേഖപ്പെടുത്തപ്പെട്ട ജീവിതങ്ങൾക്ക് മാന്യത നൽകുവാനും അതുവഴി സാഹിതീയ പിളർപ്പുകൾ സൃഷ്ടിക്കാനുള്ള വ്യക്തമായ ശ്രമങ്ങളും മനോജിന്റെ എഴുത്തിൽ കാണാനാവും.

## സഹായകഗ്രന്ഥങ്ങൾ

1. ഉത്തരാധുനിക കവിതാപഠനങ്ങൾ, ഡോ.എം.എസ്.പോൾ, റെയിൻബോ പബ്ലിഷേഴ്സ്, ജൂൺ 2010.

2. കൂട്ടാന്തതയുടെ എഴുപത് വർഷങ്ങൾ, എം.ബി. മനോജ്, ഡി.സി. ബുക്സ്, കോട്ടയം, 2004.

3. http://bahuswarangal.blogspot.com

4. http://ebooks.dcbooks.com

5. http://www.puzha.com

6. http://www.whitecrowartdaily.com